# ജീവിതം സഭയോടൊത്ത്

റവ. ഡോ. തോമസ് പാടിയത്ത്
*എഡിറ്റർ*

# JEEVITHAM SABHAYODOTH

*(Features)*

---

**Editor**

**Rev. Dr. Thomas Padiyath**

Copyright

©Editor

**Typesetting:**

Wigi Printers, Manganam

**Cover Design**

fdgfdgfgfgfgfg

**Published by**

Theology Forum

Archeparchy of Changanacherry

**Printed at**

St. Joseph Orphanage Press, Changanacherry

Ph: 0481- 2410101

Price Rs. 00.00

No part of this publication may be reproduced or transmitted in any form or by any means without prior written permission of the Publisher.

# ഇടയസന്ദേശം

**സഭ-സമുദായം-സമൂഹം**

തിരുസഭയുടെ ആദ്യനാളുകളിൽത്തന്നെ സ്വന്തമായൊരു ചരിത്രം രചിച്ചുതുടങ്ങിയ സമുദായമാണ് ഇന്ത്യയിലെ സുറിയാനി ക്രൈസ്തവർ. 'മാർത്തോമ്മാ നസ്രാണികൾ' എന്നാണ് അവർ ചരിത്രത്തിൽ അറിയപ്പെട്ടിരുന്നത്. പാലസ്തീനായിൽ ആദിമസഭാംഗങ്ങളെ വിളിച്ചിരുന്നത് നസ്രായർ എന്നായിരുന്നു. (ശ്ലീഹ.നട. 24:5). നസ്രസ്സിൽ ജീവിച്ചിരുന്നതിനാൽ ഈശോ നസ്രായനും ഈശോയുടെ അനുയായികൾ നസ്രായരുമായി. ഇതിന്റെ ചുവടു പിടിച്ചായിരിക്കണം ഇന്ത്യയിലെ ആദ്യസഭാംഗങ്ങളെ നസ്രാണികൾ എന്നു വിളിച്ചത്. പാലസ്തീനായിലെ അരമായ ഭാഷാശൈലിയുമാണത്. തോമ്മാശ്ലീഹായാൽ നസ്രാണികളായതിനാൽ മാർത്തോമ്മാ നസ്രാണികൾ എന്ന് വിളിക്കപ്പെട്ടു. ഇന്ത്യയിലെ സുറിയാനി ക്രൈസ്തവരുടെ സഭാത്മക തനിമയ്ക്ക് അങ്ങനെ അടിത്തറയായി.

അരമായഭാഷയിൽ (സുറിയാനി) ദൈവാരാധന നടത്തിയും ആദിമസഭയുടെ ആദ്ധ്യാത്മിക സവിശേഷതകൾ ഉൾക്കൊണ്ടും, ഏഷ്യൻ ഭൂഖണ്ഡത്തിലങ്ങോളമിങ്ങോളം പടർന്നു പന്തലിച്ച പൗരസ്ത്യ സുറിയാനി സഭാപാരമ്പര്യത്തിന്റെ അവിഭാജ്യഘടകമായും ഭാരതസംസ്കാരത്തെ സ്വാംശീകരിച്ചും സ്വന്തമായൊരു വ്യക്തിത്വത്തിൽ മാർത്തോമ്മാ നസ്രാണിസഭ ഇന്ത്യയിൽ വളർന്നു. കേരളത്തിൽ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ സപ്ത നസ്രാണിസമൂഹങ്ങൾ ഈ സഭയുടെ ശക്തി കേന്ദ്രങ്ങളായി. തോമ്മാശ്ലീഹായിലൂടെ ലഭിച്ച സത്യവിശ്വാസവും പൗരസ്ത്യസുറിയാനി സഭാ പരാമ്പര്യവും തങ്ങളുടെ ഏറ്റവും വില

പ്പെട്ട ആദ്ധ്യാത്മിക പിതൃസ്വത്തായി മാർത്തോമ്മാ നസ്രാണികൾ സംരക്ഷിച്ചു.

അംഗബലം കുറവായിരുന്നുവെങ്കിലും, വൈവിധ്യമാർന്ന മതവിശ്വാസങ്ങളുടെയും സംസ്കാരങ്ങളുടെയും ഭാഷകളുടെയും ജീവിതശൈലികളുടെയും നടുവിൽ, മിഴിവാർന്ന വ്യക്തിത്വസവിശേഷതകളോടെ ഭാരതമണ്ണിൽ വേരുറപ്പിക്കാൻ മാർത്തോമ്മാ നസ്രാണി സഭയ്ക്കു സാധിച്ചു. വിശ്വാസത്തിൽ ക്രൈസ്തവവും ആരാധനയിൽ പൗരസ്ത്യവും സംസ്കാരത്തിൽ ഭാരതീയവുമായി നസ്രാണിസഭ വളർന്നു. നസ്രാണികളുടെ ജീവിതശൈലിക്ക് 'മാർത്തോമ്മാമാർഗ്ഗം' ഊടും പാവും പാകി. അഥവാ അവരുടെ ജീവിതശൈലിയുടെ അകെത്തുകയായി മാർത്തോമ്മാ മാർഗ്ഗം അറിയപ്പെട്ടു. പുതുമയും തനിമയുമുള്ള മതവിശ്വാസം പുലർത്തിയിരുന്നെങ്കിലും വിവിധ മതസമൂദായങ്ങളുമായി മാർത്തോമ്മാ നസ്രാണികൾ എന്നും സൗഹൃദബന്ധം പുലർത്തിപ്പോന്നിരുന്നു. സംസ്കാരത്തിലും ജീവിതശൈലിയിലും തികച്ചും ഭാരതീയത പുലർത്തിയിരുന്നതിനാൽ പൊതുസമൂഹത്തിലും ചേർന്നു പോകാൻ കഴിഞ്ഞു. എന്നാൽ, പിൽക്കാലത്ത് ഭാരതത്തിൽ ജാതിചിന്തയും സവർണ്ണ അവർണ്ണഭേദവും വിവേചനവും ശക്തി പ്രാപിച്ചപ്പോൾ, എല്ലാവരുടെയും ഉന്നമനം ലക്ഷ്യം വച്ച് പ്രവർത്തിക്കുകയും, സാധുജനക്ഷേമത്തിന് പ്രത്യേക പ്രാധാന്യം നൽകുകയും ചെയ്ത സമീപനമായിരുന്നു നസ്രാണിസഭയുടേത്. ജാതിവ്യവസ്ഥയും തൽഫലമായ അയിത്താചാരങ്ങളും സമൂഹ ഗാത്രത്തെ കീറിമുറിക്കുകയും ഉച്ചനീചത്വ ചിന്തകൾ ആധിപത്യം പുലർത്തുകയും ചെയ്തപ്പോൾ, ദൈവത്തിന്റെ ഏക പിതൃത്വത്തിലും എല്ലാ മനുഷ്യരുടെയും സാഹോദര്യത്തിലു അധിഷ്ഠിതമായ ക്രൈസ്തവദർശനം മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെയും ആതുര ശുശ്രൂഷയിലൂടെയും സാധുജനസേവനത്തിലൂടെയും സമൂഹത്തിൽ സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം പകരാൻ ഇടയാക്കി.

അദ്ധ്വാനശീലത്തിലും വിശ്വസ്തതയിലും സ്നേഹത്തിലും രാജഭക്തിയിലും സൈന്യസേവനത്തിലും പ്രകീർത്തിക്കപ്പെട്ടിരുന്ന മാർത്തോമ്മാ നസ്രാണികൾ ഈ നാടിന്റെ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക വളർച്ചയിൽ നിർണായക സ്വാധീനം ചെലുത്തി. സത്യസന്ധരും സേവനസന്നദ്ധരും സമാധാനപ്രിയരും കുടുംബമൂല്യങ്ങൾക്കു പ്രാധാന്യം നൽകിയവരുമായ നസ്രാണി

സമുദായത്തെ മറ്റുള്ളവർ ഏറെ സ്നേഹാദരവുകളോടെയാണ് നോക്കിക്കണ്ടിരുന്നത്. രാജക്കന്മാർ നസ്രാണികൾക്ക് പ്രത്യേക ആനുകൂല്യങ്ങളും അവകാശങ്ങളും അനുവദിച്ചിരുന്നു. ചുരുക്കത്തിൽ കെട്ടുറപ്പും അച്ചടക്കവും മൂല്യബോധവും ഉള്ള ഒരു ശ്രേഷ്ഠസമുദായമായി മാർത്തോമ്മാ നസ്രാണികൾ അംഗീകരിക്കപ്പെട്ടിരുന്നു.

വിശ്വാസപ്രതിസന്ധികളും ശീശ്മകളും പാഷണ്ഡതകളും അധികാരമത്സരങ്ങളുമൊക്കെ തിരുസ്സഭയെ പലവിധം ഭിന്നിപ്പിച്ചപ്പോഴും സുദീർഘമായ പതിനാറര നൂറ്റാണ്ടോളം ഒരുമയോടെ ജീവിച്ച് സ്വന്തം സഭാപാരമ്പര്യത്തിൽ അഭിമാനം കൊള്ളുകയും അതിൽ അടിയുറച്ചു വളരുകയും ചെയ്ത മാർത്തോമ്മാ നസ്രാണിസഭാ മക്കൾ പിന്നീടുണ്ടായ ലത്തീനീകരണ സമ്മർദ്ദങ്ങളുടെ അനന്തരഫലമായി ഭിന്നിക്കപ്പെടുകയും ഇന്ന് വിവിധ സഭാസമൂഹങ്ങളിലായി കത്തോലിക്കാ-അകത്തോലിക്കാ വിഭാഗങ്ങളായി ഇന്ന് വിവിധ സഭാസമൂഹങ്ങളിലായി കഴിയുകയും ചെയ്യുന്നു. അവയിൽ ഏറ്റവും പ്രബലവും അംഗസംഖ്യയിൽ വലുതുമാണ് സീറോ മലബാർ സഭ. കത്തോലിക്കാ അധികാരത്തിൻ കീഴിൽത്തന്നെ തുടരാനുള്ള താല്പര്യത്തിൽ തങ്ങളുടെ പുരാതനമായ പൗരത്യപാരമ്പര്യങ്ങൾ പലതും ബലികഴിപ്പിക്കേണ്ടി വന്ന നസ്രാണിസമൂഹത്തിന്റെ പിൻതലമുറയിൽപ്പെട്ടവരാണ് സീറോമലബാർ സഭാമക്കൾ. പാശ്ചാത്യ ലത്തീൻഭരണത്തിൻകീഴിൽ സംഭവിച്ച ഈ ലത്തീനീകരണം ശരിയായ നടപടി ആയിരുന്നില്ല എന്ന് പിന്നീട് തിരുസ്സഭാധികാരികൾ വിലയിരുത്തുകയും, നഷ്ടപ്പെട്ട സഭാപാരമ്പര്യങ്ങൾ വീണ്ടെടുക്കുവാൻ പൗരസ്ത്യ സഭകളോട് കൽപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇക്കാര്യത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ സഭാപിതാക്കൾ നൽകിയ പ്രബോധനം നാമെല്ലാവരും പാലിക്കേണ്ടതാണ്. കൗൺസിൽ പഠിപ്പിക്കുന്നു.

നിയമാനുസൃതമായ ആരാധനക്രമങ്ങളും ശിക്ഷണങ്ങളും സംരക്ഷിക്കാമെന്നും സംരക്ഷിക്കണമെന്നും എല്ലാ പൗരസ്ത്യ സഭകളും സുനിശ്ചിതമായി അറിഞ്ഞിരിക്കട്ടെ. കാലത്തിന്റെയോ വ്യക്തികളുടെയോ സാഹചര്യങ്ങൾക്ക് അടിമപ്പെട്ട് തങ്ങൾക്ക് ചേരാത്ത വിധത്തിൽ ഇവയിൽനിന്നും വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിൽ പൗരാണിക പാരമ്പര്യത്തിലേക്ക് തിരിയുവാൻ അവർ ശ്രദ്ധിക്കേണ്ടതാണ് (പൗരസ്ത്യസഭകൾ, 6).

ഇപ്രകാരമുള്ള സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ നഷ്ടപ്പെട്ടിരുന്ന നല്ല പാരമ്പര്യങ്ങൾ വീണ്ടെടുക്കുവാനുള്ള ശ്രമത്തിലാണ് കഴിഞ്ഞ കുറേക്കാലമായി സീറോ മലബാർസഭ. ഇതിനോടകം പലതും പുനഃസ്ഥാപിച്ചുകഴിഞ്ഞു. ഇക്കാര്യങ്ങളൊക്കെ ശരിയായി മനസ്സിലാക്കി നമ്മുടെ സഭയുടെ തനിമയും വ്യക്തിത്വവും പൂർണ്ണമായും പുനഃസ്ഥാപിക്കാൻ നമ്മുടെ സഭയ്ക്കു കഴിയണം. അതിന് എല്ലാ സഭാമക്കളുടെയും ആത്മാർത്ഥമായ സഹകരണം ആവശ്യമാണ്. എന്നാൽ കാര്യങ്ങൾ ശരിയായി ഗ്രഹിക്കാതെയോ, മുൻവിധിമൂലമോ, മറ്റു സ്വാധീനങ്ങളാലോ, സ്വാർത്ഥപരമായ ദുർവാശിയാലോ സഭയുടെ പുനരുദ്ധാരണ നടപടികളോട് സഹകരിക്കാത്തവരും അവയെ എതിർക്കുന്നവരുമുണ്ട്. അത് സഭയുടെ വളർച്ചയെ തടയാനേ ഉപകിരക്കൂ.

അതിശ്രേഷ്ഠമായ ആത്മീയ പിതൃസ്വത്തിന്റെയും ആഴമായ ആദ്ധ്യാത്മികതയുടെയും വിലപ്പെട്ട ഒരു നിധി അടങ്ങിയിരിക്കുന്ന നമ്മുടെ സഭാപാരമ്പര്യങ്ങളെ ആഴത്തിൽ ഗ്രഹിക്കാനും സ്നേഹിക്കാനും പാലിക്കാനും നമുക്കു ഒന്നുചേർന്നു പരിശ്രമിക്കാം.

സീറോമലബാർ സഭയ്ക്കു സുവിശേഷപ്രഘോഷണത്തിനും അജപാലന ശുശ്രൂഷയ്ക്കുമായി ഇപ്പോൾ വിസ്തൃതമായ ഒരു ലോകം തുറന്നു കിട്ടിയിരിക്കുന്നു. നമ്മുടെ ചങ്ങനാശ്ശേരി അതിരൂപതയുടെ മേൽനോട്ടത്തിൽ ഉത്തരപ്രദേശിലും രാജസ്ഥാനിലുമായി വിശാലമായ ഇറ്റാവാ, ജയ്പൂർ എന്നീ രണ്ടു മിഷനുകൾ നടത്തുന്നു. സഭയുടെ പ്രേഷിത ദൗത്യത്തിൽ ഉദാരമനസ്സോടെ, ആളും അർത്ഥവുംവഴി പങ്കു ചേരുന്ന ചരിത്രമാണ് നമ്മുടെ സഭയുടേത്. സഭയോടൊപ്പം മുൻപന്തിയിൽത്തന്നെ നമ്മുടെ അതിരൂപതയും ആരംഭംമുതലേ പ്രേഷിതവേലയിൽ സജീവമാണ്. ആദ്യസഹസ്രാബ്ദത്തിൽ ഏറ്റവും സജീവവും വ്യാപകമായി പ്രേഷിത സാക്ഷ്യം നൽകുകയും, വിശ്വാസത്തെ പ്രതി ജീവനർപ്പിച്ച എണ്ണമറ്റ രക്തസാക്ഷികളെ പ്രദാനം ചെയ്യുകയും ചെയ്ത പൗരസ്ത്യ സുറിയാനി സഭാ കുടുംബത്തിലെ ഇന്നത്തെ ഏറ്റവും സജീവമായ വ്യക്തിസഭയാണ് നമ്മുടെ സീറോ മലബാർസഭ. തലമുറകൾ കാത്തുസൂക്ഷിച്ച ഈ വിശ്വാസതീക്ഷ്ണതയും പ്രേഷിത ചൈതന്യവും ഒളിമങ്ങാതെ തലമുറകളിലൂടെ കൈമാറാൻ നമ്മെ ദൈവം അനുഗ്രഹിക്കട്ടെ. ലോക

മെങ്ങുമുള്ള സീറോ മലബാർ സഭാമക്കളെ ഒരു ചരടിൽ കോർത്തിണക്കാൻ, വിവിധ സഭകളുമായി ദൃഢബന്ധം വളർത്തി സഭാകൂട്ടായ്മയുടെ സുന്ദരമുഖം ലോകത്തിനു കാണിച്ചുകൊടുക്കാൻ, എല്ലാ ദൈവമക്കളോടും രക്ഷയുടെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സുവിശേഷം പ്രഘോഷിക്കാൻ നമുക്കു സ്വയം സജ്ജരാകാം.

പൊതുസമൂഹത്തിന്റെയും ക്ഷേമത്തിനായി സ്വയം സമർപ്പിക്കുമ്പോഴാണ് സഭയുടെ പ്രേഷിതദൗത്യം പൂർത്തീകരിക്കപ്പെടുന്നത്. മനുഷ്യന്റെ നീറുന്ന ആനുകാലിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ അവരോടൊപ്പമായിരുന്നുകൊണ്ട് ആശ്വാസം പകരാൻ ഒരു ക്രിസ്തീയ സമുദായമെന്ന നിലയിൽ നാമും പരിശ്രമിക്കണം. ഇക്കാര്യം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ഭിന്നിക്കുന്ന രാജ്യം നശിക്കുമെന്നുള്ള തത്വമനുസരിച്ച്, നമ്മൾ നശിക്കാതിരിക്കാനും സമൂഹത്തിനു നന്മ ചെയ്യാനും വേണ്ടി ഒന്നിച്ചു നിൽക്കേണ്ടതുണ്ട്. നൂറ്റാണ്ടുകൾ കാത്തുസൂക്ഷിച്ച് ജീവിച്ച നമ്മുടെ സമുദായഐക്യം കൃഷ്ണമണിപോലെ നാം പരിരക്ഷിക്കണം. എങ്കിലേ പൊതുസമൂഹത്തെ നന്നായി സേവിക്കാൻ സാധിക്കൂ.

നമ്മുടെ കുടുംബങ്ങളിൽ നിലനിന്നിരുന്ന മൂല്യങ്ങളും പ്രാർത്ഥനാചൈതന്യവും അനുസരണശീലവും അധികാരികളോടുള്ള ആദരവും, അദ്ധ്വാനശീലവും, സത്യസന്ധതയും എല്ലാം നിലനിൽക്കട്ടെ. നഷ്ടപ്പെട്ടവ തിരിച്ചുകൊണ്ടു വരാൻ പരിശ്രമിക്കാം. എല്ലാത്തിലുമുപരി വിശുദ്ധിയും ദൈവാശ്രയവും നമുക്ക് ബലമായിരിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**മാർ ജോസഫ് പെരുന്തോട്ടം**
*ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത*

# ആമുഖം

## പഞ്ചവത്സര അജപാലനപദ്ധതിയും നവസുവിശേഷവത്കരണവും

പഞ്ചവത്സര അജപാലനപദ്ധതിയുടെ ആമുഖത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "മാതൃസഭയുടെ മഹത്തായ പാരമ്പര്യങ്ങളോടും അതിരൂപതയുടെ സമ്പന്നമായ പൈതൃകത്തോടും വിശ്വസ്തത പുലർത്തുകയും വർത്തമാനകാലത്തിന്റെ അനിവാര്യതകളോടു ഭാവാത്മകമായി പ്രതികരിക്കുകയും ഭാവിജീവിതത്തിന്റെ വെല്ലുവിളികളെ നേരിടാൻ സമൂഹത്തെ സുസജ്ജരാക്കുകയും ചെയ്യുന്ന കർമ്മപരിപാടിയാണ് ഇവിടെ വിഭാവനം ചെയ്യുന്നത്". ഈ വാക്കുകൾ പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യത്തെ സമ്യക്കായി അവതരിപ്പിക്കുന്നു. ഈ ലക്ഷ്യം സാധിക്കുന്നതിനു നാം സ്വീകരിച്ചിരിക്കുന്ന മാർഗം ആദിമസഭയുടെ മാതൃക അനുകരിച്ച് പ്രബോധനം, പ്രാർത്ഥന, പങ്കുവയ്ക്കൽ, കൂട്ടായ്മ എന്നിവയിലൂ

ന്നിയ ഒരു അജപാലനവും വിശ്വാസജീവിതശൈലിയുമാണ്. 'അറിയുക, അറിയുന്നത് ആചരിക്കുക, ആചരിക്കുന്നത് കൈമാറി കൊടുക്കുക'
ഇതാണ് ഭാരതീയ പാരമ്പര്യം. ഈ കാഴ്ചപ്പാടാണ് നമുക്കും ഇവിടെ ദർശനം നല്കുന്നത്. ഇതിന്റെ വെളിച്ചത്തിൽ അടുത്ത അഞ്ചുവർഷങ്ങളിലേക്കു 5 വിഷയങ്ങളാണ് നാം പഠനത്തിനായി തെരെഞ്ഞെടുത്തിരിക്കുന്നത്. ഒന്നാം വർഷത്തെ വിഷയമാണ് "ജീവിതം സഭയോടൊത്ത്".

ആഗോളസഭയുടെ നവസുവിശേഷവത്കരണ പദ്ധതിയോടു ബന്ധപ്പെടുത്തിയും നമ്മുടെ പഞ്ചവത്സര അജപാലനപദ്ധതിയെ മനസ്സിലാക്കാവുന്നതാണ്. തികച്ചും കാലിക പ്രസക്തവും ക്രിയാത്മകവുമായ ഒരു പ്രതികരണവും പ്രഘോഷണവുമാണ് നവസുവിശേഷവത്കരണത്തിലൂടെ ആഗോളസഭ ലക്ഷ്യം വയ്ക്കുന്നത്. ഇന്നത്തെ പുതിയ ജീവിതസാഹചര്യങ്ങളോടും അവസ്ഥകളോടും സുവിശേഷാധിഷ്ഠിതമായ ഒരു പ്രതികരണവും ഇക്കാലഘട്ടത്തിൽ സുവിശേഷവും ക്രിസ്തീയസംസ്കാരവും നേരിടുന്ന വെല്ലുവിളികളെ ക്രിയാത്മകമായി അഭിമുഖീകരിക്കാനുള്ള ധൈര്യവുമാണിത്.

മാറി മാറിവരുന്ന സാഹചര്യത്തിൽ ദൈവരാജ്യത്തിന്റെ ദർശനം സ്വന്തമാക്കുന്നതിൽ സഭാമക്കൾ തന്നെ പരാജയപ്പെടുന്നു. ഈ പശ്ചാത്തലത്തിൽ സഭയെക്കുറിച്ചും സഭയുടെ ചരിത്രത്തെക്കുറിച്ചും സമുദായത്തെക്കുറിച്ചും വ്യക്തമായ അറിവും ബോധ്യവും നല്കുകയാണ് ഇന്ന് അനിവാര്യമായിരിക്കുന്ന കാര്യം. ഈ ലക്ഷ്യം സാധിക്കുന്നതിനു വിശ്വാസി സമൂഹത്തെ സഹായിക്കുകയാണ് ഓരോ വർഷത്തെ പഠനഗ്രന്ഥവും. "ജീവിതം സഭയോടൊത്ത്" എന്ന പൊതുവിഷയത്തോടു ബന്ധപ്പെടുത്തി മാതൃസഭയെ അറിയുവാനുള്ള പരിശ്രമത്തിൽ വിശ്വാസികളെ സഹായിക്കുകയാണ് ഈ വർഷത്തെ

പഠനഗ്രന്ഥത്തിന്റെ ലക്ഷ്യം. 'സഭയെ മാതാവായി കാണാത്തവർക്കു ദൈവത്തെ പിതാവായി കാണുവാൻ സാധിക്കില്ല' എന്ന വി. സിപ്രിയാന്റെ വാക്കുകളും 'ഞാൻ നിങ്ങളുടെ സഭയെ സ്നേഹിക്കുന്നു, കാരണം എനിക്കവളുടെ ചരിത്രമറിയാ'മെന്ന കർദ്ദിനാൾ ടാസറാങ്ങിന്റെ വാക്കുകളും ചരിത്രത്തിലും നമ്മുടെ മനസ്സുകളിലും നിറഞ്ഞുനില്ക്കുന്നവയാണ്. ഇന്നും നമ്മെ പ്രചോദിപ്പിക്കുന്ന ചൈതന്യമാണീ ബോധ്യങ്ങളും സാക്ഷ്യങ്ങളും. ഈ പഠനഗ്രന്ഥവും ഈ ബോധ്യങ്ങളെ നമ്മുടെ സ്വന്തമാക്കുവാൻ സഹായിക്കട്ടെ. കുടുംബക്കൂട്ടായ്മകൾ, സംഘടനകൾ, വിശ്വാസപരിശീലനരംഗം, ദൈവശാസ്ത്ര പരിശീലന കേന്ദ്രങ്ങൾ തുടങ്ങി അതിരൂപതാകുടുംബം മുഴുവൻ ഈ വിഷയങ്ങൾ ചർച്ചാവിഷയമാക്കുകയും പഠിക്കുകയും ചെയ്യണം.

"അതിരൂപതയിൽ നാം ഒരു കുടുംബം" എന്ന അഭിവന്ദ്യ പെരുന്തോട്ടം പിതാവിന്റെ ദർശനം യാഥാർത്ഥ്യമാക്കുന്നതിന്റെയും അതിരൂപതയിലെ അജപാലനപ്രവർത്തനം കൂടുതൽ ചലനാത്മകമാക്കുന്നതിന്റെയും ഭാഗമാണ് പഞ്ചവത്സര അജപാലനപദ്ധതി. ഈ നവീന അജപാലനപദ്ധതിക്കു ദർശനവും ദിശാബോധവും നല്കിയതും ഈ പഠനഗ്രന്ഥത്തിന് അർത്ഥപൂർണ്ണവും സമഗ്രവുമായ അവതാരിക എഴുതുകയും ചെയ്ത അഭിവന്ദ്യപിതാവിനെ നന്ദിയോടെ അനുസ്മരിക്കുന്നു. പിതാവിന്റെ ഈ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് നമുക്കു ഒന്നുചേരാം. ഈ അജപാലനപദ്ധതിയെ സജീവവും ക്രിയാത്മകവുമാക്കുന്നതിന് ജാഗ്രതയോടെ പ്രവർത്തനനിരതനായിരിക്കുന്ന അഭിവന്ദ്യ തോമസ് തറയിൽ പിതാവിനും നന്ദി അർപ്പിക്കുന്നു. നമ്മുടെ മാതൃസഭയ്ക്കും അതിരൂപതയ്ക്കും ജീവിതവഴിയിൽ ദിശാബോധം നല്കുന്ന ചൈതന്യമായി നമ്മോടൊപ്പമുള്ള അഭിവന്ദ്യ ജോസഫ് പവ്വത്തിൽ പിതാ

വിനും കൃതജ്ഞതാഞ്ജലി.

ഈ ഗ്രന്ഥത്തിന്റെ പണിപ്പുരയിൽ സജീവരായിരുന്ന, തങ്ങളുടെ രചനകൾകൊണ്ടു നമ്മെ സമ്പന്നരാക്കിയ ബഹു. ജോസഫ് പനക്കേഴത്തച്ചനും ജോസഫ് കൊല്ലാറയച്ചനും ഡൊമിനിക് മുരിയൻകാവുങ്കലച്ചനും ബഹു. ജനറാളച്ചന്മാർക്കും അതിരൂപതാ കൂരിയാഗംങ്ങൾക്കും പ്രത്യേകം നന്ദി. ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്ക ക്രമീകരണത്തിൽ ആദ്യന്തം ശ്രദ്ധയോടെ പ്രവർത്തന നിരതനായിരുന്ന ബഹു. ക്രിസ്റ്റി കൂട്ടുമ്മേലച്ചനോടും ഇതിന്റെ പ്രസിദ്ധീകരണത്തിന് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്തു തന്ന ബഹു. ജന്നി കായംകുളത്തുശ്ശേരിയച്ചനോടും ജോസഫ് ഇലഞ്ഞിമറ്റത്തച്ചനോടും കടപ്പാടറിയിക്കുന്നു. ഇതിന്റെ ഡി.റ്റി.പി. ചെയ്ത മാങ്ങാനം വി.ജി. പ്രിന്റേഴ്സിനും മുദ്രണം ഭംഗിയായി നിർവഹിച്ച സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സിന്റെ മാനേജർ ബഹു. പടിഞ്ഞാറെക്കൂറ്റച്ചനും സ്റ്റാഫ് അംഗങ്ങൾക്കും നന്ദി.

*സ്നേഹത്തോടെ,*

**തോമസ് പാടിയത്തച്ചൻ**

# ഉള്ളടക്കം


**ഇടയസന്ദേശം**

**മാർ ജോസഫ് പെരുന്തോട്ടം** ................................ **05**

**ആമുഖം**

*റവ. ഡോ. തോമസ് പാടിയത്ത്*................................ **10**

**മാർത്തോമ്മാനസ്രാണി സഭാചരിത്രം**

*റവ. ഡോ. ജോസഫ് കൊല്ലാറ*................................ **15**

**ക്രൈസ്തവരും സമുദായബോധവും**

*റവ. ഫാ. ജോസഫ് പനക്കേഴം* ................................ **49**

**സഭാജീവിതം**

*റവ. ഡോ. ഡൊമിനിക് മുരിയങ്കാവുങ്കൽ*............... **64**

# മാർത്തോമ്മാനസ്രാണി സഭാചരിത്രം

## ആമുഖം

സമൂഹത്തിന്റെ ഗതകാല അനുഭവങ്ങളെക്കുറിച്ചുള്ള ഓർമ്മയാണ് ചരിത്രം. ഓർമ്മ നഷ്ടപ്പെട്ടാൽ ഒരുവനു താൻ പിന്നിട്ട വഴികളോ താൻ എത്തിച്ചേരേണ്ട വഴികളോ നിശ്ചയമില്ലാതെ വരും. ചരിത്രബോധമില്ലാത്ത സഭയുടെ അവസ്ഥയും ഇതുതന്നെ. സഭാത്മകമായ ഓർമ്മ (Ecclesial memory) നഷ്ടപ്പെട്ടാൽ സഭയുടെ വ്യക്തിത്വത്തെക്കുറിച്ച് സഭാതനയർ അജ്ഞരായിത്തീരും. സഭാസമൂഹത്തിന് അതിന്റെ ഇന്നലെകളെ മനസ്സിലാക്കാതെ അതിന്റെ കർത്തവ്യങ്ങൾ യഥാവിധി നിർവ്വഹിക്കാനോ നാളത്തെ പദ്ധതികൾ ക്രമീകരിക്കാനോ സാധ്യമല്ലാതാകും. ഈശോയുടെ ശിഷ്യനായ മാർത്തോമ്മാശ്ലീഹായുടെ പ്രേപ്രവർത്തനത്തിന്റെ ഫലമായി രൂപംകൊണ്ട ഇന്ത്യയിലെ ക്രൈസ്തവസമൂഹം, മാർത്തോമ്മാ നസ്രാണികളുടെ സഭ, പൗരസ്ത്യ സുറിയാനിസഭയുമായി (പേർ ഷ്യൻസഭ) ബന്ധപ്പെട്ട് 16 നൂററാണ്ടുകൾ ഇവിടെ ജീവാത്മകമായി വളർന്നുവന്നു. അവർ, സംസ്കാരത്തിൽ ഭാരതീയരും വിശ്വാസ ത്തിൽ ക്രൈസ്തവരും ആരാധനക്രമത്തിൽ പൗരസ്ത്യരുമായി രുന്നു (Hindu in culture, christian in religion and oriental in worship). ഇപ്രകാരം മാർത്തോമ്മാനസ്രാണികൾ രൂപംകൊടുത്ത സഭാ ജീവിത ശൈലി മാർത്തോമ്മാമാർഗ്ഗം എന്നപേരിൽ അറിയപ്പെട്ടു. യാതൊരുവിധ വിഭാഗീയതയോ ഭിന്നിപ്പോ കൂടാതെ ഒരു തലവന്റെ കീഴിൽ ഒറ്റക്കെട്ടായി നിന്നിരുന്ന മാർത്തോമ്മാക്രിസ്ത്യാനി

കളുടെ സമൂഹം പതിനഞ്ചാം നൂററാണ്ടിന്റെ മദ്ധ്യത്തോടുകൂടി പോർട്ടുഗീസ് മിഷനറിമാർ ഇന്ത്യയിലെത്തിയതിനെതുടർന്ന് വിവിധ വിഭാഗങ്ങളായി ഭിന്നിപ്പിക്കപ്പെട്ടു. അവർ കത്തോലിക്കരെന്നും അകത്തോലിക്കരെന്നും വിഭജിക്കപ്പെട്ടു. മാർപാപ്പായോട് ചേർന്ന് പൗരസ്ത്യസുറിയാനി ആരാധനക്രമം പിൻതുടർന്ന കത്തോലിക്കരായ മാർത്തോമ്മാനസ്രാണികൾ കാലക്രമത്തിൽ സീറോമലബാർ എന്ന പേരിൽ അറിയപ്പെട്ടു. സീറോമലബാർ സഭയുടെ ചരിത്രം സംക്ഷിപ്തമായി അവതരിപ്പിക്കാനാണ് ഇവിടെ ശ്രമിക്കുക.

## മാർത്തോമ്മാനസ്രാണിസഭയുടെ ശ്ലൈഹിക ഉദ്ഭവം

പതിനാറാം നൂറ്റാണ്ടുവരെ ഭാരതത്തിൽ ഒരു ക്രൈസ്തവ സഭ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇത് 'മാർത്തോമ്മാനസ്രാണി സഭ' എന്നാണറിയപ്പെട്ടിരുന്നത്. ഈശോമിശിഹായുടെ ശിഷ്യനായ മാർ തോമ്മാശ്ലീഹാ സ്ഥാപിച്ചതുകൊണ്ടാണ് ഈ പേരിൽ അറിയപ്പെടുന്നത്. ഭാരതക്രൈസ്തവർക്ക് തോമ്മാശ്ലീഹായിലൂടെ കൈവന്ന 'തോമ്മാമാർഗ്ഗം' അഥവാ നിയമം അവരുടെ ദൈവശാസ്ത്രം, ആരാധനക്രമം, ആദ്ധ്യാത്മികത, മതപരമായ ശിക്ഷണക്രമം, പാരമ്പര്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്നതായിരുന്നു. മിശിഹായുടെ ശിഷ്യന്റെ പേരിൽ അറിയപ്പെടുന്ന ഒരേയൊരു സഭമാത്രമേ ഉണ്ടായിട്ടുള്ളൂ, അത് മാർത്തോമ്മാ നസ്രാണിസഭയാണ്. ഓരോ മാർത്തോമ്മാനസ്രാണിയും അതിൽ അഭിമാനിക്കും. എ. ഡി. 52 മുതൽ 72 വരെ നീണ്ടുനിന്ന മാർതോമ്മാശ്ലീഹായുടെ ഭാരത പ്രേഷിതപ്രവർത്തനത്തിന് അനേകം തെളിവുകൾ ചൂണ്ടിക്കാണിക്കാനാവും. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

**1. തോമാശ്ലീഹായുടെ ഭാരതപ്രവേശന സാദ്ധ്യത:** ഈശോയുടെ ജനനത്തിനു മുമ്പുതന്നെ പ്രാചീന റോമാസാമ്രാജ്യവും ദക്ഷിണേന്ത്യയുമായി സമുദ്രമാർഗ്ഗമുള്ള സുദൃഢമായ വാണിജ്യബന്ധം നിലനിന്നിരുന്നു. മലബാറിലെ മുസ്സീരിസ് അഥവാ കൊടുങ്ങല്ലൂർ പ്രധാനപ്പെട്ട ഒരു തുറമുഖവും കച്ചവടകേന്ദ്രവുമായിരുന്നു. മാർതോമ്മാശ്ലീഹായ്ക്ക് ക്രിസ്തുവർഷം ആദ്യനൂറ്റാണ്ടിൽ ഭാരതത്തിൽ എത്തുക ദുഷ്കരമായിരുന്നില്ല എന്നു വ്യക്തം. അദ്ദേഹം കടൽമാർഗ്ഗം ഇന്ത്യയിലെത്തി എന്നു ന്യായമായും അനുമാനിക്കാം.

**2. സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങൾ:** പാശ്ചാത്യ-പൗരസ്ത്യ സഭാപിതാക്കന്മാരായ ഒരിജൻ (186-255), മാർ അപ്രേം (306-373),

വി. ഗ്രിഗറി നസിയാൻസൻ (329-390), വി. ജറോം (342-420) തുടങ്ങിയവർ നേരിട്ടോ അല്ലാതെയോ ഉള്ള തോമ്മാശ്ലീഹായുടെ ദശകപ്രേഷിതപ്രവർത്തനത്തിനു സാക്ഷ്യം നല്കുന്നു.

**3. ആരാധനക്രമ തെളിവുകൾ:** പാശ്ചാത്യ-പൗരസ്ത്യ ആരാധനക്രമങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ തോമ്മാശ്ലീഹായുടെ ഭാരതപ്രേഷിതപ്രവർത്തനത്തിനു സാക്ഷ്യം നല്കുന്നുണ്ട്. പുരാതന രക്തസാക്ഷികളുടെ ചരിത്രത്തിലും ആരാധനക്രമ പഞ്ചാംഗങ്ങളിലും തോമ്മാശ്ലീഹായെ ഭാരതസഭയോടു ബന്ധപ്പെടുത്തിയാണു പ്രതിപാദിക്കുന്നത്.

**4. അപ്രമാണിക രചനകൾ:** പ്രാചീന കൃതികളായ 'യൂദാ തോമ്മായുടെ നടപടികൾ' (മൂന്നാം നൂറ്റാണ്ട്), 'തോമ്മായുടെ പീഡാസഹനം' (നാലാം നൂറ്റാണ്ട്) തുടങ്ങിയ അപ്രമാണിക രചനകൾ തോമ്മാശ്ലീഹായുടെ ഭാരതത്തിലെ പ്രേഷിതപ്രവർത്തനത്തെപ്പറ്റിയും അദ്ദേഹത്തിന്റ രക്തസാക്ഷിത്വത്തെക്കുറിച്ചും പ്രതിപാദിക്കുന്നവയാണ്.

**5. പ്രാദേശിക പാരമ്പര്യങ്ങൾ:** തോമ്മാശ്ലീഹായുടെ പ്രേഷിതപ്രവർത്തനവും രക്തസാക്ഷിത്വവും കബറടക്കത്തിന്റെ വിവരണവുമൊക്കെ നാടൻപാട്ടുകളുടെയും അനുഷ്ഠാനകലകളുടെയും രൂപത്തിൽ പ്രാചീനകാലം മുതൽ തെക്കേ ഇന്ത്യയിൽ പ്രചരിച്ചിട്ടുണ്ട്. പ്രശസ്തമായ മാർഗ്ഗംകളിപാട്ട്, റമ്പാൻപാട്ട് (തോമ്മാപർവ്വം), വീരടിയാൻ പാട്ട് തുടങ്ങിയ കഥാഗാനങ്ങളൊക്കെ ക്രിസ്തീയ ഭവനങ്ങളിൽ വിവാഹാവസരങ്ങളിലും മറ്റ് ആഘോഷദിനങ്ങളിലും പാട്ടുകളായും അനുഷ്ഠാനകലകളായും അവതരിപ്പിക്കുകയും ചെയ്തിരുന്നു.

**6. തോമ്മാശ്ലീഹായുടെ കബറിടം:** തോമ്മാശ്ലീഹാ എ. ഡി. 72-ൽ മൈലാപ്പൂരിൽ രക്തസാക്ഷിയായി മരിച്ചെന്നും അവിടെത്തന്നെ സംസ്കരിക്കപ്പെട്ടുവെന്നുമാണു പാരമ്പര്യം. ഈ കബറിടത്തെ സംബന്ധിച്ചുള്ള പരമ്പരാഗതമായ വിശ്വാസവും, ഭാരതത്തിൽ തന്നെയൊ മറ്റെവിടെയെങ്കിലുമോ ശ്ലീഹായുടെ കബറിടം ഉള്ളതായി ആരും അവകാശപ്പെടാത്തതും ശ്ലീഹായുടെ മൈലാപ്പൂരിലെ കബറിടത്തിന്റെ വാസ്തവികതയ്ക്ക് ഉറപ്പു നല്കുന്നു.

**7. യഹൂദസാന്നിധ്യം:** ബി. സി. പത്താം നൂറ്റാണ്ടുമുതൽ ദക്ഷിണേന്ത്യയും യഹൂദന്മാരുമായി വ്യാപാരബന്ധമുണ്ടായിരുന്നു. അക്കാലത്ത് യഹൂദന്മാരുടെ വാണിജ്യഭാഷ സുറിയാനിയായി

രുന്നു. ഒരു യഹൂദൻ എന്ന നിലയിൽ നിത്യരക്ഷയെപ്പറ്റി ആദ്യം യഹൂദരെ അറിയിക്കുവാൻ തോമ്മാശ്ലീഹാ പരിശ്രമിച്ചുകാണും. അതിനുശേഷമായിരിക്കണം ശ്ലീഹാ ഭാരതത്തിലെ ഇതര സമുദായങ്ങളിലേക്കു ശ്രദ്ധ തിരിച്ചത്.

**8. പുരാതന ക്രൈസ്തവസമൂഹം:** 'മാർത്തോമ്മാ നസ്രാണികൾ' എന്നറിയപ്പെട്ട ഒരു ക്രൈസ്തവസമൂഹം ക്രിസ്തുവർഷം ആദിമശതകം മുതൽതന്നെ ദക്ഷിണേന്ത്യയിൽ അധിവസിച്ചിരുന്നു. മഹാഭൂരിപക്ഷംവരുന്ന അക്രൈസ്തവരുടെ ആകർഷണങ്ങളെയും അസംഖ്യങ്ങളായ തടസ്സങ്ങളെയും തരണംചെയ്ത് ഇന്നുവരെ ഇവർ തങ്ങളുടെ ക്രൈസ്തവവിശ്വാസം കാത്തുസൂക്ഷിച്ചു എന്നതു തന്നെ തോമ്മാശ്ലീഹായുടെ ദക്ഷിണേന്ത്യയിലെ പ്രേഷിതപ്രവർത്തനത്തിന്റെ സംശയാതീതമായ തെളിവാണ്.

മാർത്തോമ്മാ ശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെ സമകാലികചരിത്രരേഖകളുടെ അഭാവത്തിൽ സംശയിക്കുന്നവർക്ക് മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ വന്നിട്ടില്ല എന്നു സ്ഥാപിക്കുന്നതിന് ഉതകുന്ന രേഖാപരമോ പുരാവസ്തുസംബന്ധമോ ആയ വിശ്വാസയോഗ്യമായ തെളിവുകൾ ഒന്നുംതന്നെ ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല എന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## കൽദായസഭയുമായുള്ള ബന്ധം

മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹിക സിംഹാസനം ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടുമുതൽതന്നെ ഭാരതത്തിൽ നിലനിന്നിരുന്നു. ശ്ലീഹാ തന്റെ പിന്തുടർച്ചക്കാരായി വിശുദ്ധ ശുശ്രൂഷകരെ പട്ടംകൊടുത്ത് താൻ സ്ഥാപിച്ച സഭാസമൂഹത്തിൽ നിയമിച്ചാക്കുകയുണ്ടായി. എന്നാൽ പിന്നീട് ചരിത്രപരവും സഭാപരവും കാനോനികവുമായ കാരണങ്ങളാൽ മെത്രാന്മാരുടെ നിയമനത്തിനും അഭിഷേകത്തിനും പേർഷ്യൻ സാമ്രാജ്യത്തിലെ പൗരസ്ത്യ പാത്രിയാർക്കീസിനെ മാർത്തോമ്മാനസ്രാണികൾക്ക് ആശ്രയിക്കേണ്ടിവന്നു.

മാർത്തോമ്മാനസ്രാണിസഭയുടെ ഭരണക്രമം സംബന്ധിച്ച് പേർഷ്യൻ സഭയുമായുള്ള ബന്ധമാണ് ഇനി ചർച്ച ചെയ്യുന്നത്. ദക്ഷിണേന്ത്യയും പേർഷ്യയുമായി വാണിജ്യബന്ധം ക്രിസ്തുവർഷത്തിന്റെ ഉദയത്തിനുമുമ്പുള്ള അതിപ്രാചീനകാലം മുതലേതന്നെയുണ്ട്. ഇസ്ലാമിന്റെ ഉദയംവരെ അറമായ അഥവാ സുറിയാനി ഭാഷയായിരുന്നു ദക്ഷിണേന്ത്യ ഉൾപ്പെടെ കിഴക്കിന്റെ വാണിജ്യഭാഷ.

ഈ വാണിജ്യബന്ധത്തിനു പുറമേ പേർഷ്യൻ സാമ്രാജ്യത്തിലെ സഭകളും മാർത്തോമ്മാനസ്രാണിസഭയുമായി മാർത്തോമ്മാ ശ്ലീഹായുമായി നേരിട്ടോ അല്ലാതെയോ ഉള്ള ശ്ലൈഹികാരംഭത്തിന്റെ ഒരു ബന്ധവും നിലനിന്നിരുന്നു. പേർഷ്യയിലും സഭ സ്ഥാപിച്ചത് തോമ്മാശ്ലീഹായാണെന്നാണു കരുതപ്പെടുന്നത്.

ശ്ലൈഹിക ഉദ്ഭവം, മറ്റ് രാജ്യങ്ങളുടെ സുവിശേഷവത്ക്കരണം, ഭൂമിശാസ്ത്രപരമായ അനുകൂലസാഹചര്യം, രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ പ്രാധാന്യം, പരിപുഷ്ടമായ സഭാജീവിതം ഇവയെല്ലാം ചേർന്നു പ്രാചീനസഭയിൽ പ്രധാനപ്പെട്ട മതാത്മക സഭാകേന്ദ്രങ്ങൾ സാവധാനം ഉരുത്തിരിഞ്ഞ് വരുന്നതിനിടയാക്കി. ഇങ്ങനെ റോമാ സാമ്രാജ്യത്തിൽ അലക്സാണ്ഡ്രിയ, അന്ത്യോക്യാ, റോം, ഓർശ്ലേം, കോൺസ്റ്റാന്റിനോപ്പിൾ എന്നിവ ആദ്യം മെത്രാപ്പോലീത്തൻ സിംഹാസനങ്ങളും പിന്നീട് പാത്രിയാർക്കൽ സ്ഥാനങ്ങളുമായിത്തീർന്നു.

കൽദായ പാത്രിയാർക്കീസ് ഭാരതത്തിലെ മാർത്തോമ്മാനസ്രാണികളുടെ ആലങ്കാരികാദ്ധ്യക്ഷൻ മാത്രമായിരുന്നു. പാത്രിയാർക്കീസ് അയയ്ക്കുന്ന മെത്രാപ്പോലീത്തായായിരുന്നു ഭാരതത്തിലെ മാർത്തോമ്മാനസ്രാണികളുടെ യഥാർത്ഥ ആദ്ധ്യാത്മിക തലവൻ. അവർ സഭാഭരണങ്ങളിലും സാമ്പത്തികവും ഭൗതികവുമായ മറ്റു കാര്യങ്ങളിലും ഇടപെട്ടിരുന്നില്ല. അദ്ദേഹത്തിന് കൊടുത്തിരുന്ന സ്ഥാനപ്പേരാണ് 'ഇന്ത്യമുഴുവന്റെയും മെത്രാപ്പോലീത്തായും വാതിലും' എന്നത്. ഇത് **'കൊല്ലേ ഹെൻതോ'** (All India) എന്ന് സുറിയാനി ഭാഷയിൽ അറിയപ്പെടുന്നു. മാർത്തോമ്മാ പാരമ്പര്യത്തിൽ ഉടലെടുത്ത ഇന്ത്യയിലെ സുറിയാനിസഭയുടെ അധികാരസീമയെ വ്യക്തമാക്കുന്നതാണ് സഭ മുഴുവന്റേയുംമേൽ നേതൃത്വമുണ്ടായിരുന്ന മെത്രാപ്പോലീത്തായുടെ ഈ അഭിധാനം. ലത്തീൻ ഭരണത്തിന്റെ ഫലമായി മാർത്തോമ്മാനസ്രാണിസഭയുടെ അഖിലേന്ത്യാ നേതൃത്വം നഷ്ടമാകുകയും സീറോമലബാർ സഭ എന്ന നാമധേയത്താൽ തൃപ്തിയടയേണ്ടിവരുകയും ചെയ്തു.

## മാർത്തോമ്മാനസ്രാണികളുടെ സഭാഭരണസംവിധാനം

അർക്കദിയാക്കോൻ അഥവാ ആർച്ചുഡീക്കൻ ആയിരുന്നു മാർത്തോമ്മാനസ്രാണികളുടെ യഥാർത്ഥ തലവനും ഭരണകർത്താവും. അദ്ദേഹം ബ്രഹ്മചര്യവ്രതം അനുഷ്ഠിക്കുന്ന ഒരു മാർത്തോമ്മാനസ്രാണി വൈദികൻ ആയിരുന്നു. മെത്രാപ്പോ

ലീത്താ സിംഹാസനത്തിന് ഒഴിവ് വന്നപ്പോഴൊക്കെ അദ്ദേഹംമാത്രമാണ് സഭാഭരണം നിർവ്വഹിച്ചിരുന്നത്: "ഇന്ത്യ മുഴുവന്റെയും അർക്കദിയാക്കോൻ" എന്ന പദവി അദ്ദേഹത്തി നുണ്ടായിരുന്നു.

ഇടവകയിലെ വൈദികരും അല്മായരും ഉൾപ്പെട്ട ദൈവ ജനത്തിന്റെ ഔദ്യോഗിക സമ്മേളനമായിരുന്നു പള്ളിയോഗം. ഇടവകയിലെ ദൈവജനത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവു മായ ജീവിതത്തെ സ്പർശിക്കുന്ന കാര്യങ്ങളായിരുന്നു പള്ളി യോഗത്തിന്റെ ചർച്ചാവിഷയം. ഓരോ പ്രദേശത്തെയും ക്രൈസ്തവ സമൂഹങ്ങളെ മൊത്തത്തിൽ ബാധിക്കുന്ന പ്രശ്ന ങ്ങൾ ആ പ്രദേശത്തെ വിവിധ പള്ളികളിലെ പ്രതിനിധികൾ ഒന്നിച്ചിരുന്ന് ചർച്ച ചെയ്തിരുന്നു. ഇതിനെ പ്രാദേശികയോഗം എന്നു വിളിച്ചിരുന്നു. മാർത്തോമ്മാനസ്രാ ണികളെ മുഴുവൻ ബാധി ക്കുന്ന കാര്യങ്ങൾ എല്ലാ പള്ളികളുടെയും പ്രതിനിധികൾ പങ്കെ ടുക്കുന്ന മഹായോഗമാണ് ചർച്ചചെയ്തിരുന്നത്. ആർച്ചുഡീക്ക നായിരുന്നു മഹായോഗത്തിന്റെ അദ്ധ്യക്ഷൻ.

മാർത്തോമ്മാനസ്രാണികൾ ലത്തീൻഭരണത്തിൻ കീഴിലാ യിരുന്ന കാലഘട്ടത്തിൽ (1599-1896) പ്രാദേശിക പൊതുയോഗ ങ്ങൾ തീർത്തും നാമാവശേഷമായി. കാരണം, സഭാഭരണകാര്യ ങ്ങളിൽ അല്മായവിശ്വാസികളുടെ പങ്കാളിത്തം അനുവദനീയമ ല്ലാത്ത, മെത്രാന്റെ പരമാധികാരഭരണം പ്രചാരത്തിലിരുന്ന പാശ്ചാത്യ രീതികളോട്, യാതൊരു വിധത്തിലും പൊരുത്തപ്പെ ട്ടുപോകാത്തവയായിരുന്നു ഈ യോഗങ്ങൾ എന്നതുതന്നെയാ ണ്. പിന്നീട് രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷമാണ് ഭാഗി കമായെങ്കിലും ഇത്തരത്തിലുള്ള ഭരണസംവിധാനം വീണ്ടെടു ക്കാൻ കഴിഞ്ഞത്. ഇവി ടുത്തെ ഭരണാധികാരികളായിരുന്ന രാജാക്കന്മാരുമായി നസ്രാണി കൾ സുദൃഢമായ ബന്ധം കാത്തുസൂക്ഷിച്ചു. ഹിന്ദുക്കളായ രാജാക്കന്മാർ നസ്രാണികളെ വൈശ്യരുടെ സ്ഥാനത്തായിരുന്നു കണ്ടിരുന്നത്. നസ്രാണികൾ, മാപ്പിളമാർ - കുലീനർ (nobles) എന്നാണറിയപ്പെട്ടിരുന്നത്. രാജാക്കന്മാർ നസ്രാണികൾക്ക് ചെപ്പേടുകളിലൂടെ സ്ഥാന മാനങ്ങൾ നൽകിയതും പള്ളികൾക്ക് കരമൊഴിവാക്കി വസ്തു വകകൾ ദാനം ചെയ്തതും ഹൈന്ദവരുടെ അമ്പലങ്ങൾക്ക് സമീപം നസ്രാണികളെ കുടിപാർപ്പിച്ചതുമൊക്കെ അവർക്ക് സമൂഹത്തിലുണ്ടായിരുന്ന ഉന്നതസ്ഥാനത്തെ വിളിച്ചറിയി ച്ചിരുന്ന വസ്തുതകളാണ്.

## പോർട്ടുഗീസ് കാലഘട്ടം (16-19 നൂററാണ്ടുകൾ)

പതിനാറാം നൂററാണ്ടിന്റെ ആരംഭത്തോടെ ഇന്ത്യയിലേക്കു കടന്നുവന്ന പോർട്ടുഗീസുകാർ ആദ്യകാലങ്ങളിൽ മാർത്തോമ്മാ നസ്രാണികളോടു വളരെ സൗഹാർദ്ദപരമായി പെരുമാറി. എന്നാൽ സൗഹാർദ്ദത തുടരുമ്പോൾതന്നെ അവർ മാർത്തോമ്മാനസ്രാണി കളുടെമേൽ പാഷണ്ഡതയും ശീശ്മയും ആരോപിച്ചു തുടങ്ങി. 1533 ജനുവരി 31-ന് ഗോവാ രൂപത സ്ഥാപിക്കുകയും, പിന്നീട് 1558 ഫെബ്രുവരി 4-ന് ഗോവാ അതിരൂപതയും കൊച്ചി അതിന്റെ സാമന്തരൂപതയും ആകുകയും ചെയ്തതോടെ ആരോപണം കൂടുതൽ ശക്തമായി. മലബാറിൽ കൊച്ചിയും പുറത്ത് ഗോവായും പോർട്ടുഗീസുകാരുടെ മത-രാഷ്ട്രീയ കേന്ദ്രങ്ങളായി മാറി. ഗോവാ മെത്രാപ്പോലീത്ത ഇന്ത്യ മുഴുവന്റെമേലും അധികാരം അവകാശ പ്പെട്ടു. മാത്രമല്ല, മാർത്തോമ്മാനസ്രാണികളുടെ കൽദായബന്ധം ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്തു. തന്മൂലം മാർത്തോമ്മാ നസ്രാണികളുടെ അന്നത്തെ കൽദായ മെത്രാന്മാരായിരുന്ന മാർ ജേക്കബ് (1503-1552), മാർ ജോസഫ് (1558-1569), മാർ അബ്രാഹം (1568-1597) എന്നിവരുമായി അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടു ക്കുന്നതായി കാണാം.

## മാർത്തോമ്മാനസ്രാണികളെ സംബന്ധിച്ചുള്ള പോർട്ടുഗീസ് പദ്ധതി

1. കൽദായ പാത്രിയാർക്കീസിനോടും കൽദായ സഭയോടുമുള്ള മാർത്തോമ്മാനസ്രാണിസഭയുടെ ബന്ധം വിച്ഛേദിക്കുക.
2. മാർത്തോമ്മാനസ്രാണിസഭയുടെ അനന്യമായ വ്യക്തിത്വം നിർണ്ണയിച്ചിരുന്ന തോമ്മായുടെ നിയമം, പൗരസ്ത്യ റീത്ത്, സുറിയാനി ഭാഷ എന്നിവയും ഭാരതീയ സാംസ്കാരിക ഘട കങ്ങളും ഇല്ലാതാക്കി തൽസ്ഥാനത്ത് 'പത്രോസിന്റെ നിയ മവും ലത്തീൻ റീത്തും ലത്തീൻ ഭാഷയും പാശ്ചാത്യ സംസ്കാരവും നടപ്പിലാക്കുക.
3. പൗരസ്ത്യമെത്രാന്മാരുടെ ആഗമനം തടസ്സപ്പെടുത്തി തൽസ്ഥാ നത്ത് മാർത്തോമ്മാനസ്രാണികൾക്കായി ലത്തീൻ മെത്രാന്മാരെ നിയമിക്കുക.
4. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സ്വയംഭരണാവകാശ മെത്രാപ്പോലീത്താ പദവി നിർത്തലാക്കി അതിനെ ഗോവാ അതിരൂപതയുടെ വെറുമൊരു സാമന്തരൂപതയായി തരംതാ ഴ്ത്തുക.

5. മാർത്തോമ്മാ നസ്രാണിസഭയെ പോർട്ടുഗീസ് പദ്രുവാദോ (രക്ഷാധികാരം) ഭരണത്തിൻകീഴിലാക്കുക.

മാർത്തോമ്മാനസ്രാണികളുടെ പിന്നീടുള്ള ചരിത്രം പരിശോധിച്ചാൽ ഈ പദ്ധതികളെല്ലാം പോർട്ടുഗീസുകാർ നടപ്പിൽ വരുത്തിയതായി കാണാൻ കഴിയും.

## ഉദയംപേരൂർ സൂനഹദോസ്

1597-ൽ മാർത്തോമ്മാനസ്രാണികളുടെ അവസാനത്തെ കൽദായ മെത്രാനായിരുന്ന മാർ അബ്രാഹം മരണമടഞ്ഞതോടെ മാർത്തോമ്മാനസ്രാണികളെ ലത്തീനീകരിക്കാൻ പോർച്ചുഗീസുകാർ ക്രമീകൃതമായ ശ്രമമാരംഭിച്ചു.[4] ഈ ശ്രമങ്ങളിൽ ഏററവും ശ്രദ്ധേയമായത് ഗോവാ മെത്രാപ്പോലീത്താ, അലക്സിസ് ഡോം മെനേസിസ് 1599 ജൂൺ 20-26 ന് കേരളത്തിലെ ഉദയംപേരൂരിൽ വിളിച്ചു ചേർത്ത സൂനഹദോസാണ്. തനതായ ശ്ലൈഹികപൈതൃകവും ആരാധനക്രമവും ദൈവശാസ്ത്രവും ആധ്യാത്മികതയും ശിക്ഷണക്രമവുമുണ്ടായിരുന്ന ഭാരതത്തിലെ മാർത്തോമ്മാനസ്രാണികളുടെ സഭാചരിത്രത്തിലെ ഉണക്കാനാവാത്ത ഒരു മുറിവാണ് 1599-ലെ ഉദയംപേരൂർ സൂനഹദോസ്. ആർഷഭാരത സംസ്കാരവും ജീവിതശൈലിയും ഉൾക്കൊണ്ടു വികസിച്ചുവന്ന ശ്ലൈഹികസഭാസമൂഹത്തെ പാശ്ചാത്യവൽക്കരിക്കുന്നതിൽ വലിയൊരു പങ്കാണ് ഈ സൂനഹദോസ് വഹിച്ചത്.

കേരളത്തിലെത്തിയ പോർട്ടുഗീസുകാർക്കു മാർത്തോമ്മാനസ്രാണികളുടെ സുറിയാനി ആരാധനക്രമവും ആചാരരീതികളും ഒട്ടും രുചിച്ചില്ല. ലത്തീൻ ആരാധനാവിധികൾ ഇവിടെ നടപ്പാക്കാൻ അവർ ആവുന്നത്ര ശ്രമിച്ചു. ഗോവയിലെ മെത്രാപ്പോലീത്തായായിരുന്ന ഡോം മെനേസിസ് ഇവിടുത്തെ ഭരണത്തിൽ കൈകടത്താൻ നോക്കി. അങ്കമാലി അതിരൂപതയെ ഗോവയുടെ സാമന്തരൂപതയാക്കി. 1597-ൽ മാർ അബ്രാഹം മരിച്ചപ്പോൾ അധികാരം ഏറ്റെടുത്ത ഗീവർഗീസ് ആർച്ചുഡീക്കനുമായി മെനേസിസ് ഭിന്നതയിലായി. മെനേസിസ് കേരളത്തിലെത്തി മലബാറിലെ പള്ളികൾ സന്ദർശിച്ച് മാർത്തോമ്മാക്രിസ്ത്യാനികളെ ലത്തീൻ രീതികളിലേക്കു നയിക്കാൻ ശ്രമിച്ചു. ഉദയംപേരൂർ സൂനഹദോസിനുള്ള പശ്ചാത്തലവും ഒരുക്കപ്പെട്ടു.

1599 ജൂൺ 20-ന് സൂനഹദോസ് ആരംഭിച്ചു. ഉദയംപേരൂരിൽ നിന്നുള്ള ആളുകളും സ്വമനസാ അവിടെ എത്തിച്ചേർന്നവരും ശെമ്മാശന്മാരും ഒഴികെ 153 വൈദികരും 600 ജനപ്രതിനിധി

കളും ഇതിൽ സംബന്ധിക്കാനെത്തി. ജൂൺ 26-ാം തീയതി ആഘോഷമായ പ്രദക്ഷിണത്തോടെ സൂനഹദോസ് സമാപിച്ചു. സൂനഹദോ സിൽ സജീവമായി പങ്കെടുത്ത ഫാ. റോസ്, ഫാ. ജോൺ കമ്പേരി എന്നിവർ നല്കുന്ന വിവരങ്ങളനുസരിച്ച് ഇതു ശരിയായ ഒരു സൂനഹദോസായിരുന്നില്ല. കാനോനകൾ ഒന്നു പോലും വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടില്ല. സൂനഹദോസ് തീർന്ന ശേഷവും മെനേസിസ് പല കാനോനാകളും കൂട്ടിച്ചേർത്തു. നിയമാനുസൃതമായി നടത്തിയ ഒരു സൂനഹദോസ് ആയിരുന്നില്ല ഇത്. ഭീഷണിയും നാട്ടുരാജാക്കന്മാരുടെ പിൻബലവുമാണ് സൂനഹദോസിനെ വിജയത്തിലെത്തിച്ചത്. പരമ്പരാഗതമായ സഭാ പാരമ്പര്യങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായി സമ്മേളിച്ച ഈ സൂനഹദോസ് അതിൽത്തന്നെ അസാധുവാണ്.

ഏതായാലും ഈ സൂനഹദോസിനുശേഷം ഭാരതത്തിലെ പൗരസ്ത്യസഭയുടെ മുഖം വികൃതമായി. പിതാമഹന്മാർ അഭിമാനപൂർവ്വം കാത്തുപോന്നിരുന്ന സഭാപാരമ്പര്യങ്ങൾ ഈ സൂനഹദോസ് മാറ്റിമറിച്ചു. ഒന്നായിരുന്ന ഈ സഭയെ വെട്ടിമുറിച്ച "കൂനൻകുരിശുസത്യ"ത്തിലേക്കു നയിച്ചതും പ്രസ്തുത സൂനഹദോസുതന്നെ. പരി. കുർബാനയിലെ സ്ഥാപനവിവരണം, വിശ്വാസപ്രമാണം, തിരുവസ്ത്രങ്ങൾ, നോമ്പാചരണം, കുരിശുവരയ്ക്കൽ, ഇടവകഭരണരീതി, കൂദാശാപരികർമ്മങ്ങൾ എന്നിവയെല്ലാം ലത്തീൻ റീത്തിനു അനുരൂപമാക്കി. 'ശ്ലീഹന്മാരുടെ അനാഫൊറ' ഒഴികെയുള്ള അനാഫൊറകൾ നിറുത്തലാക്കി. അങ്ങനെ നിരവധി പാശ്ചാത്യവൽക്കരണശ്രമങ്ങളുടെ ഫലമായി മലബാർസഭയുടെ പൈതൃകവും തനിമയും നശിക്കപ്പെട്ടു.

ക്ലമന്റ് എട്ടാമൻ മാർപാപ്പാ (1592-1603) മാർത്തോമ്മാനസ്രാണികളുടെ അതിരൂപതയായ അങ്കമാലിയുടെ അതിരൂപതാപദവി (Metropolitan status) നീക്കിക്കളഞ്ഞു. ഫ്രാൻസിസ് റോസ് എസ്. ജെ. (1599-1624) നസ്രാണികളുടെ ആദ്യത്തെ ലത്തീൻ മെത്രാനായി നിയമിതനായതോടെ മാർത്തോമ്മാനസ്രാണികളുടെമേൽ ലത്തീൻ സഭാധികാരം ഔദ്യോഗികമായി ആരംഭിച്ചു. 1600 ആഗസ്റ്റ് 4 ന് ക്ലമന്റ് എട്ടാമൻ മാർപാപ്പാ തന്റെ *In Supremo Militantis* എന്ന ശ്ലൈഹിക എഴുത്തിലൂടെ അങ്കമാലിയുടെമേൽ പോർട്ടുഗീസ് (പദ്രുവാദോ) അധികാരം ഏർപ്പെടുത്തി. എന്നാൽ മാർത്തോമ്മാ നസ്രാണികളുടെ അപേക്ഷകളുടെ ഫലമായി 1608 ൽ പോൾ അഞ്ചാമൻ മാർപാപ്പാ *Romanus Pontifex* എന്ന ശ്ലൈഹിക ലേഖന ത്തിലൂടെ അങ്കമാലിയുടെ അതിരൂപതാപദവി

പുനഃസ്ഥാപിച്ചു നൽകി. ഫ്രാൻസിസ് റോസിന്റെ കാലത്ത് രൂപതാസ്ഥാനം അങ്കമാലിയിൽനിന്ന് കൊടുങ്ങല്ലൂരിലേയ്ക്കു മാറ്റി. 1609 ഡിസംബർ 3 ന് പോൾ അഞ്ചാമൻ പാപ്പാ *Alias pro parte* എന്ന ശ്ലൈഹിക ലേഖനത്തിലൂടെ ഈ മാറ്റത്തിന് അംഗീകാരം നല്കുകയും ചെയ്തു. മാർപാപ്പായുടെ അംഗീകാരത്തോടുകൂടെ 1610 ഡിസംബർ 22 ലെ *Omnibus notum* എന്ന ഡിക്രിവഴി മെനേസിസ് അങ്കമാ ലിയുടെ അതിർത്തി കൊച്ചിയുടെയും മൈലാപ്പൂരിന്റെയും ഉള്ളിൽ എന്നു നിജപ്പെടുത്തി. ഇതോടെ മാർത്തോമ്മാനസ്രാണികളുടെ മെത്രാപ്പോലീത്താമാരുടെ ഇന്ത്യ മുഴുവന്റെമേലുമുള്ള അധികാരം അവസാനിപ്പിച്ചു. 2017 ഒക്ടോബർ 9-ന് ഈ അജപാലനാധികാരം ഇന്ത്യമുഴുവനും വ്യാപിക്കപ്പെട്ടത് ഏറെ പ്രതീക്ഷ നല്കുന്നതാണ്.

## കൂനൻകുരിശ് സത്യം-സഭയുടെ പിളർപ്പ്

ഉദയംപേരൂർ സൂനഹദോസിന്റെ ലത്തീനീകരണനയത്തിന്റെ ഫലമായി നസ്രാണികളുടെമേൽ പോർട്ടുഗീസ് അധികാരം ചുമത്തപ്പെട്ടു. ലത്തീൻ മെത്രാന്മാർ ആർച്ചുഡീക്കന്റെ അധികാരാവ കാശങ്ങൾ വെട്ടിച്ചുരുക്കി. തന്മൂലം നസ്രാണികൾ ലത്തീൻ മെത്രാ ന്മാർക്കെതിരായി തിരിഞ്ഞു. ഫ്രാൻസിസ് റോസിനെ തുടർന്ന് സ്റ്റീഫൻ ബ്രിട്ടോയും (1624-1641) ഫ്രാൻസിസ് ഗാർസ്യായും (1641-1659) നസ്രാണികളുടെമേൽ ഭരണം നടത്തി. ഫ്രാൻസിസ് ഗാർസ്യായുടെ ഭരണകാലത്താണ് നസ്രാണികളും ലത്തീൻ ഭരണാ ധികാരികളും തമ്മിലുള്ള സംഘർഷങ്ങൾ അതിന്റെ മൂർദ്ധന്യത്തി ലെത്തിയത്. മലബാർസഭയുടെ ഭരണത്തെച്ചൊല്ലി ആർച്ചുഡീക്കൻ പറമ്പിൽ തോമായും ഫ്രാൻസിസ് ഗാർസ്യായും തമ്മിൽ ശക്തമായ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നു.

1647-ൽ ആർച്ചുഡീക്കൻ മലബാറിലെ പ്രശ്നങ്ങൾ സംബന്ധിച്ച് മാർപാപ്പായ്ക്കും പ്രൊപ്പഗാന്തായ്ക്കും കത്തുകളെഴുതി. മറുപടി ലഭിക്കാതായപ്പോൾ അദ്ദേഹം കാൽദിയൻ, അന്ത്യോക്യൻ, അലക്സാണ്ഡ്രിയൻ, കോപ്റ്റിക് പാത്രിയർക്കീസുമാർക്ക് ഇതു സംബന്ധിച്ച് കത്തുകളെഴുതി അറിയിച്ചു. ഇതിനു മറുപടിയായി കോപ്റ്റിക് പാത്രിയർക്കീസ്, അന്ന് ഈജിപ്തിൽ താമസമാക്കി യിരുന്ന അന്ത്യോക്യൻ സിറിയൻ കത്തോലിക്കാ സഭയിൽപ്പെട്ട മാർ അഹത്തള്ളാ മെത്രാപ്പോലീത്തായെ മലബാറിലേയ്ക്കയച്ചു. 1652 ആഗസ്റ്റ് 25 ന് അദ്ദേഹം മൈലാ

പ്പൂരിലെത്തി. എന്നാൽ പോർട്ടുഗീസ് അധികാരികൾ അദ്ദേഹത്തെ കൊച്ചിയിലെത്താൻ അനുവദി ക്കാതെ ഗോവായിലേയ്ക്ക് അയ്യക്കുകയാണുണ്ടായത്. ഇതേസമയം പോർട്ടുഗീസ് അധികാരികൾ അദ്ദേഹത്തെ കട ലിൽ മുക്കിക്കൊന്നുവെന്നു കിംവദന്തിയും മാർത്തോമ്മാനസ്രാണികൾക്കിടയിൽ പരന്നു. ഇത് നസ്രാണികളെ രോഷാകുലരും നിരാശരുമാക്കി. അവർ മട്ടാഞ്ചേരിയിലുള്ള മാതാവിന്റെ പള്ളിയിൽ ഒത്തുകൂടി. ആർച്ചുഡീക്കനും മറ്റു പ്രധാന വൈദികരും ചേർന്ന് ഇനിമേലിൽ ഈശോസഭാ നേതൃത്വം അംഗീകരി ക്കുകയില്ല എന്നു സത്യം ചെയ്തു. മാർത്തോ മ്മാനസ്രാണികളുടെ 1653 ജനുവരി 3-ലെ ഈ പ്രക്ഷോഭമാണ് ചരിത്രത്തിൽ കൂനൻകുരിശു സത്യം എന്ന പേരിലറിയപ്പെടു ന്നത്.

ഇപ്പോൾ വിവരിച്ചതുപോലെ യഥാർത്ഥമായ സത്യം നട ന്നത് പള്ളിക്കുള്ളിലാണ്. എന്നാൽ, പാരമ്പര്യമനുസരിച്ച് പള്ളി ക്കുള്ളിൽ പ്രവേശിക്കാൻ സാധിക്കാതെ വന്ന ബഹുഭൂരിപക്ഷം ജനങ്ങൾ, മട്ടാഞ്ചേരി പള്ളിയുടെ മുൻവശത്തു സ്ഥാപിച്ചിരുന്ന കുരിശിൽ കയറുകൾ കെട്ടി അതിൽതൊട്ട് സത്യപ്രതിജ്ഞയിൽ പങ്കുകൊണ്ടു. ഈ കുരിശ് ഒരു ചരിഞ്ഞ നിലയിൽ ആയിരുന്ന തുകൊണ്ട് കാലക്രമേണ ഈ പ്രതിജ്ഞ കൂനൻകുരിശു സത്യം എന്ന് അറിയപ്പെടാൻ തുടങ്ങി. എന്നാലിത്, ഫ്രാൻസിസ് ഗാർസ്യായ്ക്കും ഈശോസഭാ നേതൃത്വത്തിനുമെതിരെ ആയിരുന്നു. അല്ലാതെ ഒരിക്കലും മാർപാപ്പായ്ക്കോ പരി. സിംഹാസനത്തിനോ എതിരെ ആയിരു ന്നില്ല. 1653 മെയ് 22ന് നസ്രാണി പ്രതിനിധികൾ ആലങ്ങാട്ട് സമ്മേളി ക്കുകയും 12 വൈദികർ ചേർന്ന് ആർച്ചുഡീക്കനെ ''മെത്രാനായി വാഴിക്കുകയും" അദ്ദേഹം "മാർ തോമ്മാ ഒന്നാമൻ" എന്ന സ്ഥാന പ്പേര് സ്വീകരിച്ച് അധികാരം ഏറ്റെടുക്കുകയും ചെയ്തു. മാർ പാപ്പായുടെ അറിവോടെ എത്തിയ അഹത്തള്ളായുടെ നിർദ്ദേശ പ്രകാരമാണ് ഇപ്രകാരം നടന്നതെന്ന് തെറ്റിദ്ധരിച്ച് ഭൂരിപക്ഷം നസ്രാണികളും ആദ്യം പുതിയ മെത്രാനെ അംഗീകരിച്ചു.

## പ്രൊപ്പഗാന്താ ഇടപെടുന്നു-മാർത്തോമ്മാനസ്രാണികൾ ഇരട്ട അധികാരത്തിൻ കീഴിൽ

മാർത്തോമ്മാനസ്രാണികൾ പോർട്ടുഗീസ് പദ്രുവാദോ അധികാരത്തിൻ കീഴിലും മാർ തോമ്മാ ഒന്നാമൻ മെത്രാന്റെ കീഴിലുമായി ഭിന്നിച്ചു. അന്നത്തെ മാർപാപ്പാ അലക്സാണ്ടർ

ഏഴാമൻ (1655-1667) ഇരുകൂട്ടരെയും ഒന്നിപ്പിക്കുന്നതിനായി ശ്രമിച്ചു. ഇതിനായി കർമ്മലീത്താ മിഷനറിയായ ജോസഫ് സെബസ്ത്യാ നിയെ അദ്ദേഹം മലബാറിലേയ്ക്കയച്ചു. കർമ്മലീത്താ മിഷനറി മാർ പ്രൊപ്പഗാന്തായുടെ (ലോകം മുഴുവനിലുമുള്ള പ്രേഷിതപ്രവർത്തനത്തെ നിയന്ത്രിക്കാനുള്ള റോമിലെ സംവിധാനം. 1622-ലാണ് ഇതു സ്ഥാപിതമായത്) കീഴിലായിരുന്നു പ്രവർത്തിച്ചിരു ന്നത്. 1657 ഫെബ്രുവരിയിൽ സെബസ്ത്യാനി മലബാറിലെത്തി. മാർ അഹത്തള്ളായെ മാർപാപ്പാ അയച്ചതല്ലെന്നും മാർത്തോമ്മാ ഒന്നാമനെ മെത്രാനായി വാഴിച്ചത് അസാധുവായിരുന്നുവെന്നും വളരെപ്പേരെ ബോധ്യപ്പെടുത്തി. റോമിലേയ്ക്ക് തിരിച്ചുപോയ അദ്ദേഹം മെത്രാനായി വാഴിക്കപ്പെട്ടതിനുശേഷം 1661 മെയ് 14ന് വീണ്ടും, മലബാറിലെ വികാരി അപ്പൊസ്തോലിക്കയായി തിരിച്ചെത്തി. മാർത്തോമ്മാ ഒന്നാമന്റെ കീഴിലായിരുന്ന നിരവധി പള്ളികളെ തിരികെ കൊണ്ടുവരുന്നതിൽ അദ്ദേഹം വിജയിച്ചു. എന്നാൽ ഡച്ചുകാരുടെ സമ്മർദ്ദഫലമായി അദ്ദേഹത്തിനു തിരികെ പോകേണ്ടിവന്നു. സെബസ്ത്യാനിയുടെ വരവോടുകൂടിയാണ് പ്രൊപ്പഗാന്താഭരണം മാർത്തോമ്മാനസ്രാണികളുടെയിടയിൽ ആരംഭിച്ചത്. 1663 ഫെബ്രുവരി 1-ന് അദ്ദേഹം ഒരു സ്വദേശി വൈദി കനായ പറമ്പിൽ ചാണ്ടിയെ മെഗാരയുടെ സ്ഥാനിക മെത്രാനായും മലബാറിലേ വികാരി അപ്പൊസ്തോലിക്കയുമായി വാഴിച്ചു. അതോടൊപ്പം മാർത്തോമ്മാ ഒന്നാമനെ സഭാഭ്രഷ്ടനാക്കുകയും ചെയ്തു. പറമ്പിൽ ചാണ്ടിയെ അനുകൂലിച്ചവർ പഴയകൂറ്റുകാർ അഥവാ കത്തോലിക്കർ എന്നും മാർ തോമ്മാ ഒന്നാമനെ അനുകൂലിച്ചവർ അകത്തോലിക്കർ എന്നും പിന്നീട് അറിയപ്പെട്ടു.

1653-ലെ കൂനൻകുരിശുസത്യവും അതേത്തുടർന്നുണ്ടായ മാർത്തോമ്മാ ഒന്നാമന്റെ അസാധുവായ മെത്രാഭിഷേകവും റോമിന്റെ ഇടപെടലുംമൂലം മാർത്തോമ്മാനസ്രാണിസഭ രണ്ടായി പിളർന്നു: കത്തോലിക്കരും അകത്തോലിക്കരും. കത്തോലിക്കരായ മാർത്തോമ്മാ നസ്രാണികൾ മാർപാപ്പായോട് ചേർന്നു നിന്നപ്പോൾ അകത്തോലിക്കർ അന്ത്യോക്യൻ യാക്കോബായ പാത്രിയാർക്കീസിനെ അനുകൂലിക്കുകയും അന്ത്യോക്യൻ ആരാധനക്രമം പിന്തുടരുകയും ചെയ്തു. ഇവരിൽ ഒരുകൂട്ടം വിശ്വാസികൾ ആംഗ്ലിക്കൻ വിശ്വാസസംഹിതകൾ സ്വീകരിക്കുകയും കാലക്രമത്തിൽ മാർത്തോമ്മാസഭ എന്ന പേരിൽ അറിയപ്പെടു

കയും ചെയ്തു. അകത്തോലിക്കരായ മാർത്തോമ്മാ നസ്രാണികൾ, തൊഴിയൂർ സഭ, മാർത്തോമ്മാസഭ, ബാവാകക്ഷി (യാക്കോബായ), മെത്രാൻകക്ഷി (ഓർത്തഡോക്സ്) എന്നിങ്ങനെ നാലു സഭകളായി നിലകൊള്ളുന്നു. ഇവരുടെയെല്ലാം ആരാധനക്രമം അന്ത്യോക്യനാണ്. മെത്രാൻകക്ഷിയിൽനിന്നും ഒരു കൂട്ടം വിശ്വാസികൾ മാർ ഇവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ 1930-ൽ കത്തോലിക്കാസഭയുമായി പുനഃരൈക്യപ്പെട്ടു. ഇക്കൂട്ടരാണ് സീറോ മലങ്കരസഭ എന്ന പേരിൽ ഇന്നറിയപ്പെടുന്നത്.

## മാർത്തോമ്മാക്രിസ്ത്യാനികളുടെ അനുരഞ്ജന ശ്രമങ്ങൾ

വിഭജനകാലം മുതൽ കത്തോലിക്കരും അകത്തോലിക്കരുമായ എല്ലാ മാർത്തോമ്മാക്രിസ്ത്യാനികളുടെയും ഉള്ളിൽ നിലനിന്നി രുന്ന അദമ്യമായ ഒരു ആഗ്രഹമായിരുന്നു, മാർത്തോമ്മാക്രിസ്ത്യാനികൾ എല്ലാവരും പുനരൈക്യപ്പെട്ട് ഒരു തലവന്റെ കീഴിൽ വീണ്ടും ഒറ്റ സഭയായിത്തീരണം എന്നത്. വിഭജനത്തിന്റെ കാലംമുതൽ തന്നെ ബന്ധങ്ങൾ പുനഃസ്ഥാപിക്കുന്നതിനുള്ള കഠിനപരിശ്രമങ്ങൾ തുടങ്ങിയിരുന്നു.

ആദ്യമൊക്കെ, വിപ്ലവനേതാക്കൾക്ക് കത്തോലിക്കാവിശ്വാസമോ കൽദായ റീത്തോ ഉപേക്ഷിക്കുക എന്ന ലക്ഷ്യമുണ്ടായിരുന്നില്ല. 1653 മുതൽ 1772 വരെയും വേർപെട്ടുനിന്ന ഈ വിഭാഗത്തെ ഭരിച്ചിരുന്ന അസാധുവായി പട്ടം ലഭിച്ച മെത്രാന്മാരുടെ (മാർ തോമ്മാ ഒന്നുമുതൽ മാർ തോമ്മാ അഞ്ചുവരെ) ചരിത്രം പരിശോധിച്ചാൽ, കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടാനുള്ള അവരുടെ എല്ലാ പരിശ്രമങ്ങളും പരാജയപ്പെട്ടുകഴിഞ്ഞപ്പോൾ മാത്രമാണ്, തങ്ങളുടെ അജഗണങ്ങളുടെ ആത്മീയനന്മയെ ഉന്നംവച്ച് സാധുതയുള്ള ഒരു മെത്രാഭിഷേകം ലഭിക്കുന്നതിനുവേണ്ടിയുള്ള അവസാന ശ്രമമെന്ന നിലയിൽ അവർ അന്ത്യോക്യൻ പാത്രിയാർക്കീസിന്റെ പക്കലേക്കു തിരിഞ്ഞതെന്നു ബോദ്ധ്യമാകും.

ഈ കാലഘട്ടത്തിലെ പുനരൈക്യശ്രമങ്ങൾ എല്ലാംതന്നെ പരാജയപ്പെടാനുള്ള പ്രധാനകാരണം, മലങ്കര സമൂഹനേതാക്കൾ, തങ്ങളുടെ അജഗണങ്ങളുടെമേൽ നിയമപാലനം നടത്താനുള്ള അധികാരത്തോടെ തങ്ങളെ മെത്രാന്മാരായി അഭിഷേകം ചെയ്തു കത്തോലിക്കാസഭയിലേക്കു സ്വീകരിക്കണം എന്നു

ആവശ്യപ്പെട്ടതുകൊണ്ടാണ്. എന്നാൽ മലബാറിലെ കർമ്മലീത്താ അപ്പസ്തോലിക വികാരിമാരോ പോർട്ടുഗീസ് പദ്രുവാദോ അധികാരികളോ പ്രൊപ്പാഗാന്താ തിരുസംഘമോ, സ്വന്തം അജഗണങ്ങളുടെമേൽ ഭരണം നടത്താനുള്ള അധികാരത്തോടെ ഈ വിഘടിത സമൂഹത്തിന്റെ തലവന്മാരെ മെത്രാന്മാരാക്കി കത്തോലിക്കാസഭയിലേയ്ക്കു ചേർക്കാൻ ഒരുക്കമായിരുന്നില്ല; കാരണം, മാർത്തോമ്മാക്രിസ്ത്യാനികളുടെമേൽ അവർക്കുള്ള അധികാരം നഷ്ടപ്പെടും എന്ന് ചിന്തിച്ചതുകൊണ്ടാണ്. വിഭജിക്കപ്പെട്ടുപോയ സമൂഹത്തെ അതിന്റെ തലവനോടുകൂടെ, അതായത് സ്വദേശത്തും സ്വന്തം റീത്തിലുംപെട്ട ഒരു മെത്രാനോടുകൂടി കത്തോലിക്കാസഭയി ലേയ്ക്കു സ്വീകരിച്ചിരുന്നെങ്കിൽ, മാർത്തോമ്മാക്രിസ്ത്യാനികൾ എല്ലാവരും പുനരൈക്യപ്പെട്ട് ഒരു സഭാതലവന്റെ കീഴിലായിത്തീരുമായിരുന്നു. അങ്ങനെ 16-ാം നൂറ്റാണ്ടിനുമുമ്പ് മാർത്തോമ്മാക്രിസ്ത്യാനികൾക്കുണ്ടായിരുന്ന അവസ്ഥ സംജാതമാകുകയും, ഒരു പക്ഷേ, മാർത്തോമ്മാക്രിസ്ത്യാനികളുടെമേലുള്ള ലത്തീൻ മെത്രാന്മാരുടെ അധികാരം അവസാനിക്കുകയും ചെയ്യുമായിരുന്നു.

## മാർ തോമ്മാ ആറാമന്റെയും ജോസഫ് കരിയാറ്റി മല്പാന്റെയും പുനരൈക്യശ്രമങ്ങൾ

1765-ൽ മാർ തോമ്മാ അഞ്ചാമന്റെ അനന്തിരവനായ ഫാ. ജോസഫ് പറമ്പിൽ, മാർ തോമ്മാ ആറാമൻ എന്ന പേരിൽ, അദ്ദേഹ ത്തിന്റെ പിൻഗാമിയായി സ്ഥാനമേറ്റു. 1772-ൽ മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാൻ മാർ തോമ്മാ ആറാമന് സാധുവായ മെത്രാൻപട്ടം നല്കി. അദ്ദേഹം സ്ഥാനമേറ്റതുമുതൽ മാതൃസഭയി ലേയ്ക്കു തിരിച്ചുവരാനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും അതു നിരന്തരമായി തുടരുകയും ചെയ്തു. മാർ തോമ്മാ ആറാമന്റെ നിരന്തരമായ അഭ്യർത്ഥനമൂലം ഫ്രാൻസിസ് സാലസ് മെത്രാൻ റോമിലെ പ്രൊപ്പാഗാന്താ കോളേജിൽനിന്നും തത്ത്വശാസ്ത്രത്തിലും ദൈവ ശാസ്ത്രത്തിലും ഡോക്ടറേറ്റ് നേടിയ ആദ്യത്തെ മാർത്തോമ്മാ ക്രിസ്ത്യാനിയും മലബാർ വികാരിയാത്തിലുള്ള ആലങ്ങാടു സെമിനാരിയിലെ പ്രൊഫസ്സറും ആയിരുന്ന ഫാ. ജോസഫ് കരിയാറ്റിയെ, വേണ്ട നിർദ്ദേശങ്ങളോടെ അദ്ദേഹത്തിന്റെ പക്കലേക്ക് അയച്ചു. മാർ തോമ്മാ ആറാമനുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം, മാനസാന്തരത്തിന്റെ കാര്യത്തിൽ അദ്ദേഹത്തിനുള്ള ആത്മാർത്ഥതയെക്കുറിച്ച് ബോധ്യം വന്ന കരിയാറ്റിൽ, അദ്ദേഹത്തെ പ്രോത്സാ

ഹിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തു. പുനരൈക്യത്തിനുവേണ്ടി തന്നാലാവുന്നതെല്ലാം ചെയ്യാമെന്നും താങ്കൾക്കു വേണ്ടി ഒരിക്കൽകൂടി റോമിൽ പോകേണ്ടിവന്നാൽ, തന്റെ ജീവൻ ദൈവത്തിനു ബലി കഴിച്ചായാൽപോലും താൻ അതുചെയ്യും എന്ന് അദ്ദേഹം വാഗ്ദാനം ചെയ്യുകയും ചെയ്തു.

മലബാറിലെ പദ്രുവാദോയുടെയും പ്രൊപ്പഗെന്തായുടെയും അധികാരികൾവഴി നടത്തിയ എല്ലാ പുനരൈക്യശ്രമങ്ങളും പരാജയപ്പെട്ടതിനെ തുടർന്ന് രണ്ടു അധികാരങ്ങളിലുംപെട്ട 72 മാർ ത്തോമ്മാ കത്തോലിക്കാ ഇടവകകൾ ചേർന്ന് 1778 ഏപ്രിലിൽ കൂടിയ ഒരു പൊതു പള്ളിയോഗത്തിൽവച്ച് ഫാ. ജോസഫ് കരിയാറ്റിലിന്റെ നേതൃത്വത്തിൽ ഫാ. പാറേമ്മാക്കലിനോടൊപ്പം ഒരു പ്രതിനിധി സംഘത്തെ പോർട്ടുഗലിലേയ്ക്കും റോമിലേയ്ക്കും അയയ്ക്കാൻ തീരുമാനിച്ചു. കേരളത്തിലെ മിഷനറിമാരുടെ മാദ്ധ്യസ്ഥ്യം കൂടാതെതന്നെ മറ്റു കാര്യങ്ങളോടൊപ്പം മാർത്തോമ്മാ ആറാമന്റെ പുനരൈക്യം സംബന്ധിച്ച വിഷയം ഉന്നതാധികാരി കളുമായി നേരിട്ടു കൈകാര്യം ചെയ്യുന്നതിനുവേണ്ടിയായിരുന്നു ഇത്. 1779 പ്രതിനിധി സംഘം പോർട്ടുഗലിലും തുടർന്ന് 1780-ൽ റോമിലും എത്തി വിവരങ്ങൾ അധികാരികളെ ധരിപ്പിച്ചു.

നിരവധി പ്രതിബന്ധങ്ങൾക്കും പ്രതിസന്ധികൾക്കുമൊടുവിൽ 1782 ജൂലൈ 16-ന് പോർട്ടുഗീസ് രാജ്ഞി മരിയ ഫ്രാൻ ചെസ്ക്കാ, കൊടുങ്ങല്ലൂരിലെ ഒഴിഞ്ഞുകിടന്നിരുന്ന പദ്രുവാദോ അതിരൂപത യുടെ മെത്രാപ്പോലീത്തായായി ജോസഫ് കരിയാറ്റിയെ നാമനിർ ദ്ദേശം ചെയ്യുകയും 1782 ഡിസംബർ 16-ന് പോർട്ടുഗീസ് രാജാവിന്റെ പദ്രുവാദോ അധികാരത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി മാർപാപ്പാ ഈ നിയമനം സ്ഥിരീകരിക്കുകയും ചെയ്തു. 1783 ഫെബ്രുവരി 17-ന് ലിസ്ബണിലെ സെന്റ് ബനഡിക്ട് ദൈവാല യത്തിൽവച്ച് കരിയാറ്റിൽ മെത്രാനായി അഭിഷിക്തനായി. അതേ വർഷം മാർച്ച് 17-ന് അദ്ദേഹം പാലിയം സ്വീകരിക്കുകയും ചെയ്തു.

കർക്കശമായ നിബന്ധനകളോടെയാണെങ്കിലും, മാർ തോമ്മാ ആറാമനെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കാനുള്ള സർവ്വ അധികാരവും കരിയാറ്റിക്കു നൽകി എന്നാണു പൊതുവെ കരുത പ്പെടുന്നത്. 1786 മെയ് 1-ന് ഗോവയിലെത്തി, 4 മാസത്തിലേറെ അദ്ദേഹം അവിടെ താമസിച്ചു. നിർഭാഗ്യവ

ശാൽ, 1786 സെപ്റ്റംബർ 10-ന് കരിയാറ്റിൽ ഗോവയിൽവച്ച് ആകസ്മികമായി നിര്യാതനായി. മാർ തോമ്മാ ആറാമന്റെ പുനരൈക്യശ്രമങ്ങൾക്കേറ്റ വലിയ ആഘാ തമായിരുന്നു മാർ കരിയാറ്റിയുടെ ആകസ്മിക വേർപാട്. മാതൃസഭയുടെ ഐക്യത്തിനുവേണ്ടി സ്വന്തം ജീവൻപോലും ത്യജിച്ചയാളാണ് മാർ ജോസഫ് കരിയാറ്റി.

മാർത്തോമ്മാനസ്രാണിസഭ ഒരുമയോടെ മുന്നോട്ടുപോകാനും വിഘടിച്ചുപോയ സഹോദരങ്ങളെ മാതൃസഭയിലേക്ക് ആനയിക്കുവാനുമായി നീണ്ട 8 വർഷങ്ങൾ കരിയാറ്റിയും പാറേമ്മാക്കലും പരിശ്രമിച്ചു. അവരുടെ റോമായാത്രയുടെ വിവരണമാണ് 'വർത്തമാനപ്പുസ്തകം'. മലയാളഭാഷയിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതിയാണ് പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ വർത്തമാനപ്പുസ്തകം. കരിയാറ്റിൽ യൗസേപ്പ് മെത്രാപ്പോലീത്തായും പാറേമ്മാക്കൽ തോമ്മാക്കത്തനാരുംകൂടി നടത്തിയ ലിസ്ബൺ-റോമായാത്രയുടെ (1768-1786) വിവരണമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. വിദേശമേൽക്കോയ്മമൂലം പൊറുതിമുട്ടിയ മാർത്തോമ്മാനസ്രാണികളുടെ വേദനാജനകവും ത്യാഗോജ്ജ്വലവുമായ ചരിത്രത്തിന്റെ ഉദ്വേഗജനകമായ വിവരണമാണിത്. കൊളോണിയൽ മിഷനറിമാരുടെ ചൂഷണങ്ങളും വിദേശമേധാവിത്വത്തിനെതിരെ സുറിയാനിക്കാരുടെ പ്രതിഷേധവും ഏതദ്ദേശീയ മെത്രാന്മാർക്കുവേണ്ടിയുള്ള പോരാട്ടവും സുറിയാനി സമുദായത്തിന്റെ മാതൃസഭയോടുള്ള സ്നേഹവുമെല്ലാം ഈ ഗ്രന്ഥത്തിലുടനീളം തെളിഞ്ഞുനില്ക്കുന്നു. രസകരവും വിജ്ഞാനപ്രദവുമായ ഒരു യാത്രാവിവരണം എന്നതിലുപരി ഇതു കരുത്തുറ്റൊരു വിപ്ലവാതിഹാസമാണ്; സ്വയംഭരണത്തിനുവേണ്ടിയുള്ള ആവേശഭരിതമായ സമരാഹ്വാനവും.

പാറേമ്മാക്കൽ തോമ്മാക്കത്തനാരും കരിയാറ്റിൽ മല്പാനും രണ്ടു സെമിനാരിക്കാരും ചേർന്നുനടത്തിയ ലിസ്ബൺ-റോമായാത്രയുടെ അനുഭവവിവരണങ്ങളാണ് ഗ്രന്ഥത്തിലുടനീളം. ലിസ്ബണിലെത്തി പോർട്ടുഗൽ രാജ്ഞിയുടെ മുമ്പാകെ ഹർജി സമർപ്പിക്കുന്നതും തുടർന്നു റോമിനുപോയി ആറാംപീയൂസ് മാർപാപ്പായെ സന്ദർശിക്കുന്നതും തിരിച്ചു പോർട്ടുഗലിൽ വരുന്നതും കരിയാറ്റിൽ മല്പാൻ മെത്രാപ്പോലീത്തായാകുന്നതും അതിനുശേഷം ഗോവയിലേക്കു മടങ്ങുന്നതും ഈ യാത്രയിലുടനീളം ഉണ്ടായ തിക്താനുഭവങ്ങളും ഗ്രന്ഥത്തിൽ വിവരിക്കപ്പെടുന്നു. അവിടെവച്ചാണ് തോമ്മാക്കത്തനാർ സുറിയാനിക്കാരുടെ ഗോവർണ്ണദോരായി നിയമിക്കപ്പെടുന്നത്.

ഭാരതത്തിലെ മാർത്തോമ്മാനസ്രാണികളുടെ ചരിത്രത്തിലെ നിരവധി സംഭവങ്ങളുടെ നിത്യസ്മാരകമായി ഈ ഗ്രന്ഥം നിലകൊള്ളുന്നു. മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പുനരൈക്യം സാധിതമാക്കുക, ഏതദ്ദേശീയമെത്രാന്മാരെയും സ്വന്തമായ ഒരു സെമിനാരിയും സുറിയാനിക്കാർക്കായി നേടുക തുടങ്ങിയ ലക്ഷ്യങ്ങളുമായാണ് ചരിത്രപ്രസിദ്ധമായ ആ റോമായാത്ര നടത്തപ്പെട്ടത്. ഗോവർണ്ണദോരുടെയും കരിയാറ്റിൽ മെത്രാപ്പോലീത്തായുടെയും നലംതികഞ്ഞ സഭാസ്നേഹം ഈ ഗ്രന്ഥം നിതരാം വ്യക്തമാക്കുന്നു. മാർത്തോമ്മാനസ്രാണികളെക്കുറിച്ചു മിഷനറിമാർ റോമിനയച്ച വ്യാജറിപ്പോർട്ടിനു മറുപടിയായി എഴുതപ്പെട്ടിരിക്കുന്ന 72-ാം പദമാണ് വർത്തമാനപ്പുസ്തകത്തിലെ ഏറ്റം ഉജ്ജ്വലമായ അധ്യായം. “നീയും നിന്റെ ജാതിയും മാർഗ്ഗം എന്നും ഈശോമിശിഹാ എന്നും ഉള്ള കേൾവികേൾക്കുന്നതിനു മുമ്പിൽ മലങ്കര വിശ്വാസികളും പട്ടക്കാരും മെത്രാന്മാരും ഉണ്ടായിരുന്നു....” എന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് തങ്ങളുടെ പൗരാണികമായ സുറിയാനി പൈതൃകത്തിൽ അഭിമാനം കൊണ്ടിരുന്ന രണ്ടു സഭാസ്നേഹികളെയാണ് വർത്തമാനപ്പുസ്തകം നമുക്കു പരിചയപ്പെടുത്തിത്തരുന്നത്. 18-ാം നൂറ്റാണ്ടിലെ നസ്രാണികളുടെ തുടിപ്പും കിതപ്പും ഈ ഗ്രന്ഥത്തിന്റെ ഓരോ വരിക്കും മിഴിവേകുന്നു. സഭാസ്നേഹവും സമുദായബോധവും നിറഞ്ഞുനില്ക്കുന്ന വിശിഷ്ടമായ ഈ കൃതി മാർത്തോമ്മാനസ്രാണിസഭയിൽപ്പെട്ട ഓരോ അംഗവും സശ്രദ്ധം വായിക്കുകയും നമ്മുടെ പൂർവികർ തങ്ങളുടെ പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിക്കാൻ എത്രമാത്രം ശ്രമിച്ചു എന്ന് മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്.

മാർ കരിയാറ്റിലിന്റെ നിര്യാണത്തിനുശേഷം 1799 വരെയും, മാർ തോമ്മാ ആറാമൻ പുനരൈക്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ആത്മാർത്ഥമായി തുടർന്നുകൊണ്ടിരുന്നെങ്കിലും അവസാന വിജയം കണ്ടെത്താനായില്ല. പാറേമ്മാക്കലിനെ മെത്രാനായി ലഭിക്കണമെന്ന് നസ്രാണികൾ ആഗ്രഹിച്ചു. നാട്ടുമെത്രാനെ ലഭിക്കാനുള്ള സുസംഘടിത നീക്കത്തിനു ഉദാഹരണമാണ് 1787-ൽ നടന്ന പ്രസിദ്ധമായ അങ്കമാലിയോഗം.

1787 ഫെബ്രുവരി ഒന്നാം തീയതി 84 പള്ളിക്കാർ അങ്കമാലിയിൽ ഒരുമിച്ചുകൂടി ചരിത്രപ്രസിദ്ധമായ അങ്കമാലി പടിയോല എഴുതിയുണ്ടാക്കി. അബ്രാഹം മെത്രാപ്പോലീത്തായുടെ കാലം മുതൽ സുറിയാനിക്കാർക്ക് പാശ്ചാത്യമിഷനറിമാരിൽനിന്നും

നേരിടേണ്ടിവന്ന പ്രയാസങ്ങളാണ് ഇതിന്റെ ഉള്ളടക്കം. മിഷനറിമാരുടെ അധാർമ്മികതയും മാർ കരിയാറ്റിയുടെ മരണത്തിൽ അവർക്കുള്ള പങ്കും ഏതദ്ദേശീയ മെത്രാന്മാർക്കുവേണ്ടിയുള്ള സുറിയാനിക്കാരുടെ ആവേശവുമാണ് ഇതിലുടനീളം പ്രത്യക്ഷപ്പെടുക.

സഭയുടെ സ്വത്വബോധവും സമുദായബോധവും ഇവിടെ തെളിഞ്ഞുകാണുന്നു. എന്നാൽ ഇവിടെയുള്ള മിഷനറിമാരുടെ കൂട്ടായ പ്രയത്നംകൊണ്ട് നസ്രാണികളുടെ ഈ ആഗ്രഹം നടന്നില്ല. പാറേമ്മാക്കലിനെ മെത്രാനാക്കാതിരിക്കാനുള്ള നീക്കത്തിൽ മിഷനറിമാർ വിജയിച്ചു. മലബാറിലുണ്ടായിരുന്ന പദ്രുവാദോ, പ്രൊപ്പഗാന്താ അധികാരികളുടെ താല്പര്യമില്ലായ്മയും പ്രത്യേകിച്ച്, കർമ്മലീത്താക്കാരായ അപ്പസ്തോലിക വികാരിമാരുടെയും അവരുടെ മിഷനറിമാരുടെയും എതിർപ്പും അവർ ഉണ്ടാക്കിയ തടസ്സങ്ങളുമായിരുന്നു കാരണം. മാർ തോമ്മാ ആറാമന്റെ എക്യുമെനിക്കൽ പ്രവർത്തനങ്ങൾ അന്തിമമായി പരാജയപ്പെടാൻ പ്രധാന കാരണമായിത്തീർന്നതും ഇവർതന്നെ. കത്തോലിക്കാസഭയുടെ മടിത്തട്ടിൽ എല്ലാ മാർത്തോമ്മാക്രിസ്ത്യാനികളുടെയും ഐക്യവും കൂട്ടായ്മയും പുനഃസ്ഥാപിക്കുക എന്ന സ്വപ്നം സാക്ഷാത്കരിക്കാനാകാതെ മാർ തോമ്മാ ആറാമൻ 1808 മെയ് 13-ന് ദിവംഗ തനായി.

## സഭ കൂടുതൽ പ്രതിസന്ധികളിലൂടെ

1838-ൽ പദ്രുവാദോ ഭരണം ഇന്ത്യയിൽ നിർത്തലാക്കിയപ്പോൾ കൊടുങ്ങല്ലൂർ അതിരൂപതയിൽപ്പെട്ട മാർത്തോമ്മാനസ്രാണികൾ പ്രൊപ്പഗാന്താഭരണത്തിൻ കീഴിലായി. ലത്തീൻ ഭരണത്തിൽ മാർത്തോമ്മാനസ്രാണികൾ വീർപ്പുമുട്ടി. തങ്ങളുടെ പാരമ്പര്യങ്ങളും പൈതൃകവും നഷ്ടപ്പെടാതിരിക്കാൻ പൗരസ്ത്യസുറിയാനിസഭയിൽനിന്നുള്ളവർതന്നെ നേതാക്കന്മാരായി വരണമെന്നവർ ആഗ്രഹിച്ചു. സ്വന്തറീത്തിൽപ്പെട്ട ഒരു മെത്രാനെ തങ്ങളുടെ സമുദായത്തിനു വേണമെന്നുള്ള അടങ്ങാത്ത ആഗ്രഹം മൂലം 1857-ൽ ആന്റണി കുടക്കച്ചിറ, ആന്റണി തൊണ്ടനാട്ട് എന്നിവരുടെ നേതൃത്വത്തിൽ മാർത്തോമ്മാനസ്രാണികളുടെ ഒരു സംഘം ഒരു കൽദായ മെത്രാനെ കൊണ്ടുവരുന്നതിനായി ബാഗ്ദാദിലേക്ക് യാത്രയായി. മാർ ജോസഫ് ഔദോ പാത്രിയാർക്കീസ് തോമസ് റോക്കോസ് എന്ന കൽദായ വൈദികനെ മെത്രാനായി വാഴിച്ച് 1861ൽ മലബാറിലേയ്ക്ക് അയച്ചു.

റോക്കോസ് മെത്രാൻ അനധികൃതമായിട്ടാണ് വരുന്നതെന്ന് റോമിൽനിന്നും വരാപ്പുഴ വികാരി അപ്പസ്തോലിക്കായെ അറിയിച്ചു. 154 സുറിയാനി കത്തോലിക്കാ പള്ളികളിൽ 86 പള്ളികൾ പൂർണമായും 30 പള്ളികൾ ഭാഗികമായും റോക്കോസിനെ സ്വീകരിച്ചു. 1861-ൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 9-ാം പീയൂസ് മാർപാപ്പായ്ക്കെഴുതുകയും മാർപാപ്പാ സെപ്റ്റംബർ 5 ന് മറുപടി അയക്കുകയും ചെയ്തു. മാർപാപ്പായുടെ കത്തിൽ റോക്കോസിന്റെ നിയമനം അസാധുവാണെന്ന് എഴുതിയിരുന്നു. 1861 നവംബർ 30ന് റോക്കോസിനെ വരാപ്പുഴയുടെ സഹായമെത്രാൻ ബർണ്ണർദീനോസ് മഹറോൻ ചൊല്ലി 1862 ൽ ബാഗ്ദാദിലേക്ക് മടക്കി അയച്ചു. ആന്റണി തൊണ്ടനാട്ട് അദ്ദേഹത്തോടൊപ്പം ബാഗ്ദാദിലേക്ക് പോവുകയും ഒരു നെസ്തോറിയൻ മെത്രാനിൽനിന്നും മെത്രാൻ പട്ടം സ്വീകരിച്ച് അബ്ദീശോ എന്ന പേരിൽ നാട്ടിൽ തിരിച്ചെത്തുകയും ചെയ്തു. എന്നാൽ അബ്ദീശോ മെത്രാനെ സ്വീകരിക്കാൻ മാർത്തോമ്മാനസ്രാണികൾ അധികം തയ്യാറായില്ല. കാരണം മാർത്തോമ്മാനസ്രാണിസഭയുടെ പിളർപ്പ് ആരും ആഗ്രഹിച്ചിരുന്നില്ല. മാർപാപ്പായോടും സഭാധികാരികളോടും സഭാംഗങ്ങൾക്ക് എന്നും വിധേയത്വവും ഉണ്ടായിരുന്നു എന്നതും വ്യക്തമാണ്. ഒരു നാട്ടുമെത്രാന്റെയോ സ്വജാതി മെത്രാന്റെയോ അഭാവം നസ്രാണിസഭയിൽ പ്രകടമായിരുന്നു. ഇത് അവരുടെ സമുദായബോധത്തിനും സ്വത്വബോധത്തിനും മങ്ങലേല്പിച്ചു.

തങ്ങളുടെ റീത്തും ആരാധനക്രമ ഭാഷയും അറിയാവുന്ന തങ്ങളുടെ മാത്രമായുള്ള ഒരു മെത്രാനുവേണ്ടിയാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ എപ്പോഴും ദാഹിച്ചത്. കൊടുങ്ങല്ലൂരിലെ പദ്രുവാദോ അതിരൂപതയിലെ ശ്ലൈഹികശുശ്രൂഷയുടെ അഭാവവും പ്രൊപ്പഗാന്തായുടെ കർമ്മലീത്താഭരണത്തിലുള്ള അതൃപ്തിയും കാരണം പൗരസ്ത്യക്രിസ്ത്യാനികൾക്ക് സ്വന്തമായി ഒരു പ്രത്യേക മെത്രാൻ വേണമെന്ന ആഗ്രഹം വളരെ ഉത്കടമായിരുന്നു. ചില മാർത്തോമ്മാക്രിസ്ത്യാനികൾ, പ്രത്യേകിച്ച് പദ്രുവാദോ അധികാ രത്തിൻ കീഴിൽപ്പെട്ടവർ, പണം സ്വരൂപിക്കാനായി ഇന്ത്യയിൽ വന്ന അഗസ്റ്റിൻ, ഫിലിപ്പ് അസ്സീസ് എന്നീ കൽദായ സന്ന്യാസിമാരുടെ പ്രോത്സാഹനത്തിന്റെകൂടി ഫലമായി ഒരു മെത്രാനുവേണ്ടി ജോസഫ് ഔദോ പാത്രിയാർക്കീസിനോട് അപേക്ഷിച്ചുകൊണ്ട് നിവേദനങ്ങൾ അയച്ചു. തങ്ങളുടെ സമുദായത്തിന്റെ കെട്ടുറപ്പിനും പൈതൃകസംരക്ഷണം സുഗമമായി

നടക്കുന്നിനും സ്വന്ത റീത്തിൽ പ്പെട്ട മെത്രാൻതന്നെ വേണമെന്ന് മാർത്തോമ്മാനസ്രാണികൾക്ക് ബോദ്ധ്യമായി.

*കും എക്ലേസ്യാസ്റ്റിക്കാ ഡിസിപ്ലിനാ* എന്ന പ്രമാണ രേഖയിലെ കൽപനകളും പരിശുദ്ധ സിംഹാസനത്തിന്റെ ആവർത്തിച്ചുള്ള മുന്നറിയിപ്പുകളും മറികടന്ന്, പ്രൊപ്പഗാന്തായെ അറിയിക്കാതെ, 1874 മെയ് 24-ന് പാത്രിയാർക്കീസ് രണ്ടു മെത്രാന്മാരെ അഭിഷേകം ചെയ്യുകയും, തുടർന്ന് അതുവരെ മെസപൊട്ടേമിയായിലുള്ള അക്രായിലെ മെത്രാനായിരുന്ന യോഹന്നാൻ ഏലിയാസ് മേലൂ സിനെ മലബാറിലേയ്ക്കയക്കാൻ തീരുമാനിക്കുകയും ചെയ്തു. വിവരമറിഞ്ഞ പ്രൊപ്പഗാന്തായും മാർപാപ്പായും ഈ ഉദ്യമത്തിൽ നിന്നും പിന്തിരിയണമെന്ന് പാത്രിയാർക്കീസിനോടും മേലൂസി നോടും കൽപിച്ചു. എന്നാൽ, മേലൂസും കൂട്ടാളികളും മലബാറി ലേയ്ക്കു യാത്ര തിരിക്കുകതന്നെ ചെയ്തു.

ഈ വിവരം അറിഞ്ഞ ഒൻപതാം പീയൂസ് മാർപാപ്പാ 1874 ആഗസ്റ്റ് ഒന്നിന് വികാരി അപ്പസ്തോലിക്കയായ ലയനാർദോ മെല്ലാനോ, സഭാ സുപ്പീരിയർമാർ, വൈദികർ, ജനങ്ങൾ എന്നിവരെ യെല്ലാം അഭിസംബോധന ചെയ്ത് *സ്പെക്കുലാത്തോരെസ് സുപെർ* എന്ന ശ്ലൈഹികലേഖനംവഴി മെലൂസിന്റെ ആഗമനം തന്റെ ഇംഗിതത്തിനു വിരുദ്ധമാണെന്ന് അറിയിച്ചു. കൂടാതെ, മേലൂസോ മറ്റേതെങ്കിലും കൽദായ മെത്രാനോ ഇന്ത്യയിൽ വന്നാൽ, ആവശ്യ മായ മുന്നറിയിപ്പുകൾക്കുശേഷവും അവർ അനുസരിക്കാൻ വിസ്സമ്മ തിക്കുകയാണെങ്കിൽ അവരെ സഭയിൽനിന്നു മഹറോൻ ചൊല്ലി പുറത്താക്കാനുള്ള അധികാരം അപ്പസ്തോലിക വികാരിക്ക് നൽകുകയും ചെയ്തു.

1874 ഒക്ടോബർ രണ്ടിന് കൽദായ മെത്രാനായ മേലൂസ് കേരളത്തിലെ തൃശൂരിലെത്തി. മാർപാപ്പായുടെ ഉത്തരവനുസരിച്ച്, ഒക്ടോബർ 25-ന് വികാരി അപ്പസ്തോലിക്കയായ ലയനാർദോ മെല്ലാനോ അദ്ദേഹത്തെ സഭാഭ്രഷ്ടനാക്കി. കാലക്രമേണ, തന്റെ മാനസാന്തരത്തിനുശേഷം ഒരു സാധാരണ ഇടവക വൈദികനായി ജീവിച്ച തൊണ്ടനാട്ട് അന്തോനിയച്ചനും (അബ്ദീശോ മെത്രാൻ) മേലൂസിനൊപ്പം ചേർന്നു. നിരവധി നാടകീയ സംഭവങ്ങൾക്കൊടു വിൽ മേലൂസ് ഇന്ത്യ വിട്ടുപോകുകയും പിന്നീടു മാനസാന്തരപ്പെടുകയും ചെയ്തെങ്കിലും, ഇന്ത്യയിലെ ശീശ്മക്കാരായ നേതാക്കന്മാ രുടെ കടുംപിടുത്തവും നാട്ടുകാരനായ ഒരു പൗരസ്ത്യ കത്തോ ലിക്കാമെത്രാന്റെ അഭാവവും മലബാറിൽ ശീശ്മ നിലനിൽക്കു ന്നതിനു

കാരണമായി. മേലൂസ് സ്ഥലംവിട്ടതിനുശേഷം അദ്ദേഹ ത്തിന്റെ കുറെ അനുയായികൾ മാതൃസഭയിലേയ്ക്കു തിരിച്ചുവന്നു. റോക്കോസ് മേലൂസ് ശീശ്മയിൽപ്പെട്ട മാർത്തോമ്മാനസ്രാണി കളെ സംഘടിപ്പിച്ച് മാർ അബ്ദീശോ തൃശൂർ കേന്ദ്രമാക്കി ശൂറായി സഭയ്ക്കു ജന്മം നൽകി. മാർത്തോമ്മാനസ്രാണികളുടെ ആവ ശ്യപ്രകാരമാണ് റോക്കോസും മേലൂസും മലബാറിൽ വന്നത്. പാശ്ചാത്യമിഷനറിമാരുടെ മേൽക്കോയ്മ ഇവിടുത്തെ സഭയെ ശ്വാസംമുട്ടിച്ചപ്പോൾ ആ ദുരവസ്ഥയിൽനിന്നും രക്ഷനേടാനും പൗരസ്ത്യപാരമ്പര്യങ്ങൾ കാത്തുസൂക്ഷിക്കാനുമുള്ള വെമ്പലാ യിരുന്നു റോക്കോസ്, മേലൂസ് സംഭവങ്ങളിൽ കാണുന്നത്.

## മാന്നാനം ഹർജിയും മററു നിവേദനങ്ങളും

1875 ജൂലൈ 28ന് ലൂയിസ് പഴേപറമ്പിലും ഏഴ് CMI വൈദി കരുംചേർന്നു മാന്നാനത്തുവച്ച് എഴുതിയുണ്ടാക്കിയ ഹർജി റോമി ലേയ്ക്കയച്ചു. ഹർജിയിലെ പ്രധാന ആശയങ്ങൾ.

1. സുറിയാനിക്കാർക്ക് പ്രത്യേക മെത്രാനില്ലാതിരുന്നതുകൊ ണ്ടാണ് റോക്കോസും മേലൂസും മലബാറിൽ പ്രശ്നങ്ങൾ ഉണ്ടാക്കിയത്.
2. സുറിയാനിക്കാർക്ക് പ്രത്യേകം മെത്രാനെ നൽകണം.
3. ആവശ്യമെങ്കിൽ ഒരു വിസിറ്ററെ നിയമിച്ച് അന്വേഷണം നടത്തണം.

മാന്നാനം, പുളിങ്കുന്ന് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി റോമി ലേക്കയക്കപ്പെട്ട മറ്റു ഹർജികളിലെ പ്രധാന ആശയങ്ങൾ:

1. തൃശൂരിൽ മേലൂസിന്റെ സാന്നിദ്ധ്യംമൂലം മലബാറിൽ വലിയ ചിന്താക്കുഴപ്പവും അരാജകത്വവും നിലനിൽക്കുന്നു.
2. അനുദിനം വളരുന്ന ശീശ്മക്കെതിരായി കർമ്മലീത്താ മെത്രാന്മാർ ഒന്നും ചെയ്തില്ല-മാർത്തോമ്മാനസ്രാണികൾ അവരുമായി യാതൊരു സമ്പർക്കവും ആഗ്രഹിച്ചില്ല.
3. മറ്റു ദേശങ്ങളിൽ ഇപ്പോൾതന്നെയുള്ള ഒരവകാശം- സ്വന്തം റീത്തിലുള്ള ഒരു മെത്രാനെ ലഭിക്കാനുള്ള അവകാശം- മാർത്തോമ്മാനസ്രാണികൾ ആവശ്യപ്പെട്ടു.
4. ഭരണത്തിനും വിദ്യാഭ്യാസത്തിനുംവേണ്ടി ഒരു ഈശോ സഭാ മെത്രാനെയും, പൊന്തിഫിക്കലും സഭാപരവുമായ കാര്യങ്ങൾ ക്കായി സുറിയാനിക്കാരനായ മറ്റൊരു മെത്രാ

നെയും അനുവദിക്കുക മാത്രമാണ് മലബാറിൽ സമാധാനത്തിനുള്ള ഏകമാർഗ്ഗം.

5. നാട്ടുകാരനായ ഒരു സുറിയാനി മെത്രാനെ അനുവദിക്കുകയാണെങ്കിൽ സമാധാനമുണ്ടാവുകയും യാക്കോബായക്കാരുടെ പുനരൈക്യം സാധ്യമാവുകയും ചെയ്യും.

ഈ നിവേദനങ്ങൾ പരിഗണിച്ചശേഷം മാർത്തോമ്മാ നസ്രാണി പുരോഹിതരുടെ ഇടയിൽനിന്ന് ഒരു വികാരി ജനറാളിനെയും നാല് ഉപദേശകരെയും നിയമിക്കാൻ പ്രൊപ്പഗാന്താ മാഴ്സെലിനോട് (അന്നത്തെ വരാപ്പുഴയുടെ സഹായമെത്രാൻ) ആവശ്യപ്പെട്ടു. എന്നാൽ പ്രൊപ്പഗാന്തായുടെ നിർദേശങ്ങൾ നടപ്പാക്കാൻ മാഴ്സെലിൻ കൂട്ടാക്കിയില്ല.

മാന്നാനം ഹർജിക്ക് നേതൃത്വംകൊടുത്ത ഏഴു CMI വൈദികരെയും സഭയിൽനിന്ന് കർമ്മലീത്തക്കാർ പുറത്താക്കി. ഇവരാണ് സഭാചരിത്രത്തിലെ 'ഏഴു വ്യാകുലങ്ങൾ' എന്നറിയപ്പെടുന്നത്. സ്വജാതിമെത്രാനുവേണ്ടി വാദിച്ചതിന്റെ പേരിൽ തങ്ങളുടെ സഭാസമൂഹത്തിൽനിന്നും പുറത്താക്കപ്പെട്ടവരാണിവർ. സ്വന്തം റീത്തും അതിന്റെ അവകാശങ്ങളും സംരക്ഷിക്കപ്പെടണമെന്നു നമ്മുടെ പൂർവികർക്ക് ആഗ്രഹമുണ്ടായിരുന്നു. വിദേശമേൽക്കോയ്മയിൽ നിന്നും സഭയെ സ്വതന്ത്രയാക്കി നാട്ടുമെത്രാന്മാരുടെ കീഴിൽ സഭയുടെ പാരമ്പര്യം അഭംഗുരം കാത്തുസൂക്ഷിക്കാൻ അവർ ആഗ്രഹിച്ചു. മാന്നാനം ഹർജിക്ക് നേതൃത്വം നൽകിയത് ളൂയീസ് പഴേപറമ്പിലച്ചനായിരുന്നു. ഇദ്ദേഹം പിന്നീട് എറണാകുളം വികാരിയാത്തിന്റെ ആദ്യത്തെ നാട്ടുമെത്രാനായി.

## അപ്പസ്തോലിക സന്ദർശകർ

പരിശുദ്ധ സിംഹാസനം മാന്നാനം ഹർജി പരിഗണിച്ചുകൊണ്ട് കത്തോലിക്കരായ മാർത്തോമ്മാ നസ്രാണികളുടെ പ്രശ്നങ്ങൾ പഠിക്കുവാൻ ശ്ലൈഹികസന്ദർശകരെയും പ്രതിനിധികളെയും അയയ്ക്കുന്ന ചരിത്രമാണ് ഇനി കാണുന്നത്.

### ജോൺ ഗബ്രിയേൽ ലെയോ മൊയ്റീൻ (1825-1895)

മാർത്തോമ്മാനസ്രാണികളുടെ സ്വജാതി മെത്രാനുവേണ്ടിയുള്ള അടങ്ങാത്ത ദാഹത്തിന്റെ അനന്തരഫലങ്ങളായിരുന്നു റോക്കോസ്-മേലൂസ് ശീശ്മകൾ. തൽഫലമായി മാർത്തോമ്മാ നസ്രാണികളുടെ ഇടയിൽ നിലനിന്ന അസ്വസ്ഥതയും ചിന്താ

ക്കുഴപ്പങ്ങളും മനസ്സിലാക്കിയ തിരുസംഘം (propaganda fide) ബോംബെ യിലെ വികാരി അപ്പസ്തോലിക്കയായിരുന്ന ബിഷപ്പ് ലെയോ മൊയ്റീൻ എസ്. ജെ. യെ മലബാറിലേക്കുള്ള അപ്പസ്തോലിക സന്ദർശകനായി അയച്ചു. അദ്ദേഹം 1876 മെയ് 6-ന് ഇവിടെയെത്തി. മലബാറിലെ സ്ഥിതിഗതികൾ പഠിച്ചശേഷം അദ്ദേഹം വരാപ്പുഴ വികാരിയാത്തിനെ രണ്ടായി വിഭജിക്കണ മെന്നു ശുപാർശചെയ്തു. മാർത്തോമ്മാനസ്രാണികൾക്കു ഒരു പ്രത്യേക മെത്രാൻ ഉണ്ടായിരി ക്കണമെന്ന തന്റെ ഉറച്ച ബോധ്യം അദ്ദേഹം പ്രൊപ്പഗാന്തായുമായി പങ്കുവച്ചു.

നമ്മുടെ സഭ നേരിട്ടിരുന്ന പ്രശ്നങ്ങളെ പ്രതിപാദിച്ചു കൊണ്ട് അമ്പതോളം എഴുത്തുകൾ അദ്ദേഹം റോമിലേക്ക് അയ ച്ചു. അദ്ദേഹം ലത്തീൻ സഭാംഗമായിരുന്നെങ്കിലും നസ്രാണി സഭയെ സ്നേഹിച്ച ആളാണ്. റോമിലേക്കെഴുതിയ കത്തിൽ, മേലൂസ് ശീശ്മയുടെ മുഴുവന്റെയും മുഖ്യകാരണം വരാപ്പുഴ അപ്പോസ്തോലിക്കയുടെ വിവേകരഹിതമായ പീഡിപ്പിക്കലും നിയമമില്ലാത്ത അക്രമവുമാണ് എന്നു പറയുന്നു. 1876 ജൂൺ 17ന് മാന്നാനത്തുനിന്നും അദ്ദേഹം അയച്ച റിപ്പോർട്ടിൽ മാർത്തോ മ്മാനസ്രാണികളുടെ നാട്ടുമെത്രാന്മാർക്കുവേണ്ടിയുള്ള ആഗ്ര ഹത്തെ സൂചിപ്പിക്കുന്നു. സുറിയാനിക്കാർക്ക് അവരുടേതായ മെത്രാൻ വേണമെന്നു പണ്ടുകാലം മുതൽക്കേ ഈ ജനതയിൽ കുടികൊണ്ടിരുന്ന ആശയം വിറകിന്മേൽ തീപ്പൊരിയെന്നപോലെ നിപതിച്ചു. സ്വന്തം മെത്രാൻ വേണമെന്നുള്ള പൊതുവും ശക്ത വുമായ ആഗ്രഹം വളരെച്ചുരുങ്ങിയ സമയത്തിനുള്ളിൽ മലബാ റിന്റെ എല്ലാ ഭാഗങ്ങളിലും പടർന്നുപിടിച്ചു. അക്കാലത്തെ മിഷനറിമാരെ പരാമർശിച്ചുകൊണ്ടും അദ്ദേഹം റോമിലേയ്ക്ക് എഴുതി. മിഷനറിമാർ എണ്ണത്തിൽ കുറവാണെങ്കിൽതന്നെയും ഇന്നത്തെ മിഷനറിമാർക്ക് പെരുമാറാനറിയാമായിരുന്നെങ്കിൽ വള രെയേറെക്കാര്യങ്ങൾ ചെയ്യാമായിരുന്നു. അധികാരത്തെ പരിര ക്ഷിക്കലാണ് അവരുടെ മുഖ്യമായ താൽപര്യം എന്നു വ്യക്തമാ ണ്. 1876 ഒക്ടോബർ 12ന് സുറിയാനികത്തോലിക്കർക്കുവേണ്ടി അദ്ദേഹം വീണ്ടും റോമിലേക്കെഴുതുന്നു. മലബാറുകാർക്ക് അവ രുടെ റീത്തിൽപ്പെട്ട മെത്രാനെ കൊടുക്കാതെ ശീശ്മയുടെ ഇനി യുള്ള പുരോഗതി തടയാനോ അതിനെ നശിപ്പിക്കാനോ സാധ്യ മല്ല. എന്നാൽ റോക്കോസ്-മേലൂസ് ശീശ്മ നിലനിൽക്കുന്നിട ത്തോളംകാലം പൗരസ്ത്യതിരുസംഘം വികാരിയാത്തിന്റെ വിഭ ജനത്തെക്കുറിച്ച് തീരുമാനമെടുക്കുകയില്ലെന്ന് പ്രൊപ്പഗാന്താ

അധികാരികൾ മൊയ്റീനെ അറിയിച്ചു.

## ഇഗ്നേഷ്യസ് പെഴ്സിക്കോ

1876 ഡിസംബർ 19-ാം തീയതി വിശ്വാസതിരുസംഘം ബിഷപ്പ് ഇഗ്നേഷ്യസ് പെഴ്സിക്കോയെ മലബാറിലേയ്ക്കുള്ള രണ്ടാ മത്തെ അപ്പസ്തോലിക സന്ദർശകനായി അയച്ചു. 1877 ഫെബ്രുവരി 23-ാം തീയതി അദ്ദേഹം ഇവിടെയെത്തി. മാർത്തോമ്മാനസ്രാണി കളുടെ അവസ്ഥയെപ്പറ്റി ആഴമേറിയതും ശ്രദ്ധാപൂർവ്വവുമായ പഠനം നടത്തിയ അദ്ദേഹം താഴെപ്പറയുന്ന നിഗമനത്തിലെത്തി:

തങ്ങളുടെ സ്വന്തം റീത്തിൽപ്പെട്ട ഒരു മെത്രാനുവേണ്ടിയുള്ള മലബാറുകാരുടെ ആത്മാർത്ഥമായ ആഗ്രഹം ദീർഘകാലമായി നില നിൽക്കുന്നതും അനേകം തവണ അവർ പ്രകടിപ്പിച്ചിട്ടുള്ളതുമാണ്. മിഷനറിമാരിൽനിന്നും അന്യവൽക്കരിക്കപ്പെട്ട് ഏതാണ്ട് പരിത്യ ക്താവസ്ഥയിലായതോടെ സുറിയാനി ക്രിസ്ത്യാനികളുടെ ഈ അഭിലാഷം തീവ്രതരമായിത്തീർന്നു. മിഷനറിമാർക്ക് അവരുടെ ഭാഷ അറിയാത്തതുകൊണ്ട് അവർ സുറിയാനി കത്തോലിക്കരെ അവഗണിക്കുകമാത്രമല്ല, അവരോട് അഹങ്കാരത്തോടെ പരുഷ മായി പെരുമാറുകയും ചെയ്തു. ഇതോടോപ്പം വികാരി അപ്പസ്തോ ലിക്കയായ മെല്ലാനോ സുറിയാനിക്കാരുടെ പേരിൽ യാതൊരു താല്പര്യവും ഒരിക്കലും കാണിച്ചിട്ടില്ല; അദ്ദേഹം എപ്പോഴും ലത്തീൻകാരുടെ പക്ഷത്താണെന്നതും സുവിദിതമാണ്.

തന്റെ റിപ്പോർട്ടിൽ പെഴ്സിക്കോ റീത്ത് അടിസ്ഥാനത്തിൽ വിഭജനം നടത്തി രണ്ടു വികാരിയാത്തുകൾ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചു: ഒന്ന് ലത്തീൻകാർക്കും മറ്റേത് കത്തോലിക്കരായ മാർ ത്തോമ്മാനസ്രാണികൾക്കുവേണ്ടിയും. നാട്ടുകാരായ മെത്രാന്മാർക്കു വേണ്ടിയുള്ള ആഗ്രഹമാണ് മലബാർസഭയിലെ പ്രശ്നങ്ങളുടെ യെല്ലാം പ്രാഥമികകാരണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മാർത്തോ മ്മാനസ്രാണികൾക്കുള്ള മെത്രാനായി ബരാർദി മർസലിനോസ് ഒ. സി. ഡി. യുടെ പേര് അദ്ദേഹം പരിഗണനയ്ക്കായി സമർപ്പിച്ചു. 1877 ജൂലൈ 9-ാം തീയതി തിരുസംഘത്തിന്റെ ജനറൽ അസംബ്ലി പെഴ്സിക്കോയുടെ റിപ്പോർട്ട് ചർച്ചചെയ്തു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പഗാന്തായുടെ ജനറൽ അസംബ്ലി മർസലിനോസ് ഒ. സി. ഡി. യെ വരാപ്പുഴയിലെ കർമ്മലീത്താ വികാരി അപ്പസ്തോ

ലിക്കയായ ലിയൊണാർദോ മെല്ലാനോയുടെ കോ-അഡ്ജുട്ട റായി നിയമിക്കാൻ തീരുമാനിച്ചു. മാർത്തോമ്മാ നസ്രാണികളുടെ അജപാലനത്തിനുവേണ്ടി മാത്രമായിരുന്നു മർസലിനോസ് ഒ. സി. ഡി. യുടെ നിയമനം. 1877 ഒക്ടോബർ 21-ാം തീയതി വരാപ്പുഴ സെന്റ് ജോസഫ് പള്ളിയിൽവച്ച് മെല്ലാനോ മാഴ്സെലിനെ വാഴിച്ചു.

വരാപ്പുഴയുടെ വികാരി അപ്പസ്തോലിക്കയായ മെല്ലാ നോയെ ആശ്രയിച്ചു മാത്രമേ മാഴ്സലിനു പ്രവർത്തിക്കാൻ കഴി യുമായി രുന്നുള്ളു. അതിനാൽ അദ്ദേഹത്തെ തങ്ങളുടെ സ്വന്തം മെത്രാ നായി സ്വീകരിക്കാൻ മാർത്തോമ്മാനസ്രാണികൾക്കു കഴിഞ്ഞില്ല. തങ്ങളുടെ സ്വന്തം റീത്തിലുള്ള മെത്രാനെ ലഭി ക്കാനുള്ള അവ കാശം ഉന്നയിച്ചുകൊണ്ടു മാർത്തോമ്മാന സ്രാണികൾ പിന്നെയും അപേക്ഷകൾ അയച്ചുകൊണ്ടിരുന്നു. പരിശുദ്ധ സിംഹാസനത്തി ലേക്കുള്ള നിവേദനങ്ങൾ അയച്ച പള്ളികൾ താഴെപ്പറയുന്നവ യാണ്: പുളിങ്കുന്ന്, കുടമാളൂർ, പാലാ, ചെമ്പിൽ, വടയാർ, കുമരകം, മുട്ടം, പറവൂർ, തൈക്കാട്ടുശ്ശേരി, മലയാറ്റൂർ, കൊരട്ടി, ഒല്ലൂർ. ഇവയ്ക്കു പുറമേ മാന്നാനം, അമ്പഴക്കാട്, എൽത്തുരുത്ത് എന്നി വിടങ്ങളിലെ സുറിയാനി കർമ്മലീത്താ ആശ്രമങ്ങളിൽനിന്നും നിവേദനങ്ങൾ അയ ച്ചിരുന്നു.

### മാർത്തോമ്മാനസ്രാണികളുടെ (കത്തോലിക്കാ വിഭാഗം) സഭയുടെ വിനാശം

1884 സെപ്റ്റംബർ 23-ാം തീയതി ലെയോ 13-ാമൻ മാർപാപ്പാ ബിഷപ്പ് ആന്റണി അലിയാർദിയെ ഈസ്റ്റ് ഇന്ത്യയിലേയ്ക്കുള്ള ആദ്യത്തെ അപ്പസ്തോലിക ഡലഗേറ്റായി നിയമിച്ചു. അദ്ദേഹം 1885ൽ മലബാറിലെത്തി. അദ്ദേഹം റോമിനു സമർപ്പിച്ച റിപ്പോർട്ടിൽ വരാപ്പുഴയെ രണ്ടു വികാരിയാത്തുകളായി വിഭജിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞിരുന്നു. എന്നാൽ മാർത്തോമ്മാനസ്രാ ണികൾക്കായി നാട്ടുമെത്രാന്മാരെ നിയമിക്കുന്നത് അദ്ദേഹത്തിന്റെ വീക്ഷണത്തിൽ വിവേക മായിരുന്നില്ല. മൊയ്റിൻ, പെഴ്സിക്കോ, അലിയാർദി എന്നിവ രുടെ റിപ്പോർട്ടുകളും ശിപാർശകളും ഉണ്ടായി രുന്നിട്ടും, 1886 സെപ്റ്റംബർ 1 ന് പുതിയ ലത്തീൻ ഹയരാർക്കി സ്ഥാപിതമായ പ്പോൾ, മാർത്തോമ്മാനസ്രാണികൾക്കായി പ്രത്യേ കിച്ചും ഒരു വ്യവസ്ഥയും ചെയ്തില്ല. കൊടുങ്ങല്ലൂർ അതിരൂപത നിർത്ത

ലാക്കിയിട്ട്, അതിന്റെ അധികാരം പുതിയ ലത്തീൻ രൂപത യായ ഡാമനു നൽകി. വരാപ്പുഴ വികാരിയാത്ത് അതിരൂപതയായി ഉയർത്തപ്പെട്ടു. അങ്ങനെ കത്തോലിക്കരായ സകല മാർത്തോമ്മാ നസ്രാണികളും വരാപ്പുഴ ലത്തീൻ അതിരൂപതയുടെ അംഗങ്ങളായി ത്തീർന്നു. മാർത്തോമ്മാനസ്രാണികളുടെ സഭയുടെ വിനാശമായി ഇതിനെ കാണാവുന്നതാണ്. മാർത്തോമ്മാനസ്രാണിസഭക്ക് അതിന്റെ തനിമ പൂർണമായും നഷ്ടപ്പെട്ട നിമിഷങ്ങളായിരുന്നു അത്.

## ലത്തീൻ മെത്രാൻമാരുടെ കീഴിൽ മാർത്തോമ്മാ നസ്രാണികൾക്കായി രണ്ടു പ്രത്യേക വികാരിയാത്തുകൾ

ലയൊണാർദോ മെല്ലാനോ (1868-1886) ആയിരുന്നു വരാപ്പുഴ യുടെ അവസാനത്തെ വികാരി അപ്പൊസ്തോലിക്കായും ആദ്യത്തെ മെത്രാപ്പോലീത്തായും. അദ്ദേഹത്തിന്റെ കാലത്ത് മാർത്തോമ്മാ ക്രിസ്ത്യാനികൾ പരിശുദ്ധ സിംഹാസനത്തിലേക്ക് അസംഖ്യം കത്തുകൾ അയച്ചു. മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിലുള്ള ഭിന്നതകളുടെയും ശീശ്മകളുടെയും മൂലകാരണം സ്വന്തം റീത്തിലും നാട്ടിലുംനിന്നുള്ള ഒരു മെത്രാന്റെ അഭാവമാണെന്ന വസ്തുത ഈ കത്തുകളിൽ എടുത്തുപറയുകയും, പ്രത്യേകമായ ഒരു വികാരിയാ ത്തിനുവേണ്ടി അപേക്ഷിക്കുകയും ചെയ്തിരുന്നു.

1886 ഡിസംബർ 20നു നടന്ന പ്രൊപ്പഗാന്തായുടെ പൊതുസമ്മേളനത്തിൽ കർദ്ദിനാളന്മാർ മലബാറിലെ മാർത്തോമ്മാ നസ്രാണികൾക്കുവേണ്ടി സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്തു. ഇന്ത്യയിൽ പുതിയ ലത്തീൻ ഹയരാർക്കി സ്ഥാപിച്ചതിന്റെ പശ്ചാത്തലത്തിലായിരുന്നു ഈ ചർച്ച. മലബാറിലെ മാർത്തോമ്മാ നസ്രാണികൾക്കുവേണ്ടി പ്രത്യേക വികാരിയാത്തുകൾ സ്ഥാപിക്കുന്നതിനെ കർദ്ദിനാളന്മാർ അനുകൂലിക്കുകയാണുണ്ടായത്. പ്രൊപ്പഗാന്തായുടെ പൊതുസമ്മേളനത്തിന്റെ തീരുമാനം അലി യാർദിയെ അറിയിച്ചു. 1887 ജനുവരി 25ന് ബാംഗ്ലൂരിൽ നടന്ന ദക്ഷി ണേന്ത്യയിലെ മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും സമ്മേളനം മാർത്തോമ്മാനസ്രാണികളെ സംബന്ധിച്ച രണ്ടു പ്രശ്നങ്ങൾ ചർച്ചചെയ്തു. (അലിയാർദിയുടെ അദ്ധ്യക്ഷതയിലാ യിരുന്നു സമ്മേളനം). ലത്തീൻ മെത്രാന്മാരുടെ കീഴിൽ രണ്ടു സുറിയാനി അപ്പസ്തോലിക വികാ

രിയാത്തുകൾ സ്ഥാപിക്കാനുള്ള അവരുടെ ആഗ്രഹം അവർ പ്രകടിപ്പിച്ചു. ജാതീയമായ വിഭജനം വേണ്ടെന്നും, ആലുവാപ്പുഴയെ ഒരു പ്രകൃതിദത്തമായ അതിരായി കരുതിയാൽ മതിയെന്നും അവർ അഭിപ്രായപ്പെട്ടു. വടക്കൻ വികാരിയാത്തിന്റെ ബിഷപ്പ് തൃശൂരിലും, തെക്കൻ വികാരിയാ ത്തിന്റെ ബിഷപ്പ് കോട്ടയത്തും താമസിക്കും. ഈ അഭിപ്രായം സ്വീകരിക്കപ്പെട്ടതിനെത്തുടർന്ന് 1887 മെയ് 20-ലെ പോപ്പ് ലെയോ പതിമൂന്നാമന്റെ *Quod iam pridem* എന്ന തിരുവെഴുത്ത് വരാപ്പുഴ അതിരൂപതയിലെ പൗരസ്ത്യക്രൈസ്തവരെ അവിടുത്തെ ലത്തീൻ ക്രിസ്ത്യാനികളിൽനിന്നും വേർതിക്കുകയും, കോട്ടയം, തൃശൂർ എന്നീ രണ്ടു സുറിയാനി വികാരിയാത്തുകൾ സ്ഥാപിക്കുകയും ചെയ്തു. കോട്ടയം തിരുവിതാംകൂർ രാജ്യത്തിന്റെയും തൃശൂർ തിരുക്കൊച്ചി രാജ്യത്തിന്റെയും കേന്ദ്രങ്ങളായതിനാലാവണം അവ വികാരിയാത്തുകളുടെ ആസ്ഥാനങ്ങളായി തിരഞ്ഞെടുക്കപ്പെട്ടത്. 1887 ഓഗസ്റ്റ് 23-ാം തീയതി മാർപാപ്പാ ചാൾസ് ലവീഞ്ഞ് എസ്. ജെ. യെ കോട്ടയം വികാരി അപ്പസ്തോലിക്കയായും, അഡോൾഫ് മെഡ്‌ലിക്കോട്ടിനെ തൃശൂർ വികാരി അപ്പസ്തോലിക്കയായും നിയ മിച്ചു. ഇതേ തിരുവെഴുത്തു വഴിയായി ഫാ. ജോർജ്ജ് മാമ്പള്ളി തൃശൂർ വികാരി ജനറാളായും, ഫാ. എമ്മാനുവൽ നിധീരി കോട്ടയത്തെ വികാരി ജനറാളായും നിയമിക്കപ്പെട്ടു. തങ്ങളുടെ സ്വന്തം റീത്തിൽപെട്ട മെത്രാന്മാരെ ലഭിച്ചില്ലെങ്കിലും മാർത്തോമ്മാ നസ്രാണികളിലെ കത്തോലിക്കാവിഭാഗത്തിന്റെ സീറോ- മലബാർ സഭയെന്ന പേരിലുള്ള പുനർജന്മത്തിന് ഈ ക്രമീകരണം വഴി തെളിച്ചു. 1890-ൽ ചാൾസ് ലവീഞ്ഞ് തന്റെ ആസ്ഥാനം പരിശുദ്ധ സിംഹാസനത്തിന്റെ അനുവാദത്തോടെ ചങ്ങനാശ്ശേരിയിലേക്കു മാറ്റി. ഈ മാറ്റത്തിനു കാരണം അവിടെ കത്തോലിക്കരുടെ കൂടുതലായ സാന്നിധ്യമായിരുന്നു. എങ്കിലും വികാരിയാത്തിന്റെ ഔദ്യോഗികമായ പേര് കോട്ടയം വികാരിയാത്ത് എന്നുതന്നെയായിരുന്നു.

## മൂന്നു വികാരിയാത്തുകളുടെ സ്ഥാപനവും നാട്ടുമെത്രാന്മാരും

മുകളിൽ പറഞ്ഞതുപോലെ രണ്ടു വികാരിയാത്തുകൾ ഉണ്ടായെങ്കിലും മാർത്തോമ്മാനസ്രാണികൾ സംതൃപ്തരായിരുന്നില്ല. അവർ നാട്ടുമെത്രാന്മാർക്കുവേണ്ടിയുള്ള പരിശ്രമം തുടർന്നു കൊണ്ടേയിരുന്നു. 1888-ൽ സുറിയാനി വൈദികരും

വിശ്വാസികളും ചേർന്നു ലവീഞ്ഞ് മെത്രാനു നൽകിയ മംഗള പത്രത്തിൽ തങ്ങളുടെ ആചാരങ്ങൾക്കും ആരാധനക്രമങ്ങൾക്കും നഷ്ടപ്പെട്ട ജ്യോതിസ് വീണ്ടെടുത്തുകൊടുക്കണമെന്ന് ആവശ്യപ്പെട്ടു. "പരിശുദ്ധ പിതാ വിന്റെ ആഗ്രഹവും തന്റെ പരി ശ്രമവും അക്കാര്യത്തിൽ ഏകീഭവി ക്കുന്നു"വെന്നു ലവീഞ്ഞു മെത്രാൻ മറുപടി നൽകി.

1892 നവംബർ 30ന് അന്നത്തെ അപ്പസ്തോലിക് ഡലഗേറ്റാ യിരുന്ന സലേസ്കി പ്രൊപ്പഗാന്തായുടെ പ്രീഫെക്റ്റായിരുന്ന കാർഡിനൽ ലഡ്ക്കോവ്സ്കിയെ കത്തുമൂലം ഒരു കാര്യം അറി യിച്ചു. അതായത്, മലബാറിലെ കത്തോലിക്കരുടെ ഇടയിലുള്ള നിരന്തരമായ അസ്വസ്ഥതയുടെ ഉറവിടം അവർക്കു നാട്ടുമെത്രാ ന്മാരെ ലഭിക്കാനുള്ള ആഗ്രഹമാണെന്ന്. സ്വന്തം റീത്തിലുള്ള മെത്രാന്മാരെ ലഭിക്കാൻ അവർക്ക് അവകാശമുണ്ടെന്ന് 1893 ഒക്ടോബർ 7ന് അപ്പസ്തോലിക് ഡലഗേറ്റ് പ്രീഫെക്റ്റിനെ അറിയിക്കുകയും ചെയ്തു.

1892 – 1894 കാലഘട്ടത്തിൽ പ്രമുഖരായ ചില വൈദികരുടെ നേതൃത്വത്തിൽ എങ്ങനെയും നാട്ടുമെത്രാന്മാരെ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഒരു നീക്കം ആരംഭിച്ചു. ഒരു കൽദായ മെത്രാനെ ഇന്ത്യയിൽ കൊണ്ടുവന്ന് രണ്ടോ മൂന്നോ നാട്ടുമെത്രാ ന്മാരെ വാഴിക്കുക എന്നതായിരുന്നു അവരുടെ സ്വപ്നം. ഏതാ യാലും 1895 ജനുവരി 7ന് സമ്മേളിച്ച പ്രൊപ്പഗാന്താ ഫീദേയുടെ ജനറൽ അസംബ്ലി മാർത്തോമ്മാനസ്രാണികളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും നാട്ടുമെത്രാന്മാരെ നൽകുകയെന്ന ആവശ്യത്തെ അനുഭാവപൂർവ്വം വീക്ഷിക്കുകയും ചെയ്തു.

1895 ഫെബ്രുവരി 22–ാം തീയതി കോട്ടയം വികാരി അപ്പ സ്തോലിക്കയായ ചാൾസ് ലവീഞ്ഞ് മൂന്നുപേരുടെ പേരുകൾ നിർദ്ദേശിച്ചു: ഫാ. ജോർജ്ജ് തയ്യിൽ, ഫാ. മാത്യു മാക്കീൽ, ഫാ. ലൂയിസ് പഴേപറമ്പിൽ എന്നിവരായിരുന്നു മൂന്നു സ്ഥാനാ ർത്ഥികൾ. തൃശൂരിലെ വികാരി അപ്പസ്തോലിക്കയായിരുന്ന മെഡ്ലിക്കോട്ട് ഫാ. ജോർജ്ജ് മാമ്പള്ളി, ഫാ. ജോൺ മേനാച്ചേരി, ഫാ. ജോസഫ് ഓഫ് സെയിന്റ് ജോൺ ഓഫ് ദി ക്രോസ് എന്നിവരെയാണ് നിർദ്ദേശിച്ചത്.

1896 മാർച്ചുമാസം 23–ന് കൂടിയ പ്രൊപ്പഗാന്തായുടെ പൊതു സമ്മേളനത്തിൽ രണ്ടു കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്തു തീരുമാ നിക്കേണ്ടിയിരുന്നു. 1. നസ്രാണികൾക്ക് ഏതാനും സ്വദേശി

മെത്രാന്മാരെ നൽകുക, 2. നസ്രാണികളെ കൽദായ പാത്രിയർക്കീസിന്റെ അധികാരത്തിൻ കീഴിലാക്കുക. രണ്ടു നിർദ്ദേശങ്ങളുടെയും ഗുണദോഷങ്ങൾ വിലയിരുത്തിയശേഷം സ്വന്തറീത്തുകാരും ദേശ ക്കാരുമായ ഏതാനും മെത്രാന്മാരെ നിയമിച്ച് പരി. സിംഹാസന ത്തിന്റെ നേരിട്ടുള്ള അധികാരത്തിൻ കീഴിലാക്കാൻ തീരുമാനിച്ചു. കോട്ടയം വികാരിയാത്തിനെ വിഭജിച്ച് രണ്ടു വികാരിയാത്തുകളാ ക്കുകയും സ്വദേശി വൈദികരായ ജോൺ മേനാച്ചേരിയെ തൃശൂരി ന്റെയും മാത്യു മാക്കീലിനെ ചങ്ങനാശേരിയുടെയും ലൂയിസ് പഴേ പറമ്പിലിനെ എറണാകുളത്തിന്റെയും വികാരി അപ്പൊസ്തോലി ക്കാമാരായി നിയമിക്കാനുള്ള കർദ്ദിനാളന്മാരുടെ തീരുമാനത്തെ ലെയോ പതിമൂന്നാമൻ മാർപാപ്പാ ശരിവച്ച് അംഗീകരിക്കുകയും ചെയ്തു. മൂന്നു വികാരിയാത്തുകൾ സ്ഥാപിച്ചുകൊണ്ടുള്ള മാർപാപ്പായുടെ തിരുവെഴുത്ത് – *Quae rei sacrae* 1896 ജൂലൈ 28ന് പ്രസിദ്ധപ്പെടുത്തി.

## സീറോമലബാർസഭയുടെ വളർച്ച

1896ൽ മാർത്തോമ്മാനസ്രാണികൾക്കു നാട്ടുമെത്രാന്മാരെ ലഭിച്ചു. എന്നാൽ വടക്കുംഭാഗ നസ്രാണികൾക്കു മഹാഭൂരിപക്ഷമുള്ള ചങ്ങനാശേരിയുടെ വികാരി അപ്പൊസ്തോലിക്കയായി തെക്കും ഭാഗക്കാരനായ മാർ മാത്യു മാക്കീൽ നിയമിതനായതിൽ ചങ്ങനാ ശേരിക്കാർ തൃപ്തരായിരുന്നില്ല. തങ്ങളുടെ ഇടയിൽനിന്നുള്ള ഒരു ഇടയനെ ലഭിക്കുന്നതിന് അവർ പരി. സിംഹാസനത്തിന് നിരവധി കത്തുകളെഴുതി. 1911 ആഗസ്റ്റ് 21 ന് പത്താം പീയൂസ് മാർപാപ്പ *In Universi* എന്ന തിരുവെഴുത്തിലൂടെ ചങ്ങനാശ്ശേരിയുടെയും എറ ണാകുളത്തിന്റെയും പരിധിയിലുള്ള മുഴുവൻ തെക്കുംഭാഗക്കാ രെയും വേർപെടുത്തി അവർക്കായി കോട്ടയം വികാരിയാത്തു സ്ഥാപിച്ച് അതിന്റെ കീഴിലാക്കി. ഇതിനെല്ലാംശേഷവും ഈ നാലു വികാരിയാത്തുകളും മറ്റു മിഷൻ പ്രദേശങ്ങളിലെന്നപോലെതന്നെ പ്രൊപ്പഗാന്തായുടെ കീഴിൽ തുടർന്നു. 1917 മെയ് 1 ന് ബെനഡിക്റ്റ് പതിനഞ്ചാമൻ മാർപാപ്പാ *Dei Providentis* എന്ന മോത്തു പ്രൊപ്രിയാവഴി "പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള തിരുസംഘം" സ്ഥാപിക്കുകയും സീറോമലബാർസഭ അതിന്റെ കീഴിൽ വരികയും ചെയ്തു.

സ്വദേശിമെത്രാന്മാരുടെ നിയമനത്തെതുടർന്ന് സീറോമലബാർസഭ സാമൂഹികവും വിദ്യാഭ്യാസപരവും ജീവകാരുണ്യ

പരവുമായ രംഗങ്ങളിൽ ഗണ്യമായ പുരോഗതി കൈവരിച്ചു. ക്രിസ്തീയവിശ്വാസികളുടെ എണ്ണത്തിലും വലിയ പുരോഗതി കൈവന്നു. 1923 ഡിസംബർ 23 ന് പതിനൊന്നാം പീയൂസ് മാർപാപ്പാ *Romani Pontifices* എന്ന ശ്ലൈഹിക കോൺസ്റ്റിറ്റ്യൂഷൻവഴി സീറോ മലബാർ ഹയരാർക്കി സ്ഥാപിച്ച് എറണാകുളത്തെ അതിരൂപതയും ചങ്ങനാശേരിയെയും തൃശൂരിനെയും അതിന്റെ സാമന്തരൂപത കളുമാക്കി. പുതുതായി രൂപംകൊണ്ട സീറോമലബാർ ഹയരാർക്കി പൗരസ്ത്യമായിരുന്നെങ്കിലും രൂപഭാവങ്ങളിൽ ലത്തീൻ രൂപത കൾക്ക് സമാനമായിരുന്നു. ലത്തീൻ രൂപതകളിലെന്നപോലെ മെത്രാൻനിയമനം മാർപാപ്പാ നേരിട്ടാണ് നടത്തിയിരുന്നത്. മെത്രാന്മാർ റോമാസഭയുടെ പാലിയം സ്വീകരിക്കണമായിരുന്നു. ചുരുക്കത്തിൽ ലത്തീൻ കാനോൻ അനുശാസിക്കുന്ന എല്ലാ അധികാരവകാശങ്ങളും ഉത്തരവദിത്വങ്ങളും സീറോമലബാർ മെത്രാന്മാർക്കുമുണ്ടായിരുന്നു.

1950 ജൂലൈ 25ന് പന്ത്രണ്ടാം പീയൂസ് മാർപാപ്പാ Quo Ecclesiarum എന്ന ശ്ലൈഹിക കോൺസ്റ്റിറ്റ്യൂഷൻവഴി ചങ്ങനാശേരി രൂപത വിഭജിച്ച് പാലാ രൂപത സ്ഥാപിച്ചു. 1953 ഡിസംബർ 31 ന് മാർപാപ്പാ മലബാറിലേക്ക് കുടിയേറിപ്പാർത്ത സീറോമല ബാറുകാർ ക്കായി തലശേരി രൂപത സ്ഥാപിച്ചു. 1956 ജൂലൈ 29ന് അദ്ദേഹം എറണാകുളത്തെ വിഭജിച്ച് കോതമംഗലം രൂപത സ്ഥാപിച്ചു. 1956 ജൂലൈ 29-നുതന്നെ മാർപാപ്പാ പാലാ, കോട്ടയം എന്നിവ സാമന്ത രൂപതകളായി ചങ്ങനാശേരിയെ അതിരൂപത യായി ഉയർത്തി. എങ്കിലും ഇതു സംബന്ധിച്ച ശ്ലൈഹിക കോൺസ്റ്റിറ്റ്യൂഷൻ *Regnum Caelorum* പ്രസിദ്ധീകരിച്ചത് അദ്ദേഹത്തിന്റെ പിൻഗാമിയായ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായാണ്. 1962-1972 കാലയളവിൽ ഉത്തര മധ്യ ഇന്ത്യയിൽ ഛാന്ദാ, സാഗർ, സത്നാ, ഉജ്ജയിൻ, ബിജ്നോർ, ജഗദൽപൂർ എന്നീ 6 സീറോമലബാർ മിഷൻ എക്സാർക്കേറ്റുകൾ സ്ഥാപിതമായി.

1973 മാർച്ച് 1 ന് *Quanta Gloria* എന്ന തിരുവെഴുത്തിലൂടെ പോൾ ആറാമൻ മാർപാപ്പാ തലശേരിയെ വിഭജിച്ചു മാനന്തവാടി രൂപത സ്ഥാപിച്ച് എറണാകുളം അതിരൂപതയുടെ സാമന്തരൂപത യാക്കി. 1974 ജൂൺ 27 ന് തൃശൂർ രൂപത വിഭജിച്ചു പാലക്കാട് രൂപത സ്ഥാപിച്ച് എറണാകുളത്തിനു കീഴിലാക്കി. 1977

ഫെബ്രുവരി 26 ന് പോൾ ആറാമൻ പാപ്പാ ഛാന്ദാ, സാഗർ, സത്നാ, ഉജ്ജയ്ൻ, ബിജ്നോർ, ജഗദൽപൂർ എന്നീ മിഷൻ എക്സാർക്കേറ്റുകളെയും രാജ്ക്കോടിനെയും സീറോമലബാർ മിഷൻരൂപതകളായി ഉയർത്തി. അതേദിവസംതന്നെ മാർപാപ്പാ ചങ്ങനാശേരി അതിരൂപത വിഭജിച്ച് കാഞ്ഞിരപ്പള്ളിയെ ചങ്ങനാശേരിയുടെ സാമന്തരൂപത യാക്കി. 1978 ജൂൺ 22 ന് *Trichuriensis eparchiae* എന്ന തിരുവെഴു ത്തിലൂടെ തൃശൂർ രൂപത വിഭജിച്ച് ഇരിങ്ങാലക്കുട എന്ന ഒരു പുതിയ രൂപത സ്ഥാപിച്ചു. അങ്ങനെ പോൾ ആറാമൻ മാർപാ പ്പായുടെ കാലത്ത് സീറോമലബാറുകാർക്കുവേണ്ടി 9 രൂപതകളാണ് സ്ഥാപിച്ചത്.

ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ (1978-2005) കാലത്ത് സീറോമലബാർസഭ അഭൂതപൂർവമായ ഉയർച്ചയാണ് കൈവരിച്ചത്. 1984 സെപ്റ്റംബർ 11 ന് അദ്ദേഹം *Ex quo divinum* എന്ന തിരുവെഴു ത്തുവഴി ഖോരഗ്പൂർ രൂപത സ്ഥാപിച്ചു. 1986 ഏപ്രിൽ 28 ന് എറണാകുളം രൂപതയുടെ സാമന്തരൂപതയായി താമരശേരി രൂപത സ്ഥപിച്ചു. മുംബൈ, പൂന, നാസിക്ക് പ്രദേശങ്ങളിൽ വസിക്കുന്ന സീറോമലബാറുകാരുടെ അജപാലനാവശ്യങ്ങൾ പരിഗണിച്ച് 1988 ഏപ്രിൽ 30 ന് കല്യാൺരൂപത സ്ഥാപിച്ചു. 1995-ൽ തൃശൂർ, തലശ്ശേരി എന്നീ രൂപതകൾ അതിരൂപതയായി ഉയർത്തപ്പെട്ടു. ചങ്ങനാശ്ശേരി അതി രൂപതയുടെ ഭാഗമായിരുന്ന കന്യാകുമാരി മിഷൻ 1996-ൽ തക്കല രൂപതയായി ഉയർത്തപ്പെട്ടു. പിന്നീട് 1999-ൽ അദിലാബാദ്, ബൽത്തങ്ങാടി രൂപതകളും. ആദ്യമായി ഇന്ത്യക്കു വെളിയിൽ അമേരിക്ക, കാനഡ എന്നിവിടങ്ങളിൽ പാർക്കുന്ന സീറോ മലബാർ അംഗങ്ങൾക്കായി 2001 മാർച്ച് 13 ന് ചിക്കാഗോ രൂപതയും സ്ഥാപിച്ചു. 2002-ൽ കോതമംഗലം രൂപത വിഭജിച്ച് ഇടുക്കി രൂപ തയും, 2007-ൽ ഭദ്രാവതി രൂപതയും സ്ഥാപിതമായി. 2010-ൽ മാണ്ഡ്യാ, രാമനാഥപുരം രൂപതകളും 2012-ൽ ഫരീദാബാദ് രൂപ തയും സ്ഥാപിതമായി. ഓസ്ട്രേലീയ കേന്ദ്രീകൃതമായി 2013 -ൽ മെൽബൺ രൂപതയും സ്ഥാപിച്ചു. പിന്നീട് 2015-ൽ കാനഡയിൽ മിസ്സിസൗഗാ എക്സാർക്കേറ്റും 2016-ൽ ഗ്രേറ്റ് ബിട്ടൺ രൂപതയും കൂടാതെ യൂറോപ്പിലും ന്യൂസിലൻഡിലുമായി രണ്ടു അപ്പസ്തോ ലിക് വിസിറ്റേഷനുകളും സ്ഥാപിക്കപ്പെട്ടു. സീറോമലബാർസഭ യുടെ അജപാലനാധികാര പരിധി ഇന്ത്യമുഴുവൻ വ്യാപിപ്പി ക്കണം എന്ന് മെത്രാന്മാരുടെ ആവശ്യം നടപ്പിലാക്കുന്നതിന് മാർ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ തുടങ്ങിവച്ച പ്രാരംഭനടപ

ടികൾ 2017 ഒക്ടോബർ 9ന്പൂർത്തിയാക്കിയത് ഫ്രാൻസിസ് മാർപാപ്പായാണ്. തത്ഫലമായി 2017–ൽ ഹൊസൂർ, ഷംഷാബാദ് രൂപതകളും സ്ഥാപിതമായി.

1992 ഡിസംബർ 16 ന് സീറോമലബാർസഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടു. മാർ ആന്റണി പടിയറ ആദ്യ മേജർ ആർച്ചുബിഷപ്പായി നിയമിതനായി. അന്ന് സീറോ മലബാർസഭയിൽ നിലനിന്നിരുന്ന തർക്കങ്ങൾ കാരണം പൗരസ്ത്യ കാനൻനിയമത്തിൽ കൊടുത്തിട്ടുള്ള പല അധികാരാവകാശങ്ങളും മാർപാപ്പാ സീറോമലബാർസഭയ്ക്കു വിട്ടുകൊടുത്തില്ല. ആദ്യത്തെയും രണ്ടാമത്തെയും മേജർ ആർച്ചുബിഷപ്പുമാരെ മാർപാപ്പാ നേരിട്ടു നിയമിക്കുക യാണുണ്ടായത്. 1999–ൽ സീറോമലബാർസഭയുടെ രണ്ടാമത്തെ മേജർ ആർച്ചുബിഷപ്പായ മാർ വർക്കി വിതയത്തിൽ പിതാവിന്റെ കാലത്തുതന്നെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ എല്ലാ അധികാരാവകാശങ്ങളും സഭയ്ക്കു കൈവന്നു. അദ്ദേഹത്തിന്റെ വിയോഗത്തെ തുടർന്ന് 2011 മെയ് 24 ന് സീറോ മലബാർസഭയുടെ സിനഡ് കാനൻ നിയമപ്രകാരം മാർ ജോർജ്ജ് ആലഞ്ചേരിയെ പുതിയ മേജർ ആർച്ചുബിഷപ്പായി തിരഞ്ഞെ ടുത്തു. അങ്ങനെ സീറോമലബാർസഭയുടെ ചരിത്രത്തിലാദ്യമായി സ്വന്തം തലവനെ തിരഞ്ഞെടുക്കുവാനുള്ള അവകാശം അവൾ വിനിയോഗിച്ചു. ഇപ്പോൾ സീറോമലബാർ സഭയ്ക്ക് 5 അതിരൂപതകളുൾപ്പെടെ 34 രൂപതകളും 1 എക്സാർക്കേറ്റും 2 അപ്പസ്തോലിക് വിസിറ്റേഷനുകളുമാണുള്ളത്.

## ഉപസംഹാരം

മാർത്തോമ്മാശ്ലീഹായുടെ കാലംമുതൽ മാർത്തോമ്മാ മാർഗ്ഗത്തിൽ അടിയുറച്ച് മാർത്തോമ്മാനസ്രാണികൾ ഇവിടെ ജീവാത്മകമായി വളർന്നു വന്നു. 16–ാം നൂററാണ്ടിന്റെ ആരംഭത്തിൽ പോർട്ടുഗീസ് മിഷനറിമാരുടെ ആഗമനത്തെ ത്തുടർന്ന് നസ്രാണിക ളുടെ സഭ ലത്തീനീകരണത്തിനു വിധേയമായി. മാർത്തോമ്മാ നസ്രാണികൾ ജീവനുതുല്യം കാത്തുസൂക്ഷിച്ച അവരുടെ സഭാപൈതൃകത്തിനു മങ്ങലേററു. സ്വന്തജാതിയിലും റീത്തിലും പെട്ട മെത്രാന്മാർക്കുവേണ്ടിയുള്ള പരിശ്രമത്തിനിടയിൽ പല ശീശ്മകളും ഈ സഭയിൽ കടന്നുവന്നു.

ഏതാണ്ട് 300 വർഷത്തെ ലത്തീൻഭരണത്തിനുശേഷം 19–ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ നാട്ടുമെത്രാന്മാരുടെ കൈകളിൽ

മാർത്തോമ്മാനസ്രാണിസഭയുടെ ഭരണം ഏല്പിക്കപ്പെട്ടു. സുറിയാനി റീത്തിൽ പരിശീലനം ലഭിക്കുകയും അതിനെ സംരക്ഷിക്കുകയും ചെയ്യുക എന്നതായിരുന്നു നസ്രാണികളുടെ മുഖ്യാഭിലാഷം.

1896-ൽ നസ്രാണികൾക്കു നാട്ടുമെത്രാന്മാരെ ലഭിച്ചുവെങ്കിലും പൗരസ്ത്യ സുറിയാനിസഭയുടെ തനിമ വീണ്ടെടുക്കുവാനുള്ള നസ്രാണികളുടെ ആഗ്രഹം 20-ാം നൂറ്റാണ്ടിന്റെ ആദ്യശതകത്തിലും കേവലം ആഗ്രഹമായി അവശേഷിച്ചു. അവരിൽ പലരും ലത്തീനീകരണത്തിനായി പരിശ്രമിച്ചു എന്നതാണു സത്യം. ലത്തീൻ പൊന്തിഫിക്കൽതന്നെ സുറിയാനിയിൽ പരിഭാഷപ്പെടുത്തി ഉപയോഗിക്കുവാൻ പരി. സിംഹാസനത്തിന്റെ അനുവാദം ലഭിക്കുന്നതിനു നാട്ടുമെത്രാന്മാർ ആവർത്തിച്ചു നടത്തിയ പരിശ്രമങ്ങൾ അവരുടെ ലത്തീന്റെ ചായ്‌വിന് ദൃഷ്ടാന്തമാണ്. 1923-ൽ സീറോമലബാർ ഹയരാർക്കി സ്ഥാപിതമായപ്പോൾ ലത്തീൻ പൊന്തിഫിക്കൽ അനുവദിച്ചുതരണമെന്ന് മെത്രാന്മാർ വീണ്ടും പരി. സിംഹാസനത്തോട് ആവശ്യപ്പെട്ടു. എന്നാൽ പൗരസ്ത്യ റീത്തുകളിൽ പാണ്ഡിത്യമുണ്ടായിരുന്ന കർദ്ദിനാൾ ടിസ്സറാങ്ങിനെപോലെയുള്ളവർ ഈ ലത്തീനീകരണത്തെ എതിർക്കുകയും സുറിയാനി റീത്തുതന്നെ പുനരുദ്ധരിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ലത്തീനീകരണത്തിൽനിന്നു മോചനം നേടാനും മാതൃസഭയുടെ പൈതൃകം വീണ്ടെടുക്കാനും നേതൃത്വം നൽകിയ ബഹു. പ്ലാസിഡ് പൊടിപ്പാറയച്ചന്റെ സേവനങ്ങൾ ഇവിടെ എടുത്തുപറയേണ്ടതാണ്.

ഈ സാഹചര്യത്തിൽ പതിനൊന്നാം പീയൂസ് മാർപാപ്പാ ഇടപെടുകയും പൗരസ്ത്യരുടെയിടയിലുള്ള ലത്തീനീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതു ശരിയല്ല എന്നു പ്രഖ്യാപിക്കുകയും ചെയ്തു. അദ്ദേഹം സുറിയാനി റീത്തിലെ പൊന്തിഫിക്കൽ പുനരുദ്ധരിക്കുന്നതിന് ഒരു കമ്മീഷനെ നിശ്ചയിക്കുകയും ചെയ്തു. കുർബാനക്രമവും ലത്തീൻരീതികൾ കൂട്ടികലർത്തിയാണ് ലത്തീൻ ഭരണം അവസാനിച്ചപ്പോൾ നസ്രാണിസഭയ്ക്ക് ലഭിച്ചത്. പരി. കുർബാനയുടെ പുനരുദ്ധാരണവും അർപ്പണവും സംബന്ധിച്ചുള്ള ഭിന്നതകൾ ഇപ്പോഴും തുടരുന്നത് ഖേദകരമാണ്. എന്നിരുന്നാലും ചരിത്രം നന്നായി ഗ്രഹിച്ച് ചരിത്രത്തിൽനിന്നും പാഠംപഠിച്ച് സഭയെ നവീകരിക്കുവാനും സഭാപൈതൃകം കാത്തുസൂക്ഷിക്കാനും കഴിയുന്ന ഒരു പുതുതലമുറ ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം.

# ക്രൈസ്തവരും സമുദായബോധവും

## ആമുഖം

സമുദായകാര്യങ്ങളിൽ താല്പര്യപ്പെടുക പിന്തിരിപ്പനാണെന്നും പുരോഗമനപരമല്ലെന്നും ചിന്തിക്കുന്നവരുണ്ടാകാം.സമുദായപ്രവർത്തനങ്ങളെ സംബന്ധിച്ച തെറ്റായധാരണകളിൽനിന്നുമാണ് ഈ നിലപാടുണ്ടാവുക. സമുദായങ്ങളുടെ വളർച്ച നാടിന്റെയും രാജ്യത്തിന്റെയും പുരോഗതിക്ക് ശക്തിപകരുമെന്ന് ആർക്കും സംശയമില്ല. എന്നാൽ നിലവിലുള്ള സൗഹാർദ്ദാന്തരീക്ഷം ബോധപൂർവം നഷ്ടപ്പെടുത്തുന്നതും സമുദായങ്ങൾ കൈകോർത്തു പ്രവർത്തിക്കുന്നതിനുപകരം ഭിന്നചേരികളിലാകുന്നതും ആപത്ക്കരമാണെന്നു വ്യക്തമാണ്.

ക്രൈസ്തവ വീക്ഷണത്തിൽ സമുദായബോധത്തിന്റെ അന്തസ്സത്ത എന്താണെന്നും സമുദായബോധം സഭാംഗങ്ങളുടെയും നാടിന്റെയും വളർച്ചയ്ക്ക് എത്രമാത്രം ശക്തി പകരുമെന്നുമാണ് ഈ ലേഖനത്തിൽ ചർച്ച ചെയ്യുക.

## സഭയും സമുദായവും

മതവിശ്വാസികളെല്ലാം തങ്ങൾ വിശ്വസിക്കുന്ന മതത്തിലും തങ്ങൾക്കു സ്വന്തമായ സമുദായത്തിലും അംഗങ്ങളാണ്. കേരളത്തിലെ ഹൈന്ദവരെ മുഖ്യമായും നായർസമുദായക്കാരും ഈഴവസമുദായക്കാരുമായിട്ടാണ് കാണാൻ കഴിയുക. ക്രൈസ്തവരും സഭയിലും സമുദായത്തിലും അംഗങ്ങളാണ്. കേരളത്തിലെ കത്തോലിക്കർ മുഖ്യമായും സുറിയാനിസമുദായക്കാരോ ലത്തീൻ സമുദായക്കാരോ ആണ്. ആകയാൽ സീറോ മലബാർ സഭാംഗങ്ങളായ നാം സഭയിൽ അംഗങ്ങൾ എന്നതുകൂടാതെ സുറിയാനി കത്തോലിക്കാസമുദായത്തിൽപ്പെട്ടവരുമാണ്.

ഒരാളുടെ മതവും സഭയും അടിസ്ഥാനപരമായി അയാളുടെ വിശ്വാസത്തെയാണ് സൂചിപ്പിക്കുന്നതെങ്കിൽ സമുദായം മുഖ്യമായും അയാളുടെ സാംസ്കാരീക പശ്ചാത്തലത്തെയാണ് സൂചി

പ്പിക്കുക. മറ്റു വാക്കുകളിൽ സഭാംഗത്വം ആത്മീയതയെ സൂചി പ്പിക്കുമ്പോൾ ആത്മീയതയ്ക്കു പശ്ചാത്തലമൊരുക്കുന്ന ഭൗതി കതലത്തെയാണ് സമുദായം പ്രതിനിധീകരിക്കുന്നത്. ആകയാൽ ആത്മാവും ശരീരവും ഒരു മനുഷ്യന്റെ അസ്തിത്വത്തെ പൂർണ്ണ മാക്കുന്നതുപോലെ സഭയും സമുദായവും ഒരു ക്രൈസ്തവന്റെ ജീവിതത്തെ പൂർണ്ണതയിലെത്തിക്കുന്ന ഘടകങ്ങളാണ്. സീസ റിന്റേതു സീസറിനും ദൈവത്തിന്റേതു ദൈവത്തിനും കൊടു ക്കുവിൻ (മത്താ. 22:21) എന്ന ഈശോമിശിഹായുടെ ആഹ്വാന ത്തിൽ ഈ കാര്യവും സൂചിതമാണെന്നു മനസ്സിലാക്കാവുന്ന താണ്.

## സഭയും സമുദായവും - പരസ്പര പൂരകത്വം

ഇരട്ട പൗരത്വംപോലെ നാം ഒരേസമയം സഭയിലും സമു ദായത്തിലും അംഗങ്ങളായിരിക്കുന്നു എന്നുമാത്രം കരുതിയാൽ പോരാ. മറിച്ച് ഈ അംഗത്വം പരസ്പര പൂരകവുമാണെന്നു നാം തിരിച്ചറിയണം. അതായത് ഒരാളുടെ സഭാജീവിതം മെച്ചപ്പെടു ന്നതനുസരിച്ച് സമുദായ പ്രവർത്തനങ്ങൾ ഫലമണിയും. എന്നാൽ സമുദായപ്രവർത്തനങ്ങളുടെ ആത്യന്തികലക്ഷ്യംതന്നെ നിശ്ചിത കാലഘട്ടത്തിലും പ്രദേശത്തും ആരോഗ്യപരമായ സഭാ ജീവിതം നയിക്കുവാൻ സഭാഗംങ്ങളെ പ്രാപ്തരാക്കുക എന്ന താണ്. ഉദാഹരണമായി സഭയുടെയും സമുദായത്തിന്റെയും കാത ലായ സ്വഭാവം കൂട്ടായ്മയാണെന്നിരിക്കെ, സഭാജീവിതത്തിൽ പ്രത്യേകിച്ച് പരിശുദ്ധ കൂദാശകളിൽനിന്ന് ആർജിക്കുന്ന ഐക്യ ത്തോടെയായിരിക്കണം നാം സമുദായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ലോകത്തിനു മിശിഹായുടെ വെളിച്ചം പകരാൻ. ഒപ്പം ഐക്യത്തിൽ വ്യാപരിക്കുന്ന ഒരു സമൂദായത്തിന്റെ ആത്മീയാ ഘോഷമായിരിക്കണം പരിശുദ്ധ കുർബാനയും മററു കൂദാശക ളും. ഇതിൽനിന്നും പക്വമായ സമുദായബോധത്തിൽ അധിഷ്ഠി തമായ സമുദായപ്രവർത്തനങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം അനുപേക്ഷണീയമാണെന്നു വ്യക്തമാണ്. അപ്പോൾ മാത്രമെ നമ്മുടെ സമുദായത്തിന്റെ വ്യതിരിക്തത ഇതര സമുദായക്കാർ മനസ്സിലാക്കാൻ ഇടവരികയുമുള്ളു.

## സമുദായബോധം വിശുദ്ധഗ്രന്ഥ വീക്ഷണത്തിൽ

അബ്രാഹത്തിനു പ്രായമേറെയായപ്പോൾ മകൻ ഇസഹാ ക്കിനു ജീവിതസഖിയെ കണ്ടെത്തേണ്ട സമയമായി. അബ്രാഹം തന്റെ എല്ലാ വസ്തുക്കളുടെയും മേൽനോട്ടക്കാരനും തന്റെ ഭവ

നത്തിലെ ഏറ്റവും പ്രായംകൂടിയവനുമായ ഭൃത്യനെ വിളിച്ച് താൻ പാർക്കുന്ന നാട്ടിലെ കാനാന്യരുടെ പെൺമക്കളിൽനിന്നും മകനു ഭാര്യയെ തിരഞ്ഞെടുക്കുകയില്ലെന്ന് സത്യം ചെയ്യിക്കുന്നുണ്ട് (ഉല്പ. 24:1-4). അബ്രാഹത്തിന്റെ സ്വന്തം നാട്ടിൽച്ചെന്ന് ചാർച്ചക്കാരുടെ ഇടയിൽനിന്ന് ഇസഹാക്കിനു ഭാര്യയെ കണ്ടുപിടിക്കണമെന്നാണ് അബ്രാഹാം ഭൃത്യനോടാവശ്യപ്പെട്ടത്. ഇപ്രകാരമുള്ള അന്വേഷണത്തിന്റെ ഫലമായിട്ടാണ് ദൈവനിശ്ചയമനുസരിച്ച് റബേക്കായെ ഇസഹാക്കിന്റെ ഭാര്യയായി കണ്ടെത്തിയത്. പൂർവപിതാവായ അബ്രാഹത്തിന്റെ ഉന്നതമായ സമുദായബോധമാണ് ഈ സംഭവത്തിൽ പ്രകടമായത്. തന്നെപ്പോലെ ഏകദൈവത്തിൽ വിശ്വസിക്കുകയും ദൈവത്തിന്റെ അരുളപ്പാടുകൾക്കനുസരിച്ച് സ്വജീവിതം കരുപ്പിടിപ്പിക്കുകയും ചെയ്യുന്ന പെൺകുട്ടിയായിരിക്കണം മകൻ ഇസഹാക്കിന്റെ ഭാര്യയെന്ന് അബ്രഹാം നിശ്ചയിച്ച് ഉറപ്പിച്ചിരുന്നു.

അപ്പനും അമ്മയും ഏറെ കഷ്ടപ്പെട്ട്, ഓമനിച്ചു വളർത്തി, വിവാഹപ്രായത്തിലെത്തിച്ച മകൾക്കു അനുയോജ്യനായ വരനെ അന്വേഷിച്ചു തുടങ്ങുമ്പോൾ 'പപ്പാ, മമ്മീ, എനിക്കിപ്പോൾ കല്യാണം വേണ്ട' എന്നു മകൾ പറയുന്നെങ്കിൽ അതു സാധാരണ പെൺകുട്ടികളുടെ മറുപടിയാണെന്ന് മാതാപിതാക്കൾ ചിന്തിച്ചുപോകും. അന്വേഷണം ഉറപ്പീരിലേക്കു നീങ്ങുന്നുവെന്നു തിരിച്ചറിയുന്ന മകൾ അശനിപാതം പോലെ 'എനിക്കു ഞാൻ ഒരാളെ കണ്ടുപിടിച്ചിട്ടുണ്ട്' എന്ന് പറഞ്ഞ് കുടുംബത്തെ ഇരുട്ടിലാക്കുന്ന സംഭവങ്ങൾ ഇന്നു തീർത്തും കുറവാണെന്നു പറയാനാവില്ല. 'ഞാൻ കണ്ടുപിടിച്ച ആൾ' കത്തോലിക്കനുമല്ല, ക്രിസ്ത്യാനിയുമല്ല എന്നു കേൾക്കുന്നതോടെ അവളുടെ വിവാഹം മാതാപിതാക്കളെ സംബന്ധിച്ചിടത്തോളം ഒരു ദുരന്തമായി മാറും. സമുദായബോധം മാത്രമല്ല, വിശ്വാസബോധ്യംപോലും ബലികഴിച്ച് വിവാഹത്തിനൊരുങ്ങുന്ന കുട്ടികൾ പൂർവ്വപിതാവായ അബ്രാഹത്തിന്റെ നിലപാട് തിരിച്ചറിയാണം.

### സമുദായബോധം പ്രയോഗത്തിൽ

**ഫാ. ജീൻവാനിയർ 'Community and Growth'** എന്ന തന്റെ പുസ്തകത്തിന്റെ ആമുഖത്തിൽ സ്വന്തമെന്ന ബോധത്തിന്റെ ജീവിക്കുന്ന ചില മാതൃകകളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ആഫ്രിക്കൻ ഗ്രാമീണ ജനതയുടെ ഉന്നതമായ സാമൂഹിക ബോധത്തെപ്പറ്റി അദ്ദേഹം എഴുതുന്നു. മാൻ എന്ന രൂപതയുടെ

മെത്രാൻ മോൺസിഞ്ഞോർ അഗ്രി വിദേശയാത്ര കഴിഞ്ഞ് എയർപോർട്ടിൽ വന്നിറങ്ങിയ അവസരത്തിൽ ഒരു കസ്റ്റംസ് ഓഫീസർ മെത്രാനെ കണ്ട മാത്രയിൽ തിടുക്കത്തിൽ അദ്ദേഹത്തിന്റെ അടുത്തെത്തി അദ്ദേഹത്തെ ആലിംഗനം ചെയ്ത് അഭിവാദനം അർപ്പിച്ചു. ഇവർ രണ്ടുപേരും ഒരേ ഗ്രാമവാസികൾ ആയിരുന്നു എന്നതാണ് ഈ പ്രത്യേക അഭിവാദനത്തിന് കാരണം.

ആസ്ട്രേല്യായിലെ ആദിവാസികളിൽ സഹോദരനിർവിശേഷമായ ആത്മൈക്യം നിലവിലുണ്ടെന്ന് ഫാ. വാനിയർ എഴുതുന്നു. അവർ കാറു വാങ്ങാൻ ഏറെ തല്പരരാണ്. ഇതു വാങ്ങുന്നത് തങ്ങളുടെ ഗോത്രത്തിൽപ്പെട്ടവരെ കാണാൻ ആഗ്രഹിക്കുമ്പോഴൊക്കെ പോയി കാണാൻ വേണ്ടിയാണ്. കൂടാതെ ഗോത്രത്തിൽപ്പെട്ട ആരെങ്കിലും മരണമടഞ്ഞാൽ ദുഃഖം പ്രസ്തുത കുടുംബത്തിനു മാത്രമല്ല, ഗോത്രം മുഴുവനുമാണ്. സ്വന്തം ഗോത്രത്തിൽപ്പെട്ട ഒരാളുടെ വേർപാട് താങ്ങാനാവാത്ത ദുഃഖമാണ് ഗോത്രത്തിൽപ്പെട്ട എല്ലാവർക്കും നല്കുന്നത്.

കാനഡായിലെ റെഡ് ഇൻഡ്യൻസ് വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സാഹോദര്യഭാവമാണ് ഗ്രന്ഥകാരൻ മൂന്നാമതായി പറഞ്ഞിരിക്കുന്നത്. അവരുടെ കുട്ടികളെ ഒന്നിച്ചുകൂട്ടി ഒരു ക്വിസ് മത്സരത്തിൽ പങ്കെടുപ്പിച്ചുകൊണ്ട് ചോദ്യം ചോദിക്കുമ്പോൾ വിചിത്രമെന്നു തോന്നാവുന്ന പ്രതികരണമാണുണ്ടാവുക. ചോദ്യം ലഭിച്ചുകഴിഞ്ഞാൽ കുട്ടികൾ എല്ലാവരും ഒന്നിച്ചുകൂടി ശരിയുത്തരം കണ്ടെത്തുകയും ഉത്തരം ചോദിക്കുമ്പോൾ എല്ലാവരും ഒന്നിച്ച് ശരിയുത്തരം പറയുകയും ചെയ്യും. കൂടെയുള്ള സഹോദരങ്ങളായ കുട്ടികളെ പരാജയപ്പെടുത്തി അവരെ ദുഃഖത്തിലാഴ്ത്താൻ അവരാരും സന്നദ്ധരല്ല എന്നതാണ് ഈവിധ പ്രതികരണത്തിനു കാരണം.

അപരന്റെ സുഖദുഃഖങ്ങളെ സ്വന്തമായി അനുഭവിക്കാനുള്ള സന്നദ്ധത ഉദാത്തമായ ക്രൈസ്തവശൈലിതന്നെയാണ്. സ്വന്തം നാട്ടുകാരേയും ഗോത്രക്കാരെയും കൂട്ടുകാരെയും അന്യരായി കാണാതെ സാഹോദര്യത്തിന്റെ അരൂപിയിൽ അവരൊക്കെ തങ്ങൾക്കു സ്വന്തമാണെന്നു ചിന്തിക്കാൻ കഴിയുന്നവരെ സംബന്ധിച്ചുള്ള ഗ്രന്ഥകാരന്റെ പരാമർശങ്ങൾ സമുദായബോധമുള്ള ഏതൊരു ക്രൈസ്തവനും സ്വന്തമാക്കേണ്ടതാണ്.

അമേരിക്കൻ പൗരാവകാശ പ്രവർത്തകൻ ജെസ്സി ലൂയിസ് ജാക്സൺ കറുത്ത വർഗ്ഗക്കാരെപ്പറ്റി പറഞ്ഞത് "എന്റെ ജന

ങ്ങൾ അപമാനിക്കപ്പെട്ടു" എന്നാണ്. കൽക്കട്ടയിലെ പട്ടിണിപ്പാവങ്ങളുടെ ദൈന്യത തിരിച്ചറിഞ്ഞ മദർ തെരേസ പറഞ്ഞിരുന്നത് "എന്റെ ജനങ്ങൾക്കു വിശക്കുന്നു" എന്നാണ്. വിശുദ്ധയായ മദറിനും ആദരണീയനായ ജാക്സണും പീഡിതവിഭാഗങ്ങളെ 'എന്റെ ജനങ്ങൾ' എന്നു വിശേഷിപ്പിക്കാൻ കഴിഞ്ഞത് ഏറെ ശ്രദ്ധേയമാണ്.

പ്രയോഗത്തിൽ സമുദായബോധം നമ്മെ എത്തിക്കേണ്ടത് സമുദായത്തിലെ ഓരോ അംഗത്തിനും സ്വന്തസമുദായത്തെ 'എന്റെ സമുദായം' എന്നും സമുദായാംഗങ്ങളെ 'എന്റെ സഹോദരങ്ങൾ' എന്നും പരിഗണിക്കാൻ സാധിക്കുന്ന അവസ്ഥയിലേക്കാണ്. ഈ നിലപാടു ക്രൈസ്തവരെ ഇതര സമുദായങ്ങളിൽനിന്ന് അകന്നുനില്ക്കാനോ അവർക്കെതിരെ പ്രവർത്തിക്കാനോ ഒരിക്കലും ഇടവരുത്തുകയും അരുത്.

## എന്തിനു സാമുദായികമായി സംഘടിക്കണം

കുടുംബയോഗങ്ങൾ നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഓരോ കുടുംബവും തങ്ങളുടെ ഉത്ഭവംമുതലുള്ള ചരിത്രം കണ്ടെത്തുകയും മൂലകുടുംബത്തേയും ശാഖോപശാഖകളേയും കണ്ടെത്തുകയും എല്ലാവരും ഒന്നിച്ചുകൂടുന്ന വാർഷികപ്പൊതുയോഗങ്ങളും കൂടാതെ കമ്മിറ്റിയോഗങ്ങളും കൂടുകയും ചെയ്യുക നമുക്കു ഏറെ പരിചിതമാണ്. ഇതിന്റെ മുഖ്യലക്ഷ്യം കുടുംബങ്ങളുടെ ബഹുമുഖമായ വളർച്ചയും ഒപ്പം കുടുംബത്തിലെ എല്ലാ അംഗങ്ങളും തനിക്കു സ്വന്തമാണെന്ന അവബോധത്തിലേക്കു കുടുംബാംഗങ്ങളായ ഓരോരുത്തരേയും ആനയിക്കുകയും ചെയ്യുക എന്നതുമാണ്.

ഇൻഡ്യയിൽ മുപ്പതു സംസ്ഥാനങ്ങളുണ്ട്. ജനങ്ങളുടെ ഭാഷ, സംസ്കാരം തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനങ്ങൾ രൂപംകൊണ്ടിരിക്കുന്നത്. രാജ്യത്തിന് പൊതുഭരണമുള്ളതുപോലെ പ്രാദേശികമായി ഓരോ സംസ്ഥാനത്തും ഭരണകൂടങ്ങളുണ്ട്. പ്രാദേശിക ഭരണകൂടങ്ങളുടെ ലക്ഷ്യം പ്രസ്തുത പ്രദേശത്തു താമസിക്കുന്ന ജനങ്ങളുടെ സമഗ്രമായ വളർച്ചയാണ്. പൊതുഭരണവും ഇതേ ലക്ഷ്യത്തോടുകൂടെയാണ് നടത്തപ്പെടുന്നതെങ്കിലും പ്രാദേശിക ഭരണസംവിധാനങ്ങൾ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാൻ പാടില്ലാത്തവയാണ്.

കുടുംബയോഗങ്ങൾ അവയുടെ പരിധിയിൽവരുന്ന കുടുംബാംഗങ്ങളുടെയും സംസ്ഥാനങ്ങൾ പ്രസ്തുത പ്രദേശങ്ങളിൽ അധിവസിക്കുന്നവരുടെയും സുസ്ഥിതി ലക്ഷ്യംവച്ചു പ്രവർത്തിക്കുന്നതുപോലെയാണ് ഓരോ സമുദായവും സമുദായാംഗങ്ങളുടെ വളർച്ച ലക്ഷ്യംവച്ചു പ്രവർത്തിക്കുക. സമുദായങ്ങളുടെ വളർച്ച ആത്യന്തികമായി നാടിന്റെ വളർച്ചയ്ക്കും രാജ്യപുരോഗതിയ്ക്കും വഴിയൊരുക്കും. ഒരു കുടുംബയോഗവും മറ്റു കുടുംബയോഗങ്ങൾ ക്കെതിരെ പ്രവർത്തിക്കുന്നില്ല. സംസ്ഥാനങ്ങളും അങ്ങനെതന്നെ. സമുദായങ്ങളുടെ കാര്യത്തിലും ഇതു വളരെ പ്രസക്തമാണ്. ഇതര സമുദായങ്ങളുടെ വളർച്ചയെ ഒരുവിധത്തിലും തടസ്സപ്പെടുത്തിക്കൊണ്ടായിരിക്കരുത് ഓരോ സമുദായവും അതാതിന്റെ പ്രവർത്തനങ്ങൾ നടത്തുക. മാത്രമല്ല നമ്മുടെ നാടിന്റെ പശ്ചാത്തലത്തിൽ സമുദായസൗഹാർദ്ദം പുരോഗതിക്ക് അനുപേക്ഷണീയവുമാണ്. ഏതെങ്കിലും മതമോ സമുദായമോ തങ്ങളുടെ വിശ്വാസങ്ങളോ ആചാരങ്ങളോ മറ്റു മതസമൂഹങ്ങളുടെമേൽ അടിച്ചേല്പിക്കുന്ന സാഹചര്യങ്ങളിലാണ് സംഘർഷങ്ങളും ഭിന്നിപ്പും മറ്റും ഉണ്ടാകുന്നത്. ഇതുണ്ടാകാതിരിക്കാൻ എല്ലാ സമുദായങ്ങളും ശ്രദ്ധിക്കണം.

മതവും രാഷ്ട്രീയവും തമ്മിലുള്ള അവിശുദ്ധ ബന്ധങ്ങൾ ഒരിക്കലും നാടിന്റെ പുരോഗതിക്ക് സഹായകമാകുകയില്ലെന്ന് കഴിഞ്ഞ കാലാനുഭവങ്ങൾ ഭാരതീയരായ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. രാഷ്ട്രീയക്കാർ മതത്തെ തങ്ങളുടെ ലക്ഷ്യം നേടാൻ ഉപയോഗിക്കുന്ന അവസരങ്ങൾ നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ട്.

സർക്കാർ അനുവദിക്കുന്ന ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാൻ സമുദായങ്ങൾ ബദ്ധശ്രദ്ധമാകേണ്ടതുണ്ട്. കാരണം ഭരണകൂടങ്ങൾ മാറിവരുന്നതിനനുസരിച്ചും രാഷ്ട്രീയ സിദ്ധാന്തങ്ങൾ മാറിവരുന്നതിനനുസരിച്ചും നിലവിലുള്ള അവകാശങ്ങൾ നിഷേധിക്കപ്പെടാൻ സാധ്യതയുണ്ട്. അവിടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാൻ സമുദായനേതൃത്വം രംഗത്തുവരേണ്ടിവരും. ഉദാഹരണമായി വിദ്യാഭ്യാസരംഗത്ത് സുറിയാനി കത്തോലിക്കരായ നമുക്കു ഭരണഘടന അനുവദിക്കുന്ന ന്യൂനപക്ഷാവകാശങ്ങളും സ്വകാര്യ ഏജൻസി എന്ന നിലയിൽ അതിന്റേതായ സാധ്യതകളുമുണ്ട്. ഇതിനെതിരെ ഭരണകൂടങ്ങൾ നിയമനിർമ്മാണം നടത്താതിരിക്കാൻ സമുദായനേതൃത്വം ജാഗ്രത പുലർത്തേണ്ടതുണ്ട്.

മുൻസർക്കാരുകൾ കവർന്നെടുത്തതും നിലവിൽ സമുദായത്തിന് അനുവദിച്ചിട്ടില്ലാത്തതുമായ അവകാശങ്ങൾ വീണ്ടെടുക്കാനും സമുദായനേതൃത്വം പരിശ്രമിക്കേണ്ടതുണ്ട്. വിദ്യാഭ്യാസരംഗത്ത് കുട്ടികളുടെ പ്രവേശനത്തിന് സർക്കാർ നടപ്പിലാക്കിയ ഏകജാലകസംവിധാനം, അധ്യാപകനിയമനത്തിൽ കാലാകാലങ്ങളിൽ സർക്കാർ നടത്തിയ കൈകടത്തലുകൾ തുടങ്ങിയവവഴി സമുദായത്തിനു നഷ്ടമായ ന്യായമായ അവകാശങ്ങൾ വീണ്ടെടുക്കുക സമുദായത്തിന്റെ ആവശ്യമാണ്.

ഓരോ സമുദായവും താന്താങ്ങളുടെ പൈതൃകങ്ങളുടെ കാവൽക്കാരും സംരക്ഷകരുമായിരിക്കണം. സുവിശേഷമൂല്യങ്ങളാണല്ലോ ക്രൈസ്തവ സമുദായങ്ങളുടെ പൊതുപൈതൃകം. ഈ മൂല്യങ്ങളുടെ സംരക്ഷണത്തിനുവേണ്ടി നിലപാടെടുക്കാനും പൊതുസമൂഹത്തിൽ സാധ്യമായ സ്വാധീനം ചെലുത്താനും സമുദായത്തിനു കഴിയണം. ഉദാഹരണമായി മനുഷ്യജീവനു ഭീഷണിയായ കൊലപാതക രാഷ്ട്രീയത്തിനെതിരെ പ്രതികരിക്കേണ്ടിവരും. ഗർഭച്ഛിദ്രത്തിനു അനുകൂലമായ നിയമനിർമ്മാണം സർക്കാർ നടത്തുമ്പോൾ അതിനെ ചെറുക്കാനും ജീവന്റെ കാവലാളാകാനും ക്രൈസ്തവസമുദായം മുന്നിട്ടിറങ്ങണം. മുകളിൽ സൂചിപ്പിച്ചിരിക്കുന്നതും തത്തുല്യവുമായ സാഹചര്യങ്ങൾ നാം സാമുദായികമായി സംഘടിപ്പിക്കപ്പെടേണ്ടതിന്റെ അവശ്യകത വ്യക്തമാക്കുന്നു.

## സമുദായബോധം നസ്രാണികളുടെ മുഖമുദ്ര

ഭാരതത്തിലെ മാർതോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രം വ്യക്തമാക്കുന്നത് സ്വന്തം സമുദായത്തിലും അതിന്റെ സമ്പന്നമായ പൈതൃകത്തിലും അഭിമാനിച്ചിരുന്ന ഒരു സമൂഹമായിരുന്നു അതെന്നാണ്. പ്രത്യേകിച്ച് പതിനാറാം നൂറ്റാണ്ടിൽ തങ്ങൾ ജീവനുതുല്യം സ്നേഹിച്ചിരുന്ന വിശ്വാസ പൈതൃകത്തിനും സഭാപാരമ്പര്യങ്ങൾക്കും ക്ഷതമേറ്റപ്പോൾ ജീവൻ വിലകൊടുത്തുപോലും അതു നേടിയെടുക്കാൻ സമുദായാംഗങ്ങൾ മുന്നോട്ടു വന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. മാർതോമ്മാ ശ്ലീഹായിൽനിന്നും ലഭിച്ച ക്രിസ്തീയവിശ്വാസത്തെ സ്വന്തം നാടിന്റെയും ജീവിതസാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ ജീവിച്ച് മിശിഹായ്ക്ക് സാക്ഷ്യം വഹിക്കാൻ പൂർവികർ രൂപംകൊടുത്ത 'തോമ്മായുടെ മാർഗ്ഗ'ത്തിൽ നിന്നും വ്യതിചലിക്കേണ്ടിവന്ന സാഹചര്യത്തിലാണ് അവരിൽ സമുദായബോധം ഉണർന്നതും

വ്യക്തിത്വം വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചതും.

തങ്ങളുടെ സഭാജീവിതത്തെ തകിടംമറിച്ച ഉദയംപേരൂർ സൂനഹദോസിൽ നസ്രാണികൾ ലത്തീനീകരണത്തെ ശക്തമായി എതിർത്തു. തങ്ങളുടെ ഭരണം കൽദായമെത്രാന്മാർ നടത്തണ മെന്ന നസ്രാണികളുടെ സൂനഹദോസിലെ ആവശ്യത്തിനു പിന്നിൽ തങ്ങളുടെ വിശ്വാസപൈതൃകത്തോടുള്ള അവരുടെ വിശ്വസ്തതയും സമുദായബോധവുമാണുണ്ടായിരുന്നത്.

1650-ൽ തങ്ങൾക്കു മെത്രാന്മാരെ നല്കണമെന്നാവശ്യപ്പെട്ട് നസ്രാണികൾ കൽദായ പാത്രീയർക്കീസിന് അപേക്ഷ നല്കി. വിദേശാധിപത്യത്തോടുള്ള ചെറുത്തുനില്പിന്റെ അടയാളമായും തങ്ങളുടെ പൈതൃകങ്ങളെ സംരക്ഷിക്കാനുള്ള പ്രതിജ്ഞാബ ദ്ധതയുടെ ഭാഗമായുമാണ് കൂനൻകുരിശു സത്യത്തെ (1653)കാണാൻ കഴിയുക.

1709-ൽ ഏതാനും നസ്രാണികൾ ചേർന്ന് റോമിലേക്കെഴു തിയ കത്ത് ഈ സമുദായത്തിന്റെ സ്വത്വബോധം വ്യക്തമാക്കു ന്നുണ്ട്: "തോമാശ്ലീഹാ സുവിശേഷം പ്രസംഗിക്കുകയും തങ്ങ ളുടെ പൂർവ്വപിതാക്കന്മാരെ മാമ്മോദീസാ മുക്കുകയും ചെയ്ത കാലം മുതൽ ഇന്നുവരെയും ഞങ്ങൾ സുറിയാനിക്കാരാണ്".

കൂനൻകുരിശു സത്യത്തോടെ പഴയകൂറ്റും പുത്തൻകൂറ്റും എന്നീ രണ്ടു വിഭാഗങ്ങളായി സമുദായം വേർതിരിഞ്ഞ കാലം മുതൽ പുനരൈക്യപ്പെടുവാനുള്ള ആഗ്രഹം സമുദായത്തിൽ പ്രകടമാവുകയും ഇതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ആരംഭി ക്കുകയും ചെയ്തു. സമുദായത്തിന്റെ ഐക്യത്തിനായുള്ള സ്വപ്ന ങ്ങൾ സഫലമാക്കാനും ആറം മാർതോമ്മായുമായി ഇതു സംബ ന്ധിച്ചുണ്ടാക്കിയ ഉടമ്പടി പാലിക്കാനും മാർ ജോസഫ് കരിയാറ്റി മല്പാനും പാറേമ്മാക്കൽ ഗോവർണ്ണദോറും ചേർന്നു നടത്തിയ റോമ്മായാത്ര സുറിയാനി സമുദായ ചരിത്രത്തിലെ ഐതിഹാ സിക സംഭവമാണ്. ജീവൻ പണയപ്പെടുത്തേണ്ടി വന്നാലും റോമിൽപോയി പുത്തൻകൂറ്റുകാരുമായുള്ള പുനരൈക്യം സാധ്യ മാക്കാമെന്നാണ് മല്പാൻ ആറാം മാർതോമ്മായ്ക്ക് ഉറപ്പു നല്കി യത്.

ഭാരതീയ ഭാഷകളിലെ ആദ്യയാത്രാവിവരണഗ്രന്ഥമായ 'വർത്തമാനപുസ്തകം' സമുദായസ്നേഹിയായ ഏതൊരു നസ്രാ ണിക്കും ഉൾപുളകത്തോടെ മാത്രമെ വായിക്കാനാവുകയുള്ളു.

പ്രൊഫസ്സർ മീനാക്ഷിയമ്മ വർത്തമാനപ്പുസ്തകത്തെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു: "ഈ കൃതിയിൽ ഏതുഭാഗത്തും മുന്നിട്ടു നില്ക്കുന്നത് മല്പാന്റെയും കത്തനാരുടെയും രാജ്യാഭിമാനവും ദേശസ്നേഹവും വർഗ്ഗാഭിമാനവും ഭാഷാ സ്നേഹവുമാണ്". ഇൻഡ്യ സ്വാതന്ത്ര്യം നേടുന്നതിന് രണ്ടു നൂറ്റാണ്ടുകൾക്കു മുമ്പ് നാം ഭാരതീയരാണെന്ന ചിന്ത ഉണർത്തുവാൻ ഈ പുസ്തകം പ്രചോദനമേകി എന്നതിനു സംശയമില്ല.

സഭാവബോധവും സമുദായബോധവും നസ്രാണികളുടെ നേതൃനിരയിൽ ഉണ്ടായിരുന്ന ശ്രേഷ്ഠ വൈദികരിൽ മാത്രമല്ല ഉണ്ടായിരുന്നത്. അല്മായരും സഭാകാര്യങ്ങളിൽ ഏറെ താല്പര്യത്തോടെ പങ്കുചേർന്നിരുന്നു. കരിയാറ്റിയുടെയും തോമ്മാക്കത്തനാരുടെയും റോമ്മായാത്രയ്ക്കു മുന്നിൽനിന്നു പ്രവർത്തിച്ച രണ്ടു സമുദായ നേതാക്കന്മാരായിരുന്നു തച്ചിൽ **മാത്തുത്തരകനും ഇട്ടിക്കുരുവിളതരകനും.** ആറാം മാർതോമ്മായുടെ പുനരൈക്യത്തിനുവേണ്ടിയും നസ്രാണികൾക്ക് സ്വയംഭരണം ലഭിക്കുന്നതിനുവേണ്ടിയും ധീരപരിശ്രമങ്ങൾ നടത്തിയ മാത്തുത്തരകന് എതിർപ്പുകളെ നേരിടേണ്ടിവരിക മാത്രമല്ല പീഡനങ്ങളും ഏല്ക്കേണ്ടിവന്നു.

1787 ഫെബ്രുവരി 1-ന് 84 പള്ളിക്കാർ അങ്കമാലിയിൽക്കൂടി എഴുതിത്തയ്യാറാക്കിയ 'അങ്കമാലി പടിയോല' മാർത്തോമ്മാ നസ്രാണികളുടെ വിമോചന ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ്. മേല്പ്പട്ടക്കാരായി സ്വന്തം രക്തത്തിൽപ്പെട്ടവരെ അല്ലാതെ മറ്റാരെയും അംഗീകരിക്കയില്ല എന്ന ശക്തമായ നിലപാടു പടിയോലയെ ശ്രദ്ധേയമാക്കുന്നു.

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സമുദായബോധത്തിന്റെ പതാക ഏന്തി സമുദായത്തിനു ധീരനേതൃത്വം നല്കിയ പ്രമുഖരിൽ പ്രധാനിയാണ് ബഹുമുഖ പ്രതിഭയായിരുന്ന **നിധീരിക്കൽ മാണിക്കത്തനാർ**. സമുദായത്തിന്റെ ഐക്യവും ബഹുമുഖവളർച്ചയും ലക്ഷ്യംവച്ച് ജന്മമെടുത്ത ജാതൈക്യസംഘത്തിന്റെ സ്ഥാപകരിൽ പ്രധാനി മാണിക്കത്തനാരായിരുന്നു. ദീപികപത്രം ആരംഭിച്ചതിലൂടെ സമുദായത്തിനും രാഷ്ട്രത്തിനും അദ്ദേഹം വിലപ്പെട്ട സംഭാവനയാണ് നല്കിയത്. പത്രത്തിന് 'നസ്രാണി ദീപിക' എന്ന പേരു നല്കിയതിലൂടെ നസ്രാണി സമുദായത്തോടു പത്രത്തിനുള്ള ബന്ധം വ്യക്തമാണല്ലോ.

## കത്തോലിക്കാ കോൺഗ്രസും സമുദായമുന്നേറ്റവും

സഭാപരമായ സ്വയംഭരണത്തിനുവേണ്ടി നൂറ്റാണ്ടുകൾ നീണ്ടുനിന്ന പരിശ്രമങ്ങൾ ഏറെക്കുറെ വിജയകരമായി പര്യവസാനിച്ചു. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സമുദായമെന്ന നിലയിൽ അസംഘടിതരായിരുന്നു സുറിയാനിക്കാരും ലത്തീൻകാരുമായ കേരളത്തിലെ കത്തോലിക്കർ. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽനിന്നെല്ലാം പുറംതള്ളപ്പെട്ടുകൊണ്ടിരുന്ന ഒരു സമൂഹമാണ് തങ്ങളുടേതെന്ന് ഇവിടുത്തെ അല്മായ നേതൃത്വം തിരിച്ചറിഞ്ഞു. ഇതിനു സത്വരപരിഹാരം തേടിയ ക്രാന്തദർശികളായ അല്മായരുടെയും വൈദികരുടെയും ശ്രമഫലമായിട്ടാണ് അഖിലകേരള കത്തോലിക്കാകോൺഗ്രസ് (AKCC) ജന്മമെടുത്തത്.

ചങ്ങനാശ്ശേരി എസ്. ബി. ഹൈസ്കൂൾ ഗ്രൗണ്ടിൽ 1918 ഏപ്രിൽ 30-ാം തീയതി കൂടിയ സമ്മേളനത്തിൽ കേരള കത്തോലിക്ക മഹാജനസഭ എന്ന പേരിൽ രൂപംകൊണ്ട സംഘടനയാണ് പിന്നീട് AKCC യായി പരിണമിച്ചത്. സമുദായത്തിന്റെ വളർച്ചയിലും പൊതുസമൂഹത്തിൽ സമുദായത്തിന്റെ മുന്നേറ്റത്തിലും പതിറ്റാണ്ടുകളായി ക്രിയാത്മക പങ്കാളിത്തം വഹിച്ചുപോരുകയാണ് ഇന്ന് ഒരു ഗ്ലോബൽ സംഘടനയായി രൂപപ്പെട്ടുകഴിഞ്ഞിരിക്കുന്ന കത്തോലിക്കാ കോൺഗ്രസ്.

കത്തോലിക്കാ കോൺഗ്രസ് ജന്മംകൊണ്ട വർഷം (1918) ആരംഭിച്ച പൗരസമത്വവാദപ്രക്ഷോഭണത്തിൽ സമുദായം സജീവമായി പങ്കെടുത്തു. ദേവസ്വം, റവന്യൂവകുപ്പുകളിൽ സവർണ്ണഹിന്ദുക്കൾക്കു മാത്രം നിയമനം നല്കിയിരുന്ന അനീതിക്കെതിരെയായിരുന്നു ഈ സമരം. റവന്യൂവും ദേവസ്വവും വേർപെടുത്തണമെന്നും റവന്യുവകുപ്പിൽ എല്ലാ വിഭാഗങ്ങൾക്കും ജോലി നല്കണമെന്നുമുള്ള ആവശ്യം 1922-ൽ അംഗീകരിച്ചതോടെ സമരം വിജയിച്ചു.

കത്തോലിക്കർ നേരിട്ടിരുന്ന അവഗണനയുടെ യഥാർത്ഥചിത്രം അവതരിപ്പിച്ചുകൊണ്ട് സമുദായത്തിലെ അനശ്വരജ്യോതിസ്സെന്നു വിശേഷിപ്പിക്കപ്പെടുന്ന **എം.എം. വർക്കി** കത്തോലിക്ക അവകാശസമരത്തിന് ആരംഭംകുറിച്ചു. കത്തോലിക്കരെ പ്രത്യേകസമുദായമായി അംഗീകരിക്കണമെന്നാവശ്യപ്പെടുന്ന നിവേദനം 1924 മാർച്ച് 14 ന് മഹാരാജാവിനു സമർപ്പിച്ചു. ദൈവാലയങ്ങൾ സ്ഥാപിക്കുന്നതിനും സ്കൂളുകൾ നടത്തുന്നതിനും

ഉദ്യോഗങ്ങൾ ലഭിക്കുന്നതിനും പൗരാവകാശങ്ങൾ അനുവദിച്ചുകിട്ടുന്നതിലും ഉണ്ടായിരുന്ന തടസ്സങ്ങൾ നീക്കാൻ കത്തോലിക്കാ കോൺഗ്രസ് രംഗത്തുവന്നു. ആ കാലഘട്ടത്തിൽ കത്തോലിക്കാ സമുദായത്തിനുവേണ്ടി നല്കപ്പെട്ട മെമ്മോറാണ്ടങ്ങളും അനുബന്ധ കണക്കുകളുംമറ്റും ചേർത്ത് '**കത്തോലിക്കർ സഹിക്കുന്ന ഉപദ്രവങ്ങൾ**' എന്ന പേരിൽ ഇംഗ്ലീഷിലും പുസ്തകം പ്രസിദ്ധീകരിച്ചു. പില്ക്കാലത്ത് കത്തോലിക്കർ നടത്തിയ എല്ലാ രാഷ്ട്രീയസമരങ്ങൾക്കും പ്രചോദകമായ ഒരു ഗ്രന്ഥമായിരുന്നു ഇത്.

രാജഭരണകാലത്തുതന്നെ തിരുവിതാംകൂറിലും പിന്നാലെ കൊച്ചിയിലും നിയമനിർമ്മാണസഭകൾ നിലവിൽ വന്നിരുന്നു. എന്നാൽ അവിടെയും എല്ലാ സമുദായങ്ങൾക്കും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിച്ചില്ല. ഇതിനെതിരെ ഈഴവ, മുസ്ലീം ക്രൈസ്തവസമുദായങ്ങൾ ചേർന്നു നടത്തിയ നിവർത്തനപ്രക്ഷോഭണം 1933-ൽ ആരംഭിച്ച് 1936-ൽ വിജയംനേടി.

## സർ സി.പി.യും മാർ ജെയിംസ് കാളാശ്ശേരിയും

തിരുവിതാംകൂർ മഹാരാജാവിന്റെ ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ വിദ്യാഭ്യാസ ദേശസാൽക്കരണ നീക്കത്തെ ചെറുത്തു തോല്പിച്ചത് മാർ ജെയിംസ് കാളാശേരി പിതാവിന്റെ നേതൃത്വത്തിൽ സമുദായ സ്നേഹികളായ ചങ്ങനാശ്ശേരിക്കാരായിരുന്നുവെന്നു പറയാം. സ്കൂളുകളിലെ മതപഠനം ഒഴിവാക്കാനും ദേശസാത്ക്കരണത്തിലൂടെ ക്രൈസ്തവരുടെ സ്കൂളുകൾ പിടിച്ചെടുക്കാനും സർ സി.പി. നീക്കങ്ങൾ ആരംഭിച്ചു. രൂപതാധ്യക്ഷനായ വന്ദ്യ കാളാശേരി പിതാവ് ഈ നീക്കത്തെ പ്രതിരോധിച്ചത് 1945 ഓഗസ്റ്റ് 15-ന് പ്രസിദ്ധപ്പെടുത്തിയ ചരിത്രപ്രസിദ്ധമായ ഇടയലേഖനത്തിലൂടെയാണ്. ഇടയലേഖനം പിൻവലിച്ച് മാപ്പുപറയണമെന്ന് ദിവാൻ പിതാവിനോടാവശ്യപ്പെട്ടു. വിശ്വാസികൾക്ക് ധാർമ്മിക പ്രബോധനം നല്കുക മെത്രാനടുത്ത തന്റെ ധർമ്മമാണെന്ന് പിതാവ് വ്യക്തമാക്കി. സി.പി.യുടെ പോലീസ് കാളാശേരി പിതാവിനെ അറസ്റ്റു ചെയ്യുമെന്ന കിംവദന്തി നാടെങ്ങും പരന്നു. അതിനു ചങ്ങനാശേരിക്കാർ നല്കിയ മറുപടി 'തങ്ങളുടെ മൃതദേഹങ്ങളെ ചവുട്ടിയേ പോലീസിന് അരമനയിൽ എത്താനും തിരുമേനിയെ അറസ്റ്റു ചെയ്യാനും കഴിയൂ' എന്നാണ്.

ചങ്ങനാശേരിയിലെ സഭാസമൂഹത്തിന്റെ സമുദായബോധം

കൊടുമുടിയിലെത്തിയ ചരിത്രമുഹൂർത്തമായിരുന്നു അതെന്ന് ആർക്കും സംശയമില്ല.

### പുത്തൻകാലഘട്ടം: പുത്തൻസാധ്യതകളും വെല്ലുവിളികളും

ഭാരതത്തിലെ സുറിയാനി കത്തോലിക്കർ സഭാപരമായി വളർച്ചയുടെ പാതയിലൂടെ മുന്നേറുന്നുവെന്നു പറയാം. ഒരു സ്വയാധികാരസഭയായി ഉയർത്തപ്പെട്ടിട്ട് കാൽനൂറ്റാണ്ട് പിന്നിട്ട ഈ അവസരത്തിൽ ഏറെ കാലങ്ങളായി നാം ആവശ്യപ്പെട്ടുകൊണ്ടിരുന്നു അഖിലേന്ത്യാതലത്തിലുള്ള അജപാലനാധികാരവും നമുക്കു ലഭ്യമായിക്കഴിഞ്ഞു. ചുരുക്കത്തിൽ സഭയുടെ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്.

എന്നാൽ നമ്മുടെ സമുദായത്തിന്റെ സ്ഥിതി അതല്ല. കടന്നുപോയ കാലങ്ങളിൽ കേരളത്തിലെ ഒരു പ്രബലസമുദായമായിരുന്നു നമ്മുടേതെങ്കിൽ ഇന്ന് സ്ഥിതി ആകെ മാറിയിരിക്കുന്നു. സമുദായം ഒട്ടും സംഘടിതമല്ലാത്തുകൊണ്ട് ഭരണകർത്താക്കളും രാഷ്ട്രീയക്കാരും നമ്മെ അവഗണിച്ചുകൊണ്ടിരിക്കുന്നു. ഇതര സമുദായങ്ങളെപ്പോലെ വിലപേശാൻ നമ്മുടെ സംസ്കാരം നമ്മെ അനുവദിക്കുന്നില്ല എന്നതും ശരിയാണ്.

സാമ്പത്തിക രംഗത്തുള്ള തകർച്ച സമുദായത്തെ ഏറെ ദുർബലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര, സംസ്ഥാനഭരണകൂടങ്ങൾ കാർഷിക രംഗത്തോടു കാണിക്കുന്ന കടുത്ത അവഗണന കർഷകഭൂരിപക്ഷമുള്ള സമുദായത്തെ പിന്നോട്ടടിച്ചു. നമ്മുടെ യുവതലമുറ കാർഷികവൃത്തിയിൽ ഒട്ടും താല്പര്യം കാണിക്കുന്നില്ല എന്നതും നല്ല കാര്യമല്ല. സമുദായത്തിൽനിന്നും വിദേശങ്ങളിൽ ജോലി തേടിപ്പോകുന്നുവരുടെയും അവിടെ സ്ഥിരതാമസമാക്കുന്നവരുടെയും എണ്ണം വർദ്ധിച്ചുവരുന്നു. മാർതോമ്മാനസ്രാണികളുടെ ജന്മഭൂമിയിൽ അവർ ഗണ്യമല്ലാത്ത ഒരു സമൂഹമായി ചുരുങ്ങുന്നത് ആശാവഹമല്ല. വിദേശജോലികൾ തേടിപ്പോകുന്ന സമർത്ഥരായ യുവജനങ്ങൾ ജന്മനാട്ടിലെ ഉയർന്ന നിലവാരമുള്ള പല ജോലികളും അറിയാതെതന്നെ നഷ്ടപ്പെടുത്തുകയാണ്. സർക്കാർ സർവീസിൽ ജോലി കണ്ടെത്തുന്ന സമുദായാംഗങ്ങളുടെ എണ്ണവും ഗണ്യമായി കുറഞ്ഞുവരുന്നു. സമുദായത്തിന്റെ സുസ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന പ്രശ്നങ്ങളാണ് ഇവയെല്ലാം.

ആധുനിക വാർത്താവിനിമയ മാധ്യമങ്ങളുടെ സ്വാധീനം ഇന്നു വളരെ ശക്തമാണ്. ക്രിസ്തീയ സമൂഹങ്ങളോടു പൊതുവിലും കത്തോലിക്കാ സമുദായത്തോടു പ്രത്യേകിച്ചും ശത്രുത പുലർ ത്തുന്ന മാധ്യമങ്ങളുടെ എണ്ണം കൂടിവരുന്നു. പ്രത്യേകിച്ച് ടെലിവിഷൻ ചാനലുകൾ പലപ്പോഴും സമുദായത്തെ പ്രതിക്കൂട്ടിലാക്കാൻ പരസ്പരം മത്സരിക്കുന്നതായി കാണുന്നു. സമുദായം അസംഘടിതമാകുന്തോറും ഈവിധ കടന്നുകയറ്റങ്ങൾ വർദ്ധിച്ചുവരും. വിദ്യാഭ്യാസ സാംസ്കാരിക രംഗത്തും ആതുരശുശ്രൂഷാരംഗത്തും കേരളത്തിൽ ഗണ്യമായ സേവനമർപ്പിക്കുന്ന ഒരു സമുദായത്തിന്റെ ദുര്യോഗമാണിതെന്ന് ഓർക്കണം.

ഉത്തമ കത്തോലിക്കാ വിശ്വാസവും സമുദായത്തോടു കൂറുമുള്ള രാഷ്ട്രീയനേതാക്കന്മാർ ഇന്നു വിരളമാണ്. ഇങ്ങനെയുള്ളവരെ കണ്ടെത്തി വളർത്തിയെടുക്കാൻ സമുദായ സംഘടനയ്ക്കു കഴിയണം. സ്ത്രീശാക്തീകരണത്തിന്റെ ഈ കാലഘട്ടത്തിലും വിശ്വാസബോധ്യങ്ങളും നേതൃഗുണങ്ങളുമുള്ള വനിതാനേതൃനിരയെ നാം ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. ഏതൊരു സമുദായത്തിന്റെയും ഭാവി യുവജനങ്ങളെ ആശ്രയിച്ചാണിരിക്കുക. നമ്മുടെ യുവജനങ്ങൾ സംഘടിതരല്ല എന്നു മാത്രമല്ല സമുദായ വിഷയങ്ങളിൽ അവർ ഏറെ തല്പരരുമല്ല. കേരളത്തിൽ തെക്കും വടക്കുമുള്ള നസ്രാണി സമുദായാംഗങ്ങൾ ഇനിയും പൂർണ്ണമായ ഐക്യത്തിലേക്കുവരേണ്ടിയിരിക്കുന്നു.

രാഷ്ട്രീയാതിപ്രസരം നമ്മുടെ കാലഘട്ടത്തെ ഏറെ ദോഷകരമായി സ്വാധീനിക്കുന്നുണ്ട്. രാഷ്ട്രീയ ശക്തികൾ സാധ്യമായ എല്ലാ മേഖലകളേയും തങ്ങളുടെ വരുതിയിലാക്കി നേട്ടം കൊയ്യാൻ ശ്രമം നടത്തുന്നു. സമുദായങ്ങളുടെ ആരോഗ്യപരമായ പ്രവർത്തനവും വളർച്ചയും ഇക്കൂട്ടർക്ക് എന്നുമൊരു പേടിസ്വപ്നമാണ്. അതായത് സമുദായങ്ങൾ ശക്തിയാർജിക്കുന്നത് തങ്ങൾക്കു ഭീഷണിയാകുമെന്ന് രാഷ്ട്രീയക്കാർ ഭയക്കുന്നു. അതുകൊണ്ടുതന്നെ ഈ കൂട്ടർ സമുദായങ്ങളുടെ വളർച്ചയ്ക്ക് തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കും. ഇതു മനസ്സിലാക്കി വേണം സമുദായസ്നേഹികൾ സമുദായപ്രവർത്തനങ്ങൾ നടത്തുവാൻ.

സ്വന്തമായ രാഷ്ട്രീയ നിലപാടെടുക്കാനും രാഷ്ട്രീയപ്രവർത്തനം നടത്തുവാനും ഏവർക്കും സ്വാതന്ത്ര്യമുണ്ട്. എന്നാൽ സമുദായ പ്രവർത്തനങ്ങളിൽ രാഷ്ട്രീയ ചേരിതിരിവ് സൃഷ്ടി

ക്കുന്നത് അത്യന്തം ആപത്ക്കരമാണ്. കക്ഷിരാഷ്ട്രീയത്തിൽ ഇന്നു നാം കാണുന്ന ജീർണ്ണതയത്രയും സമുദായപ്രവർത്തനങ്ങളിൽ നാം ക്ഷണിച്ചുവരുത്തുകയായിരിക്കും ചെയ്യുക. ആധുനിക കേരളചരിത്രത്തിൽ ഇതിനു നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ടാവും.

പുത്തൻകാലഘട്ടത്തിന്റെ വെല്ലുവിളികളെ സീറോമലബാർ സഭ മേജർ ആർച്ചുബിഷപ്പും സിനഡു പിതാക്കന്മാരും സഗൗരവം മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി നമ്മുടെ എല്ലാ രൂപതകളിലും കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. 2018 സംഘടനയുടെ ശതാബ്ദി വർഷവുമാണ്. അസംഘടിതരായ സമുദാ യാംഗങ്ങളെ കത്തോലിക്കാ കോൺഗ്രസിന്റെ കൊടിക്കീഴിൽ അണിചേർത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ എല്ലാ തലങ്ങളിലും നടത്തുവാൻ കഴിഞ്ഞാൽ അത് സുറിയാനി സമുദായത്തിന്റെ ഉയിർത്തെഴുന്നേല്പിനു കളമൊരുക്കുമെന്നു സംശയമില്ല.

സംഘടനയുടെ ഭരണഘടന വ്യക്തമാക്കുന്നതനുസരിച്ച് രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ചൈതന്യത്തിൽ സഭയുടെ അജപാലനാപരമായ ദൗത്യത്തിൽ പങ്കുചേർന്നും, ഒരു തനി രാഷ്ട്രീയ കക്ഷിയായി നിലകൊള്ളാതെയും സീറോ മലബാർ സഭാംഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും സാമുദായികവും സാംസ്കാരികവും രാഷ്ട്രീയവുമായ താല്പര്യങ്ങളുടെ പരിരക്ഷണത്തിനും സമുദായത്തിന്റെ സർവ്വതോന്മുഖമായ ഉത്കർഷത്തിനുംവേണ്ടി യത്നിക്കുക എന്നതാണ് കത്തോലിക്കാ കോൺഗ്രസിന്റെ ലക്ഷ്യം. ഈ മഹനീയ ലക്ഷ്യസാക്ഷാത്ക്കാരത്തിനായി, ചങ്ങനാശ്ശേരി അതിരൂപതയിൽ നൂറു വർഷങ്ങൾക്കു മുമ്പ് ജന്മംകൊണ്ട, ഇപ്പോൾ ഒരു ഗ്ലോബൽ സംഘടനയായി മാറിക്കഴിഞ്ഞിരിക്കുന്ന കത്തോലിക്കാ കോൺഗ്രസിന്റെ ചിറകിൻകീഴിൽ നമുക്കൊന്നിച്ചുകൂടാം. ഒത്തൊരുമയോടെ പ്രവർത്തിക്കുകയും ചെയ്യാം.

### സമാപനം

ക്രൈസ്തവരുടെ വിളി ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിത്തീരുവാനുള്ളതാണ്(മത്താ. 5:13-14). ഉപ്പിന്റെ ഉറകെട്ടുപോകരുതെന്നും വിളക്കു കൊളുത്തി പറയിൽകീഴുവയ്ക്കരുതെന്നും കർത്താവ് ആഗ്രഹിക്കുന്നു. പുതിയ കാലഘട്ടം ചീയ

ലിനു വിധേയമായിക്കൊണ്ടിരിക്കുന്നു. മിക്കവാറും എല്ലാ മണ്ഡലങ്ങളിലും അന്ധകാരം വ്യാപിച്ചുകൊണ്ടിരിക്കുന്നു. അസത്യത്തിന്റെയും അനീതിയുടെയും അധർമ്മത്തിന്റെയും ഹിംസയുടെയും ഫലമായുണ്ടാകുന്ന ചീയലും കൂരിരുട്ടും. ഇവിടെ ഉപ്പാകുവാനും വെളിച്ചമേകുവാനും നമുക്കു കഴിയണം. സഭാജീവിതത്തിൽ ആഴത്തിൽ പങ്കുചേരുന്നതിലൂടെയെ വ്യക്തിപരമായും സമുദായമെന്ന നിലയിലും മിശിഹായുടെ വെളിച്ചം ചുറ്റുപാടും പ്രസരിപ്പിക്കാൻ നമുക്കു സാധ്യമാവുകയുള്ളു, ലോകത്തെ ചീയലിൽനിന്നും സംരക്ഷിക്കുന്ന ലവണമായി മാറാനും കഴിയുകയുള്ളു.

# സഭാജീവിതം

## ആമുഖം

എന്താണ് സഭ? മനുഷ്യനിർമ്മിതമല്ലേ അത്? സഭയും മിശിഹായും തമ്മിൽ ബന്ധമുണ്ടോ, അഥവാ, ഉണ്ടെങ്കിൽ എന്താണ് ഈ ബന്ധത്തിന്റെ കാതൽ? ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമാണ് സഭ എന്നുപറഞ്ഞാൽ എന്താണതിന്റെ അർത്ഥം? സീറോ മലബാർസഭയുടെ വ്യക്തിത്വത്തിന് ആഗോളസഭയിൽ എന്തു പ്രസക്തി? ഇത്തരം ചില പരിചിത ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ തേടുകയാണിവിടെ.

## 1. സഭ രക്ഷയുടെ അവശ്യമാധ്യമം

രക്ഷ പ്രാപിക്കാൻ സഭയുടെ മധ്യവർത്തിത്വം ആവശ്യമോ? അനേകരുടെ സംശയമാണിത്. വി. ഗ്രന്ഥം ധ്യാനാത്മകമായി വായിക്കുന്നവർക്കൊക്കെ, പക്ഷേ ,മനസ്സിലാവും ദൈവം ലോകചരിത്രത്തിൽ ഇടപെട്ടതൊക്കെ മധ്യവർത്തികളിലൂടെയായിരുന്നുവെന്ന്. അബ്രാഹവും മോശയും പ്രവാചകന്മാരും ന്യായാധിപന്മാരും രാജാക്കന്മാരുമൊക്കെ ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിൽ വർത്തിച്ചിരുന്നവരായിരുന്നെന്നു കാണാം. ദൈവത്തോടു സംസാരിച്ചിരുന്നതും മറഞ്ഞിരിക്കുന്ന ദൈവത്തെ ലോകത്തിനു കാട്ടിക്കൊടുത്തതും ദൈവവചനത്തെ മനുഷ്യർക്കു വെളിപ്പെടുത്തി നൽകിയതും ഈ "ഇടനില"ക്കാരായിരുന്നു. ഇസ്രായേൽ എന്ന ദൈവത്തിന്റെ സ്വന്തം ജനംതന്നെ ദൈവം ലോകത്തിനു പ്രദാനം ചെയ്യാനാഗ്രഹിച്ച രക്ഷയുടെ മധ്യവർത്തികളായിരുന്നുവെന്നു പറയാം. ഈശോ ഈ മധ്യവർത്തികളിൽ അനന്യനാണ്. പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർവഴി സംസാരിച്ച ദൈവം പുതിയനിയമകാലത്ത് തന്റെ പുത്രൻവഴി സംസാരിച്ചു (ഹെബ്രാ 1,1). പുത്രനായ ഈശോയാകട്ടെ, തന്റെ പന്ത്രണ്ട് ശ്ലീഹന്മാർക്കാണ് ഈ അധികാരം കൈമാറിയത്: നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടി

രിക്കും(മത്താ 18,18). പുതിയ ഇസ്രായേലായ സഭയെ പന്ത്രണ്ടു ശ്ലീഹന്മാരാകുന്ന തൂണുകളിൽ കർത്താവ് പടുത്തുയർത്തുകയാണ്. നിർണ്ണായകസന്ദർഭങ്ങളിൽ തീരുമാനമെടുക്കുന്നതിനും (ശ്ലീഹ. നട. 15) പരിശുദ്ധാത്മാവിനെ കൈവയ്പു ശുശ്രൂഷവഴി വിശ്വാസികൾക്ക് നൽകുന്നതിനു (ശ്ലീഹ. നട. 8,17) മെല്ലാം ശ്ലീഹന്മാരുടെ സാന്നിധ്യം അനിവാര്യമായിത്തീരുന്നു. പന്ത്രണ്ടു ശ്ലീഹന്മാരുടെ കാലശേഷം അവരുടെ പിൻഗാമികളായ മെത്രാന്മാരിലൂടെ ഈ അധികാരം സഭയ്ക്കു നൽകപ്പെടുന്നു.

തിരുപ്പട്ടശുശ്രൂഷയിലൂടെ മധ്യവർത്തിത്വത്തിന്റെ ഈ ശുശ്രൂഷ സഭയിൽ നിലനിൽക്കുന്നു. അതുകൊണ്ടാണ് വി. കുർബാനയിൽ ഈ അവബോധത്താൽ നിറഞ്ഞ് കാർമ്മികൻ ഇങ്ങനെ പ്രാർത്ഥിക്കുന്നത്: "കർത്താവേ, ബലവാനായ ദൈവമേ, അങ്ങയോടു ഞങ്ങൾ വിനയപൂർവ്വം പ്രാർത്ഥിക്കുന്നു. അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. അങ്ങയുടെ ദാനങ്ങൾ **ഞങ്ങളുടെ കരങ്ങൾവഴി** വർഷിക്കണമേ..." രക്ഷയുടെ മാർഗ്ഗമായ കൂദാശകൾ സഭയിലും സഭവഴിയുമാണു പരികർമ്മം ചെയ്യപ്പെടുന്നത്. സഭയെ മിശിഹായുടെ മൗതിക ശരീര(mystical body)മെന്നാണല്ലോ വിളിക്കു ന്നതും. മിശിഹായാണ് ഈ ശരീരത്തിന്റെ ശിരസ്സ് (കൊളോ 2,18) നാമെല്ലാം അവയവങ്ങളും. ഒരു ഘട്ടത്തിൽ ഈശോ പീഡിപ്പിക്കപ്പെടുന്ന സഭയോടു താദാത്മ്യപ്പെടുത്തുന്നുമുണ്ട്: "നീ പീഡിപ്പിക്കുന്ന ഈശോയാണു ഞാൻ" (ശ്ലീഹ 9,5). മധ്യവർത്തികളിൽനിന്നു താദാത്മ്യത്തിലേക്കുള്ള വളർച്ചയായി ഇതിനെ കാണാമെന്നു തോന്നുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, മിശിഹാനുഭവം ഇന്നു സാധ്യമാവുന്നത് സഭയിലാണെന്നുവരുന്നു. ദൈവവും സഭയുമായുള്ള അഭേദ്യമായ ഈ ബന്ധം വി. സിപ്രിയാൻ വ്യക്തമാക്കുന്നത് എങ്ങനെയെന്നു നോക്കുക:

"സഭയെ അമ്മയായി കരുതാത്തവർക്ക് ദൈവത്തെ പിതാവായി മനസ്സിലാക്കാനാവില്ല". ചുരുക്കത്തിൽ, രക്ഷ മധ്യവർത്തിത്വം ആവശ്യപ്പെടുന്നുവെന്നും ഇന്നു രക്ഷ പ്രദാനം ചെയ്യുന്ന മധ്യവർത്തിയായി സഭ നിലകൊള്ളുന്നുവെന്നും അതുകൊണ്ടുതന്നെ മിശിഹാനുഭവം സാധ്യമാകുന്നതു സഭയിലാണെന്നും വ്യക്തമാകുന്നു. മിശിഹായുടെ തുടർച്ചയും ദൈവ-മനുഷ്യ സമാഗമവേദിയുമാണു സഭ.

## 2. തിരുസ്സഭയുടെ സവിശേഷതകൾ

A.D. 381-ൽ നടന്ന കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസു മുതൽ സഭയുടെ സവിശേഷതകളായി നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്നതിപ്രകാരമാണ്: "ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവു(കാതോലികവു)മായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു".

### i. സഭ ഏകമാണ്

സഭ അവളുടെ ഉറവിടംമൂലം ഏകമാകുന്നു (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, CCC നമ്പർ 813). "ത്രിത്വൈക ദൈവ വ്യക്തികളായ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിലുള്ള ഐക്യമാണു ഈ രഹസ്യത്തിന്റെ പരമോന്നത മാതൃകയും ഉറവിടവും" (സഭൈക്യത്തെക്കുറിച്ചുള്ള രണ്ടാംവത്തിക്കാൻ കൗൺസിൽ ഡിക്രി, നമ്പർ 2). അലക്സാണ്ഡ്രിയയിലെ വി. ക്ലമന്റ് ഈ ഐക്യത്തെപ്പറ്റി പറയുന്നതു നോക്കുക: "എത്ര വിസ്മയനീയമായ ഒരു രഹസ്യം! എല്ലാവർക്കും പിതാവായി ഒരുവൻ, എല്ലാവർക്കുമായി ഒരു വചനം. എല്ലായിടത്തും ആയിരിക്കുന്ന പരിശുദ്ധാത്മാവ് ഒന്ന്; കന്യകയായ അമ്മ ഒരുവൾ മാത്രം. അവളെ "സഭ" എന്നു വിളിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു".

എന്നാൽ, സഭയുടെ ഈ ഏകത്വം (unity) വൈവിധ്യത്തെ (diversity) ഉൾക്കൊള്ളുന്നു. ദൈവത്തിന്റെ ദാനങ്ങളുടെയും (1 കോറി 12,4) അവ സ്വീകരിക്കുന്ന വ്യക്തികളുടെയും വൈവിധ്യമാണ് ഈ നാനാത്വത്തിനു കാരണം. ദൈവം അനുവദിക്കുന്ന നന്മയായാണ് നാം ഈ വൈവിധ്യത്തെ മനസ്സിലാക്കേണ്ടത്. കാരണം, സത്താപരമായ ഏകത്വത്തിലുള്ള ഈ വ്യതിരിക്തത പരി. ത്രിത്വത്തിന്റെ തന്നെ ഒരു സവിശേഷതയാണ്. നാലു സുവിശേഷങ്ങളിലെയും വിഭിന്നങ്ങളായ മിശിഹാനുഭവം പരസ്പര പൂരകങ്ങളായിരിക്കുന്നതുപോലെ പ്രസക്തമാണ് വിവിധ ശ്ലീഹന്മാരുടെ മിശിഹാനുഭവത്തിൽനിന്നു രൂപമെടുത്ത വ്യക്തിസഭകളുടെ പാരമ്പര്യങ്ങളിലുള്ള വ്യത്യസ്തതയും. "സഭയിലെ വൈവിധ്യം ഐക്യം ഹനിക്കുകയല്ല; പ്രത്യുത അതിനെ കൂടുതൽ സ്പഷ്ടമാക്കുകയാണ്" (പൗരസ്ത്യസഭകൾ, നമ്പർ 2) എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നതിന്റെ പൊരുളും മറ്റൊന്നല്ല. വ്യക്തിസഭകളുടെ പിതൃസ്വത്തിനെ അതിന്റെ സംപൂജ്യമായ പൗരാണികതയെപ്രതി ബഹുമാനിച്ചാൽ മാത്രം പോരാ, സാർവ്വ

ത്രികസഭയുടെ പൈതൃകസമ്പത്തായി കരുതി അഭംഗുരം സംരക്ഷിക്കണമെന്നും കൗൺസിൽ അനുശാസിക്കുന്നു (നമ്പർ 5). വൈവിധ്യത്തിന്റെ സമ്പന്നതയും അതിന്റെ സാധ്യതകളും മനസ്സിലാക്കാൻ കഴിയാത്തവർക്ക് ഐക്യം എന്നത് എല്ലാം ഒരുപോലിരിക്കുന്ന അവസ്ഥയാണ് (uniformity). എന്നാൽ യാഥാർത്ഥ്യം നേരേ മറിച്ചാണ്. 'ഐക്യം' എന്ന സങ്കല്പം (concept) തന്നെ വൈവിധ്യത്തെ ഉൾക്കൊള്ളുന്നതാണ്. അതായത്, വൈവിധ്യമില്ലെങ്കിൽ ഐക്യമില്ല എന്നു സാരം. ശിരസ്സായ മിശിഹായോടു ചേർന്നുനിൽക്കുന്ന അവയവങ്ങൾപോലെയാണ് സഭാംഗങ്ങളുടെ ഐക്യം.

വ്യക്തിത്വത്തെ നഷ്ടപ്പെടുത്താതെയുള്ള സഹവർത്തിത്വത്തെ മനസ്സിലാക്കാൻ കഴിയാത്തവർക്ക് 24 വ്യക്തിസഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭ എന്നതു മനസ്സിലാക്കാനാവില്ല. ലത്തീൻ, ഗ്രീക്ക്, സുറിയാനി എന്നീ മൂന്നു ശാഖകളിലായി റോമൻ, അലക്സാണ്ഡ്രിയൻ, അന്ത്യോക്യൻ, പൗരസ്ത്യ സുറിയാനി, അർമേനിയൻ, ബൈസന്റയിൻ ആരാധനക്രമപാരമ്പര്യങ്ങളിൽപെടുന്നവയാണ് പ്രസ്തുത 24 വ്യക്തിസഭകളും. വിശ്വാസം, കൂദാശകൾ, ശ്ലൈഹിക പിന്തുടർച്ച, ഹയരാർക്കി എന്നീ ഘടകങ്ങൾ ഇവയ്ക്കു പൊതുവായുള്ളപ്പോൾ ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം എന്നിവയാണ് ഇവയെ വ്യതിരിക്തമാക്കുന്നവ. ഒരു വ്യക്തിസഭയെ മറ്റൊന്നിൽനിന്നു വ്യത്യാസപ്പെടുത്തുന്ന ഈ ഘടകങ്ങളെ പൊതുവായി ചേർത്തുവിളിക്കുന്ന പേരാണ് റീത്ത്. ഒരു വ്യക്തിസഭയെ ഒരിക്കലും റീത്ത് എന്നു വിളിക്കാനാവില്ല; റീത്ത് ഒരു പൈതൃകമാണ്, വ്യക്തിസഭയുടെ പൈതൃകം. സീറോ മലബാർ സഭയെ സീറോമലബാർ റീത്ത് എന്നു വിളിക്കാനാവില്ല എന്നർത്ഥം. 1990-ൽ പ്രസിദ്ധീകരിക്കപ്പെട്ട പൗരസ്ത്യ കാനോൻ നിയമസംഹിത (CCEO) റീത്തിനെ നിർവചിക്കുന്നത് ഇപ്രകാരമാണ് (കാനോന 28,1):

"ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം ഇവയിലൂടെ രൂപീകൃതമായിട്ടുള്ളതും ജനപദങ്ങളുടെ ചരിത്രപരമായ സാഹചര്യങ്ങളാലും സംസ്കാരത്താലും വ്യതിരിക്തമാക്കപ്പെട്ടിട്ടുള്ളതും ഓരോ സ്വയാധികാരസഭയും (sui iuris Church) തങ്ങളുടേതായ രീതിയിൽ വിശ്വാസം ജീവിച്ചുകൊണ്ടു വെളിവാക്കുന്നതുമായ പൈതൃകമാണ് റീത്ത്".

ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം എന്നിവ പൊതുവായി പല സഭകൾക്കുമുണ്ടാകാമെങ്കിലും സംസ്കാരം, പ്രത്യേക ചരിത്രസാഹചര്യങ്ങൾ എന്നിവ ഓരോ ജനതയ്ക്കും വ്യത്യസ്തമായിരിക്കും. ഈ രണ്ടു ഘടകങ്ങളാണ് അവരെ മറ്റു ജനതകളിൽനിന്നു വേർതിരിക്കുന്നതെന്നു സൂക്ഷ്മ പരിശോധനയിൽ വ്യക്തമാകും. ഓരോ സ്വയാധികാര സഭയും ഈശോയിലുള്ള വിശ്വാസം പ്രായോഗികമായി ജീവിക്കുന്ന രീതി പ്രകടമാകുന്നതു റീത്തിലാണ്.

## ii. സഭ പരിശുദ്ധമാണ്

സഭ, ഒരേസമയം ദൈവികവും മാനുഷികവുമായ തലങ്ങളെ ഉൾക്കൊള്ളുന്നു. ദൃശ്യമായ അടയാളങ്ങളിലൂടെ ദൈവം ചൊരിയുന്ന അദൃശ്യമായ കൃപാവരങ്ങളുടെ സാന്നിധ്യം ദർശിക്കണമെങ്കിൽ വിശ്വാസത്തിന്റെ നയനങ്ങൾ ആവശ്യമാണ്. "കാഴ്ചയാലല്ല, വിശ്വാസത്താലാണു ഞങ്ങൾ നയിക്കപ്പെടുന്ന"തെന്ന് (2 കോറി 5,7) പറയാൻ കഴിയണം.

സഭ വിശുദ്ധമാകുന്നത് സഭാംഗങ്ങളുടെ ഒറ്റയ്ക്കോ കൂട്ടായോ ഉള്ള വിശുദ്ധി മൂലമല്ല; മറിച്ച് അവളുടെ മണവാളനായ മിശിഹായുടെ വിശുദ്ധിമൂലമാണ്. ദൈവത്തിന്റെ നിതാന്തമായ വിശ്വസ്തതയാണ് അവിശ്വസ്തരായ മനുഷ്യരുടെ അശുദ്ധിക്കുമേൽ നിരന്തരം വിജയംവരിക്കുന്നത്. പാപികളായ മനുഷ്യരുടെ കൂട്ടായ്മയാണു സഭയെന്നിരിക്കേ, ദൈവം തന്റെ വിശുദ്ധീകരിക്കാനുള്ള ശക്തി പ്രകടമാക്കുന്നതിലാണ് അവളുടെ വിശുദ്ധി അടങ്ങിയിരിക്കുന്നത്.

പുതിയ ഉടമ്പടിയുടെ അടിസ്ഥാനം ഉടമ്പടിയോടുള്ള ഇരുകക്ഷികളുടെയും (ദൈവം, മനുഷ്യൻ) വിശ്വസ്തതയല്ല; മറിച്ച്, ദൈവത്തിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹത്തിൽനിന്നുയിർകൊള്ളുന്ന കൃപയാണ്. മനുഷ്യന്റെ ബലഹീനതകൾ ഈ ഉടമ്പടി അസാധുവാക്കുവാൻ ദൈവം അനുവദിക്കുകയില്ല എന്നതിലാണു പ്രസ്തുത ഉടമ്പടിയുടെ ശ്രേഷ്ഠത അടങ്ങിയിരിക്കുന്നത്. പാപം വർധിക്കുന്നിടത്ത് അതിലേറെ വർധിക്കുന്ന ദൈവകൃപയുടെ (റോമാ 5,20) മുമ്പിൽ നമ്രശിരസ്ക്കരാകാനേ വിശ്വാസികൾക്കു കഴിയൂ. നിരന്തരം വിശുദ്ധീകരിക്കുന്ന ദൈവസാന്നിധ്യത്തിന്റെ ഉറപ്പാണ് സഭ! പാപപങ്കിലമായ മനുഷ്യകരങ്ങളിലൂടെ വർഷിക്കപ്പെടുന്ന അനന്തമായ ദൈവകൃപയുടെ നീർച്ചാലാവുന്നു സഭ. ഈ ബോധ്യത്താൽ നിറഞ്ഞ് വി. കുർബാനയിൽ അവൾ ഇപ്ര

കാരം പ്രാർത്ഥിക്കുന്നു: “എന്റെ കർത്താവേ, ഞങ്ങളുടെ നിസ്സാരതയും ദൗർബല്യവും അങ്ങു പരിഗണിക്കരുതേ. അങ്ങയുടെ ദയയാലും കവിഞ്ഞൊഴുകന്ന കാരുണ്യത്താലും പരിശുദ്ധാത്മാവിന്റെ കൃപകൊണ്ടു ഞങ്ങളെ നിറയ്ക്കണമേ” (ഒന്നാം ഗ്ഹാന്ത, തെയഡോറിന്റെ കൂദാശക്രമം).

വിശുദ്ധിയുടെയും അശുദ്ധിയുടെയും ഈ സഹാസ്തിത്വത്തെ മനസ്സിലാക്കുന്നതിൽ മനുഷ്യന്റെ ചിന്ത (“നിന്റെ ചിന്ത മാനുഷികമാണ്, ദൈവികമല്ല”, മർക്കോസ് 8,33) പലപ്പോഴും പരാജയപ്പെടുന്നെന്നു കാണാം. ശിഷ്ടരുടെയും ദുഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടെയുംമേൽ മഴ പെയ്യിക്കുകയും ചെയ്യുന്ന (മത്താ 5,45) ദൈവനീതിയെ മനസ്സിലാക്കാനാവാത്തവർക്ക് വിശുദ്ധിയെന്നതു പാപവും തിന്മയും സ്പർശിക്കാത്ത നന്മമാത്രം നിറഞ്ഞ, പരിപൂർണ്ണമായ ഒരു അവസ്ഥയാണ്. സഭയെ വിമർശിക്കുന്നവർ പലപ്പോഴും മനസ്സിലാക്കാൻ പരാജയപ്പെടുന്നതും പാപത്തോടും പാപിയോടുമുള്ള സഭയുടെ സമീപനത്തെയാണ്. ഈശോയിൽ സമകാലികർ ആരോപിച്ച കുറ്റവും അതുതന്നെയായിരുന്നു. പാപിയെ വിധിക്കാത്ത (യോഹ 8,11), അവന്റെ തിരിച്ചുവരവിൽ സന്തോഷിക്കുന്ന (ലൂക്കാ 15,14), എതിരാളികളുടെമേൽ അഗ്നിയിറക്കാത്ത (ലൂക്കാ 9,55), വിളയോടൊപ്പം തഴച്ചുവളർന്ന കളകളെ പിഴുതെറിയാൻ തീക്ഷ്ണമതികളെ അനുവദിക്കാത്ത (മത്താ 13,30) ഈശോയുടെ കരുണയുടെ നിലപാടുകൾ കൂടെയുണ്ടായിരുന്നവർക്കുപോലും മനസ്സിലാക്കാനായില്ല. പാപികളോടൊപ്പം ഭക്ഷണം കഴിച്ച, അവരെ സുഹൃത്തിക്കളാക്കിയ, സ്വയം പാപമാക്കുവോളം അവരോടൊത്തിടപഴകിയ (2 കോറി 5,21; ഗലാ 3,13) ഈശോ അവരിൽ പലരെയും അസ്വസ്ഥരാക്കി. പാപത്തെ സ്വന്തം ശരീരത്തിലേറ്റെടുത്ത് തന്റെ ഭാഗധേയമാക്കിയ ഈശോ യഥാർത്ഥ വിശുദ്ധി എന്താണെന്നു വ്യക്തമാക്കി: വേർതിരിച്ചു മാറ്റി നിർത്തലല്ല, ഐക്യദാർഢ്യമാണു വേണ്ടതെന്ന്; വിധി കൽപ്പിക്കുകയല്ല, രക്ഷിക്കുന്ന സ്നേഹമാവുകയാണു ദൈവികമെന്ന്. ദൈവശാസ്ത്രജ്ഞനായ ജോസഫ് റാറ്റ്സിംഗർ “ക്രിസ്തുമതത്തിനൊരു ആമുഖം” എന്ന തന്റെ ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതി: “സഭ എന്നതു മനുഷ്യന്റെ ദുഃരവസ്ഥയിലേക്കുള്ള ദൈവത്തിന്റെ ഇറങ്ങിവരവ് അല്ലേ? പാപികളോടൊത്തു വിരുന്നിനിരിക്കുന്ന ഈശോയുടെ സ്നേഹശീലത്തിന്റെ തുടർച്ചയല്ലേ? സ്വയം പാപമാകുവോളം പാപത്തോടൊത്തുള്ള അവന്റെ ഇടപഴക

ലല്ലേ?" സഭയെ സംബന്ധിച്ചിടത്തോളം വിശുദ്ധി എന്നതു, അശുദ്ധിയിൽനിന്നു പാലിക്കുന്ന ഔദ്ധത്യത്തിന്റെ അകലമല്ല, മറിച്ച്, പാപത്തെയും പരിവർത്തനപ്പെടുത്താനുതകുന്ന സ്നേഹത്തിന്റെ ഇടപഴകലാണ്! ലോകത്തിന്റെ പാപം വഹിക്കുന്ന കുഞ്ഞാടിന്റെ വിശുദ്ധിയിലാശ്രയിച്ച് പാപികളിൽ ഒന്നാമനാണു തങ്ങളോരോരുത്തരും എന്ന ബോധ്യത്തോടെ പാപികളെ സഹാനുഭൂതിയോടെ കാണുന്ന നിലപാടെടുക്കുന്ന വിശ്വാസികളുടെ കൂട്ടായ്മയാണു സഭ.

അശുദ്ധിയോടുള്ള അസ്പൃശ്യതയില്ലാതെ സഹാനുഭൂതിയോടെയുള്ള നിലപാടെടുക്കുന്നതാണ് വിശുദ്ധി എന്നതു തെല്ലൊന്നുമല്ല നമ്മെ ആശ്വസിപ്പിക്കുന്നത്! കറകളോ ചുളിവുകളോ ഇല്ലാത്ത, നമ്മെ അഗ്നിസ്ഫുടം ചെയ്തെടുക്കുന്ന വിധിയാളനായ പരിശുദ്ധനെക്കുറിച്ചുള്ള ചിന്തതന്നെ നമ്മെ ഭയപ്പെടുത്തില്ലേ? പാപമില്ലാത്തവരുടെ കൂട്ടായ്മയായല്ല, വീഴ്ചകളിൽ അനുതപിച്ചു നിരന്തരം ദൈവത്തിങ്കലേക്ക് തിരിച്ചുവരാൻ പരിശ്രമിക്കുന്നവരുടെ ഗണമായിവേണം സഭയെ നാം മനസ്സിലാക്കാൻ. ദൈവത്തിന്റെ കരുണകൊണ്ടുമാത്രം ജീവിക്കുന്നവനാണു താനെന്ന തിരിച്ചറിവ് മറ്റുള്ളവരോട് കരുണയോടെ ഇടപെടാൻ ഓരോ വിശ്വാസിയെയും പ്രേരിപ്പിക്കും. ഈ മനോഭാവം സഭയിലാകമാനം പടരുമ്പോൾ, മടങ്ങിവരാൻ പ്രേരിപ്പിക്കുന്ന, ആരെയും വിധിക്കാത്ത, അനുതപിക്കുന്ന പാപിയെക്കുറിച്ചു സന്തോഷിക്കുന്നവരുടെ ഗണമായ കരുണയുടെ കൂടാരമായി സഭ മാറും.

അതേസമയംതന്നെ, പാപിയോടുള്ള അനുകമ്പാപൂർണ്ണമായ സമീപനം പാപത്തോടുള്ള വിട്ടുവീഴ്ചയായി വ്യാഖ്യാനിക്കപ്പെടാൻ ഇടയാകരുത്. പാപിയെയും പാപത്തെയും വേർതിരിച്ചുകാണാൻ നമുക്കു കഴിയണം. ചെയ്തുപോയ പാപത്തെക്കുറിച്ചു അനുതപിക്കുന്ന, ദൈവത്തിങ്കലേക്കു തിരികെവരാൻ തയ്യാറാവുന്ന പാപിയെക്കുറിച്ചു സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകുമെന്നു (ലൂക്കാ 15,7:10) പഠിപ്പിച്ച കർത്താവുതന്നെയാണ് "നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ"(മത്താ 5,48) എന്നും കല്പ്പിച്ചത് എന്നതു മറക്കാതിരിക്കാം. അനേകർ തിരഞ്ഞെടുക്കുന്ന ലോകത്തിന്റെ വിശാലമായ വാതിലല്ല, ഇടുങ്ങിയ വാതിലാണ് സ്വർഗ്ഗത്തിലേക്കു നയിക്കുക. (മത്താ 7,13:14;

ലൂക്കാ 13,24). സ്വർഗ്ഗം എന്നത് ക്ലേശങ്ങൾ സഹിച്ചു നേടിയെടു ക്കേണ്ടതാണെന്ന് (മത്താ 11,12) സഭ നിരന്തരം ഓർമിപ്പിക്കുന്നു.

### iii. സഭ ശ്ലൈഹികമാണ്

ശ്ലീഹന്മാരാകുന്ന അടിസ്ഥാനത്തിൻമേൽ സ്ഥാപിക്കപ്പെട്ടി രിക്കുന്നതുകൊണ്ടാണു സഭ ശ്ലൈഹികമാണെന്നു പറയുന്നത്.

സഭ, തന്നിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ സഹായ ത്താൽ, "നല്ല നിക്ഷേപവും" ശ്ലീഹന്മാരിൽ നിന്നുകേട്ട രക്ഷാക രവചനങ്ങളുമായ പ്രബോധനം (ശ്ലീഹ. നട. 2,42) സൂക്ഷിക്കു കയും പകർന്നുകൊടുക്കുകയും ചെയ്യുന്നു (CCC 857).

ഈശോമിശിഹായാൽ അയയ്ക്കപ്പെട്ടവനാണു "ശ്ലീഹാ". ഈശോയാകട്ടെ, പിതാവിനാൽ അയയ്ക്കപ്പെട്ടവനും. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20,21). അതിനാൽ ശ്ലീഹന്മാരുടെ ശുശ്രൂഷ അവിടുത്തെ പ്രേഷിതദൗത്യത്തിന്റെ തുടർച്ചയാണ്, പിതാവിൽനിന്നു താൻ സ്വീകരിച്ച പ്രേഷിതദൗത്യത്തോട് ഈശോ അവരെ ബന്ധിപ്പി ക്കുന്നു. "പുത്രനു തനിയേ ഒന്നും ചെയ്യാൻ കഴിവില്ല" (യോഹ 5,19). അതുപോലെതന്നെ ഈശോ അയയ്ക്കുന്നവർക്കും അവി ടുത്തെക്കൂടാതെ ഒന്നും ചെയ്യാൻ സാധ്യമല്ല (യോഹ 15,5). ഈശോയിൽനിന്നാണ് അവർ തങ്ങളുടെ ദൗത്യത്തിനുള്ള കല്പ നയും അതു നിർവഹിക്കുവാനുള്ള അധികാരവും സ്വീകരിച്ചത്. പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരും (2 കോറി 3,6) ദൈവത്തിന്റെ സേവകരും (2 കോറി 6,4) മിശിഹായുടെ സ്ഥാനപതികളും (2 കോറി 5,20) മിശിഹായുടെ സേവകരും ദൈവരഹസ്യങ്ങളുടെ കാര്യസ്ഥന്മാരും (1 കോറി 4,1) ആയിരിക്കുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണു തങ്ങളെന്നു ഈശോയുടെ ശ്ലീഹന്മാർ അറിഞ്ഞിരുന്നു.

ശ്ലീഹന്മാരുടെ പിൻഗാമികളാണു മെത്രാന്മാർ. തങ്ങൾ സ്വീകരിച്ച വിശ്വാസ നിക്ഷേപത്തെ കുറവുകൂടാതെയും തെറ്റു കൂടാതെയും പഠിപ്പിക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്യുന്ന വിശ്വസ്തദാസരാകണം അവർ. സത്യത്തിനു സാക്ഷ്യംവഹിക്കു ന്നവരായ മെത്രാന്മാരോടു ചേർന്നുനിൽക്കുന്നവർ അവരെ അയ ച്ചവനോടു തന്നെയാണു ചേർന്നുനിൽക്കുന്നത്. "മെത്രാന്മാർ ദൈവികനിയോഗത്താൽത്തന്നെ, സഭയുടെ അജപാലകന്മാരെന്ന നിലയിൽ, ശ്ലീഹന്മാർക്കു പകരംനിൽക്കുന്നു. അതുകൊണ്ട് അവരെ കേൾക്കുന്നവർ ഈശോയെ കേൾക്കുന്നു. അവരെ നിര

സിക്കുന്നവർ മിശിഹായെയും മിശിഹായെ അയച്ചവനെയും നിര സിക്കുന്നു" (തിരുസ്സഭ, നമ്പർ 20).

വിശ്വാസികളെന്ന നിലയിൽ നമുക്കു കൈമാറ്റം ചെയ്യപ്പെട്ടു കിട്ടിയ വിശ്വാസനിക്ഷേപത്തോട് വിട്ടുവീഴ്ചയില്ലാത്ത വിശ്വ സ്തത പുലർത്താൻ നമുക്കാവണം. 1 കോറി 15, 3-ൽ വി. പൗലോസ് ശ്ലീഹാ ഇതേക്കുറിച്ചോർമ്മപ്പെടുത്തുന്നുണ്ട്. "എനിക്കു ലഭിച്ചത് സർവ്വപ്രധാനമായി കരുതി" എന്നാണ് പ്രസ്തുത വാക്യത്തിലെ ആദ്യഭാഗം. അടുത്ത ഭാഗത്ത് "ഞാൻ നിങ്ങൾക്ക് ഏല്പിച്ചുതന്നു" എന്നും. പൗലോസ് ശ്ലീഹാ, വിശ്വാസനിക്ഷേപത്തെ സ്വീകരിക്കുന്നതിലും വിശ്വസ്തത യോടെ അതു കൈമാറ്റം ചെയ്യുന്നതിലുമുള്ള സഭാശൃംഖലയിലെ തന്റെ ദൗത്യം അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയാണിവിടെ. ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ ദൗത്യത്തെ, പൗരസ്ത്യസഭകളിലെ മെത്രാന്മാരുടേത് പ്രത്യേകിച്ചും, നമുക്ക് ഈ വാക്യത്തിൽ ദർശിക്കാനാവും. സഭയിൽ കൈമാറ്റം ചെയ്യ പ്പെട്ടു കിട്ടുന്ന വിശ്വാസനിക്ഷേപത്തിന്റെ കാര്യസ്ഥരും സൂക്ഷി പ്പുകാരും പ്രാഥമികമായി മെത്രാന്മാരാണ്. ഇതാകട്ടെ, മെത്രാൻ പിതാവും തലവനുമായിരിക്കുന്ന പ്രാദേശികസഭയുമായി അഭേ ദ്യമായി ബന്ധപ്പെട്ടിരിക്കുന്നുതാനും. പ്രാദേശികസഭയാകുന്ന നിക്ഷേപാലയത്തിലാണ് പ്രസ്തുത നിക്ഷേപം നൽകപ്പെടുന്ന ത്. വിശ്വാസനിക്ഷേപത്തിന്റെ സ്വീകരണത്തിലും വിശ്വസ്തതാ പൂർവ്വമുള്ള കൈമാറ്റത്തിലും മെത്രാനോടു സഹകരിക്കേണ്ടവ രാണ് വിശ്വാസികൾ. വിശ്വസ്തതയാണിവിടെ പരമപ്രധാനം; കാരണം, അതു ദാനമായി കിട്ടിയതും അമൂല്യവുമാണ്.

വ്യക്തിപരമായ തോന്നലുകളെയും പ്രചോദനങ്ങളെയുമ ല്ല, ശ്ലീഹന്മാരിലൂടെ കൈമാറ്റം ചെയ്യപ്പെട്ട സത്യവിശ്വാസത്തിന്റെ നിക്ഷേപത്തെയും അതിനോടുള്ള കറകളഞ്ഞ വിശ്വസ്തതയെ യുമാണ് സഭയിൽ നാം മാനദണ്ഡമായി സ്വീകരിക്കേണ്ടത്. ചാനൽ ചർച്ചകളും ജനാധിപത്യവാദങ്ങളും അരങ്ങു തകർക്കു ന്നിടത്ത് ദൈവാധിപത്യം തമസ്ക്കരിക്കപ്പെടാൻ ഇടയാകുമെ ന്നത് നമുക്കു മറക്കാതിരിക്കാം.

### iv. സഭ സാർവ്വത്രികമാണ്/കാതോലികമാണ്

മിശിഹാ സഭയിൽ സന്നിഹിതനായിരിക്കുകയാൽ സഭ സാർവ്വത്രികമാണ്. ഈശോമിശിഹാ എവിടെ സന്നിഹിത നാണോ അവിടെയാണു കത്തോലിക്കാസഭ (CCC 830). മനു

ഷ്യവർഗ്ഗം മുഴുവനുവേണ്ടിയുള്ള ഒരു ദൗത്യവുമായി മിശിഹാ യാൽ അയയ്ക്കപ്പെട്ടിരിക്കുന്നതുകൊണ്ടു സഭ കാതോലികമാണ് (CCC 831).

ഓരോ പ്രാദേശികസഭയും കാതോലികമാണ്. "നിയമാനു സൃതം സംഘടിപ്പിക്കപ്പെടുകയും തങ്ങളുടെ ഇടയന്മാരുമായി ഐക്യത്തിൽ വസിക്കുകയും ചെയ്യുന്ന വിശ്വാസികളുടെ എല്ലാ പ്രാദേശിക സമൂഹങ്ങളിലും മിശിഹായുടെ സഭ യഥാർത്ഥത്തിൽ സന്നിഹിതമാണ്. അത്തരം സമൂഹങ്ങളെ പുതിയനിയമം സമു ചിതമായി സഭകളെന്നു വിളിക്കുന്നു" (തിരുസ്സഭ, നമ്പർ 26). ഈ പ്രാദേശികസഭകൾ സാർവ്വത്രികസഭയുടെ മാതൃകയിൽ രൂപീ കരിക്കപ്പെടുന്നു. ഇവയിലും ഇവയിലൂടെയുമാണ് ഏകവും അന ന്യവുമായ കത്തോലിക്കാസഭ നിലനിൽക്കുന്നത് (തിരുസ്സഭ, നമ്പർ 23). വി. പത്രോസിന്റെ സിംഹാസനവുമായുള്ള കൂട്ടാ യ്മയും പ്രാദേശികസഭകളുടെ കാതോലികതയെ നിർണ്ണയിക്കു ന്നതിൽ പ്രധാനമാണ്.

ചുരുക്കത്തിൽ 'ലോകം മുഴുവനിലുമുള്ളത്' എന്ന അർത്ഥ ത്തിലും 'പ്രാദേശിക സഭയിലുള്ള മിശിഹായുടെ സഭയുടെ സാന്നിധ്യത്തിന്റെ സമഗ്രത' മൂലവും സഭ സാർവ്വത്രികമാണ്/ കാതോലികമാണ് എന്നു പറയാം.

## 3. തിരുസ്സഭയിലെ അംഗത്വം സീറോ മലബാർ സഭയിലൂടെ

സീറോ മലബാർ സഭയിലെ ഒരംഗം എന്ന നിലയിലാണ് നാമോരുത്തരും തിരുസ്സഭയിലെ അംഗമായിത്തീരുന്നത്. അങ്ങ നെയെങ്കിൽ തിരുസ്സഭയോടുള്ള സ്നേഹവും വിശ്വസ്തതയും നമ്മുടെ മാതൃസഭയായ സീറോ മലബാർ സഭയോടുള്ള സ്നേഹവും വിശ്വസ്തയുമാണെന്നു വരുന്നു. മാർതോമ്മാശ്ലീഹാ യാൽ അടിസ്ഥാനമിടപ്പെട്ട, തോമാമാർഗ്ഗം പിൻതുടരുന്ന വ്യക്തി സഭയെന്ന നിലയിൽ സീറോ മലബാർ സഭയുടെ അമൂല്യമായ പൈതൃകത്തെക്കുറിച്ചറിയാനും അതു സാർവ്വത്രികസഭ യുടെതന്നെ പൈതൃകസമ്പത്താണെന്നു കരുതി അഭംഗുരം പരി പാലിക്കാനും നമുക്കു കഴിയണം.

ഇന്നത്തെ സഭയിൽ സ്വത്വബോധം കുറഞ്ഞുവരികയാ ണെന്നു കാണാം. ആഗോള സഭയുടെ അംഗമാണ്, ഏതെങ്കിലും വ്യക്തിസഭയുടെ ഭാഗമല്ല താനെന്നു വീമ്പിളക്കുന്നവരേയും കാണാനിടയായിട്ടുണ്ട്. ആഗോളപൗരത്വവും ഏകഭാഷയുമാണു വേണ്ടതെന്ന ചിന്താഗതിക്കാരുടെ സഭയിലെ പതിപ്പാണെന്നു

തോന്നുന്നു ഇത്തരക്കാർ. എന്നാൽ 24 വ്യക്തിസഭകളിൽ ഏതെങ്കിലും ഒന്നിന്റെ അംഗമാവാതെ ആർക്കും കത്തോലിക്കാസഭയിലെ അംഗമാവാൻ സാധിക്കില്ല. സീറോ മലബാർ സഭയുടെ അംഗമായിരുന്നുകൊണ്ടും, രണ്ടായിരത്തോളം വർഷം പാരമ്പര്യമുള്ള അവളുടെ ശ്ലൈഹികപിന്തുടർച്ചയെ ആദരപൂർവ്വം വീക്ഷിച്ചുകൊണ്ടുമാണ് നാം ഈ സ്വത്വബോധത്തെ വളർത്തിയെടുക്കേണ്ടത്.

കാലങ്ങളുടെയും വ്യക്തികളുടെയും സാഹചര്യങ്ങളാൽ അനുചിതമായി വ്യതിചലിച്ചിട്ടുണ്ടെങ്കിൽ പൂർവികപാരമ്പര്യങ്ങളിലേക്കു തിരികെപോകാൻ തീവ്രയജ്ഞം ചെയ്യണമെന്നാണു രണ്ടാം വത്തിക്കാൻ കൗൺസിൽ ആഹ്വാനം ചെയ്യുന്നത് (പൗരസ്ത്യസഭകൾ, നമ്പർ 6). ശരിയായ പൈതൃകം എന്തെന്ന് മനസ്സിലാക്കിയവർക്കേ അതിൽനിന്നു വ്യതിചലനം ഉണ്ടായിട്ടുണ്ടോ എന്ന് വിലയിരുത്താനാവൂ. ചരിത്രപഠനത്തിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. സീറോ മലബാർസഭയുടെ സവിശേഷമായ ചരിത്രപശ്ചാത്തലത്തിൽ, പോർച്ചുഗീസുകാരുടെ ആഗമനവും തുടർന്ന് നടന്ന മനഃപൂർവമോ അല്ലാത്തതോ ആയ ലത്തിനീകരണവും സഭയുടെ പൈതൃകത്തെ വളർത്തിയോ തളർത്തിയോ എന്നു നിഷ്പക്ഷമായി വിലയിരുത്താൻ നമുക്കാവണം. ലോകപൈതൃകസംരക്ഷണത്തെക്കുറിച്ചു വാചാലരാവുന്ന നാം സഭാപൈതൃകത്തെക്കുറിച്ചും അതിന്റെ സംരക്ഷണത്തെക്കുറിച്ചും നിശബ്ദത പാലിക്കുന്നത് ഇരട്ടത്താപ്പല്ലേ?

ക്രിയാത്മകവിമർശനങ്ങൾക്ക് സഭയിൽ എന്നും പ്രസക്തിയുണ്ട്. എന്നാൽ വിമർശനം നടത്തുന്നവർ, തങ്ങളും കുറവുകളുള്ള ഈ സഭയുടെ മക്കളാണ് എന്ന ബോധ്യത്തിലാവണം വിമർശിക്കേണ്ടത് എന്നു മാത്രം. പലപ്പോഴും സഭയ്ക്കു പുറത്തുള്ളവർ പാലിക്കുന്ന മര്യാദപോലും സഭാതനയർ ഇക്കാര്യത്തിൽ പുലർത്താറില്ല എന്നതല്ലേ വാസ്തവം? സഭ നമ്മുടെ അമ്മയാണെന്നും നമ്മൾ അവളുടെ തനയരാണെന്നും മറക്കുന്നിടത്ത് വിമർശനങ്ങൾ ദുഷ്ടലാക്കോടെയാവുന്നു. സഭയാകുന്ന ശരീരത്തെ പടുത്തുയർത്താൻ (എഫേ4,12) ഉതകുന്നതാണോ എന്റെ നിലപാടുകൾ എന്ന വിലയിരുത്തലാവണം നാമോരോരുത്തരുടെയും സഭാത്മകജീവിതത്തിന്റെ മാറ്റ് പരിശോധിക്കുന്ന ഉരകല്ല്.

തോമാമാർഗ്ഗം പിന്തുടരുന്ന ഇതര സഹോദരീസഭകളോ

ടുള്ള ആദരവും അവരിൽനിന്നു പഠിക്കാനുള്ള മനസ്സിന്റെ തുറവും സഭൈക്യത്തിനായുള്ള ആഗ്രഹവും പരിശ്രമവും മാർത്തോമ്മാ നസ്രാണികളിലെ ഗണ്യവിഭാഗമായ സീറോ മലബാർ സഭാംഗങ്ങളിൽ നിന്നാണ് ഏറ്റമാദ്യം ഉണ്ടാവേണ്ടത് എന്നതും ഇത്തരുണത്തിൽ നാം പ്രത്യേകം ഓർമ്മിക്കണം. ശരിയായ പൈതൃകസംരക്ഷണ പരിശ്രമങ്ങൾക്ക് ഭിന്നമായ ഒരു നിലപാട് സാധ്യമല്ല.

**ഉപസംഹാരം**

ചുരുക്കത്തിൽ, സഭ എന്ന മധ്യവർത്തിയിലൂടെയല്ലാതെ വിശ്വാസിക്കു രക്ഷ പ്രാപിക്കുക സാധ്യമല്ല. ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമാണു വ്യക്തിസഭകളുടെ കൂട്ടായ്മയായ സഭ. സഭയിലെ വൈവിധ്യം ഐക്യത്തെ തളർത്തുകയല്ല, വളർത്തുകയാണ്. വ്യക്തിസഭകളുടെ വൈവിധ്യത്തിന്റെ ഘടകമാണു റീത്ത്. വ്യക്തിസഭകളുടെ പൈതൃകസംരക്ഷണത്തിന്റെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം പ്രാദേശിക സഭകളുടെ തലവന്മാരായ മെത്രാന്മാരിൽ നിക്ഷിപ്തമായിരിക്കുന്നു. ഉടമസ്ഥനെന്ന നിലയിലല്ല, കാര്യസ്ഥരെന്ന നിലയിലാണു വിശ്വസ്തതാപൂർവം അവർ അതു നിർവഹിക്കേണ്ടത്.

ഈ ദൗത്യനിർവഹണത്തിൽ മെത്രാന്മാരെ സഹായിക്കുകയാണ് വിശ്വാസികളുടെ ചുമതല. സീറോമലബാർ സഭാംഗങ്ങളെന്ന നിലയിൽ പ്രസ്തുത സഭയുടെ വ്യക്തിത്വം സംരക്ഷിക്കുന്നുവഴിയാണ് ആഗോള കത്തോലിക്കാസഭയുടെ വളർച്ചയിൽ നാം ഭാഗഭാക്കുകളാകുന്നത്. ഇതു നമ്മുടെ ഔദാര്യമല്ല; കടമയാണ്.